نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

പുസ്തകം 70

ലക്കം 10

■

ഒക്ടോബർ 2002

ഇഖാഅ് 1381

റജബ് - ശഅ്ബാൻ 1423

■



ചീഫ് എഡിറ്റർ

മുഹമ്മദ് ഉമർ എച്ച്. ഏ.

■

എഡിറ്റർ

ഏ. എം. മുഹമ്മദ് സലിം

■

എഡിറ്റോറിയൽ ബോർഡ്

പ്രൊഫ. മഹ്മൂദ് അഹ്മദ്

(ചെയർമാൻ)

കെ. വി. ഈസക്കോയ

കെ. വി. ഹസ്സൻ കോയ

പി. എം. സലിം

പി. എം. ബഷീർ അഹ്മദ്

■

സെക്രട്ടറി പീരിയോഡിക്കൽസ്

പി. എം. അഹ്മദ് ഹസ്സൻ

■

മാനേജർ

എം. കെ. ഇമ്പിച്ചിക്കോയട്ടി

■

സർക്കുലേഷൻ മാനേജർ

എസ്. മുഹമ്മദ് സലിം

■



വരിസംഖ്യ - 100 ക.

ഒറ്റപ്രതി - 10 ക.

■

വിലാസം

**സത്യദൂതൻ**

**ജി. എച്ച്. റോഡ്**

**കോഴിക്കോട്.**


لا اله الا الله محمد رسول الله

# സത്യദൂതൻ

**വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം


4 *യുഗശബ്ദം*

6 *യഅ്ജൂജ് മഅ്ജൂജ്*
**ഹസ്‌റത്ത് അഹ്മദ് (അ)**

8 *ഇറാഖ് ആക്രമണത്തിന്റെ നിഗൂഢലക്ഷ്യങ്ങൾ*
**ഹസ്‌റത്ത് മിർസാ ത്വാഹിർ അഹ്മദ്**

11 *അറബികളുടെ ദുരവസ്ഥ പ്രവചനങ്ങളുടെ സാക്ഷാത്കാരം*
**മുഹമ്മദ് അബുൽ വഫാ**

13 *പുറപ്പാടിന്റെ കാലനിർണ്ണയം*
**ഫരീദ**

19 *നീതിപാലനവും പൊറുത്തുകൊടുക്കലും*
**ഹസ്‌റത്ത് മിർസാ ത്വാഹിർ അഹ്മദ്**

22 *ഒരു നൊബേൽ സമ്മാനജേതാവും രണ്ട് ശാസ്ത്ര സ്ഥാപനങ്ങളും*
**ടി. എ. ബക്കർ**

23 *അല്ലാഹു അയക്കുന്ന പ്രവാചകന്മാരെ വേണ്ടേന്നോ?*
**ഏ. പി. കുഞ്ഞാമു**

26 *ബിഷപ്പ് ലഫ്രോയിയുടെ പരാജയവും ഇസ്‌ലാമിന്റെ വ്യക്തമായ വിജയവും*
**മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്**

30 *ഒരു നൂറ്റാണ്ട് തികഞ്ഞ 'റിവ്യൂ ഓഫ് റിലീജ്യൻസ്'*
**അബൂരിസ്‌വാൻ**

31 *സംഭ്രമം സൃഷ്ടിക്കുന്ന മൂല്യച്ച്യുതി*
**കെ. പി. അഹ്മദ്**

33 *ഇഅ്ജാസെ അഹ്മദി*
**മുഹമ്മദ് ഉമർ എച്ച്. ഏ.**

36 *കുറിപ്പുകൾ*

42 *വാർത്തകൾ*


*മുഖചിത്രം : ബാഗ്ദാദിലെ ചരിത്രപ്രസിദ്ധമായ ഖാദിമൈൻ പള്ളിയുടെ പ്രഭാതദൃശ്യം*


Printed & Published by Dr. B. Mansoor Ahmad for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Saleem. Typeset, Layout & Cover Design : Carrot, Calicut

## ഖുർആനിൽ നിന്ന്

അന്ന് അവരിൽ ചിലരെ മറ്റു ചിലർക്കെതിരിൽ തിരമാലകൾ കണക്കെ അടിച്ചുകയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ടു നാം അവരെയെല്ലാവരേയും ഒരുമിച്ചു കൂട്ടുകയും ചെയ്യും. അന്നാളിൽ അവിശ്വാസികളുടെ മുന്നിൽ നരകത്തെ ശരിയാംവണ്ണം നാം പ്രദർശിപ്പിക്കും. (18:100,101)

## നബിവചനം

"ജഹ്ശിന്റെ മകൾ സൈനബ് (റ) എന്നിവരിൽനിന്നു നിവേദനം. ഒരു ദിവസം നബിതിരുമേനി (സ) സംഭീതനായി അവരുടെ അടുക്കൽ പ്രവേശിച്ചു. തിരുമേനി ഇങ്ങനെ അരുളിച്ചെയ്തു: 'അല്ലാഹുവല്ലാതെ വേറെ ആരാധ്യനാരുമില്ല, ആസന്നമായിരിക്കുന്ന വിപത്തുകാരണം അറബികൾക്ക് മഹാനാശം! ഇന്നേദിവസം യഅ്ജൂജ് മഅ്ജൂജിന്റെ മതിൽക്കെട്ടിൽ ഇത്രയളവിൽ വിടവുണ്ടാക്കപ്പെട്ടിരിക്കുന്നു." (ഇത്രയെന്നുപറഞ്ഞുകൊണ്ട്) നബിതിരുമേനി തന്റെ പെരുവിരലും തൊട്ടടുത്ത വിരലും കൊണ്ട് ഒരു വൃത്തം രൂപപ്പെടുത്തി കാണിച്ചു. സൈനബ (റ) പറയുന്നു: അപ്പോൾ ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിൽ സജ്ജനങ്ങളുണ്ടായിരിക്കെ ഞങ്ങൾ നശിപ്പിക്കപ്പെടുമോ? നബിതിരുമേനി പ്രതിവചിച്ചു: അതെ, (നശിപ്പിക്കപ്പെടും) തിൻമകൾ അധികമായാൽ". (ബുഖാരി)

## യുഗശബ്ദം

വാഗ്ദത്ത മസീഹിന്റെ കാലത്തു വെളിപ്പെടുവാൻ വിധിക്കപ്പെട്ട ആ വിപത്തുകളിൽ ഏറ്റവും വലുത് 'യഅ്ജൂജ് മഅ്ജൂജി'ന്റെയും ശപിക്കപ്പെട്ട ദജ്ജാലിന്റെയും പുറപ്പാട് ആകുന്നു. അവർ മുസൽമാൻമ്മാർക്ക് വേണ്ടി, പ്രിയംകരനായ ദൈവത്തിൽനിന്നുള്ള അകൽച്ചയുടെയും അനുസരണക്കേടിന്റെയും കാലത്ത്, പ്രത്യക്ഷപ്പെടുന്നതും മുസൽമാന്മാരെ സംബന്ധിച്ചിടത്തോളം കഠിന കഷ്ടപ്പാടുകൾക്ക് കാരണമായിരിക്കുന്നതും ആണ്. എപ്രകാരം യഹൂദികൾക്ക് ചരിത്രപരമായ കഷ്ടപ്പാടുകൾ വന്നിറങ്ങിയിരുന്നുവോ അപ്രകാരം തന്നെ മുസ്ലിംകളിലും (വാഗ്ദത്ത മസീഹിനെയും ജമാഅത്തിനെയും കഠിനമായ ദുഃഖമേൽപിച്ചതു കാരണം) കടുത്ത കഷ്ടപ്പാടുകൾ ഇറങ്ങുന്നതായിരിക്കും.



യഅ്ജൂജ് മഅ്ജൂജ് തങ്ങളുടെ യുദ്ധങ്ങളിലും കണ്ടുപിടിത്തങ്ങളിലും അഗ്നി അഥവാ, തീ ഉപയോഗപ്പെടുത്തുന്ന രണ്ടു ജനതകളാണെന്നു അറിഞ്ഞുകൊൾവിൻ. ഈ രണ്ടു ശക്തികളും തീ ഉപയോഗിക്കുന്നതു കൊണ്ടാണ് അവർക്ക് യഅ്ജൂജ് എന്ന പേർ ഉണ്ടായത്. തീജ്വാലകളുയർത്തുകയെന്നത് അഗ്നിയുടെ ഗുണമാണല്ലോ. അവരുടെ യുദ്ധങ്ങളിൽ അഗ്നിയുടെ അടിസ്ഥാനഘടകങ്ങൾ ഉപയോഗപ്പെടുത്തുന്നതിനാൽ അവർ ലോകത്തുള്ള എല്ലാ ജനതകളെയും മറച്ചുകളയുന്നതും അവരെ യാതൊരു മലയ്ക്കും കടലിനും തടയാനാവാത്തതുമത്രെ. രാജാക്കന്മാർ (രാഷ്ട്രത്തലവൻമാർ) അവരുടെ മുമ്പാകെ ഭയം നിമിത്തം അനുസരണത്തിന്നു നിർബ്ബന്ധിതരായിരിക്കുന്നതുമാണ്. ആരും തന്നെ അവരെ നേരിടാൻ പ്രാപ്തരായിരിക്കില്ല. അവർ ഒരു നിശ്ചിത കാലയളവോളം സകലരെയും തങ്ങളുടെ ചവിട്ടടിയിൽ ഞെരുക്കിക്കളയുന്നതുമാണ്. ഈ രണ്ടു കല്ലുകളുടെയും ഇടയിൽപെടുന്നതു ആരായാലും എത്ര വലിയ രാഷ്ട്രീയാധികാരം അവർക്കുണ്ടായാലും ധാന്യപ്പൊടി പോലെ ധൂളീകരിക്കപ്പെടുകയും ആ രണ്ടു വൻശക്തികൾ കാരണം ഭൂമിയിൽ വലുതായ പ്രകമ്പനങ്ങൾ അനുഭവപ്പെടുകയും ചെയ്യും. പർവ്വതങ്ങളും പർവ്വതതുല്യമായ ശക്തികളും കുലുങ്ങിപ്പോകുകയും അധർമ്മം പരക്കുകയും ചെയ്യുന്നതാണ്. അന്നാളുകളിൽ യാതൊരു പ്രാർത്ഥനയും കേൾക്കപ്പെടുന്നതല്ല. യാതൊരു ആവലാതിയും ദൈവത്തിന്റെ ദിവ്യസവിധത്തിലോളം എത്തുകയുമില്ല. മുസ്ലിംകളുടെമേൽ അവരുടെ മുതലുകളെയും ഐശ്വര്യത്തെയും പ്രതാപങ്ങളെയും തിന്നുകളയുന്ന ദുരിതങ്ങൾ വന്നുപതിക്കും. മുസ്ലിം രാജാക്കന്മാരുടെ മറഞ്ഞുകിടക്കുന്നതും മറച്ചുവെച്ചതുമായ രീതിമുറകളും രഹസ്യങ്ങളും കണ്ടെത്തപ്പെടുകയും ജനങ്ങളുടെ മുമ്പിൽ വെളിപ്പെടുമാറാകുകയും ചെയ്യും. അവർ ദൈവകൽപ്പനകൾ ലംഘിക്കുന്നതിനാലും പാപകർമ്മങ്ങൾ ചെയ്യുന്നതിനാലും ദൈവത്തിന്റെ ക്രോധത്തിന്നു പാത്രീഭൂതരായിരിക്കും. അവരുടെ പ്രഭാവവും ഐശ്വര്യവും പ്രതാപഗരിമകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കും. (ഖുത്ബ ഇൽഹാമിയ്യ)

**മുഖക്കുറിപ്പ്**

# യുദ്ധവും യുദ്ധശ്രുതിയും

ഏകലോകം സംജാതമായാൽ ജനതകൾ ജനങ്ങൾക്കെതിരായും രാഷ്ട്രങ്ങൾ രാഷ്ട്രങ്ങൾക്കെതിരായും രണോത്സുകരായി പുറപ്പെടുന്ന ഒരു കാലം വരുമെന്ന് ഖുർആൻ പറയുന്നു.

“ഭൂമിയിൽ വസിക്കുന്നവരെ (പരസ്പരം കലഹിക്കാൻ) പുറപ്പെടുന്നവരായി നീ കാണുകയും നാം അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്ന നാളിൽ. അപ്പോൾ അവരിൽ ഒരാളേയും നാം വിട്ടുകളയുകയില്ല” (18:48). അവസാനകാലത്ത് യുദ്ധങ്ങളെയും യുദ്ധശ്രുതികളെയുംപറ്റി കേൾക്കാമെന്ന് ബൈബിളിലും (മത്താ: 24:6) കാണാം. മനുഷ്യനെ പലമടങ്ങ് നശിപ്പിക്കാൻ ശേഷിയുള്ള ആയുധങ്ങൾ കൈയിൽവെച്ച് ഭൂമിയും സമ്പത്തും വെട്ടിപ്പിടിക്കാൻ വേണ്ടി തങ്ങളുടെ സഹജീവികളുടെ ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്നവരാണ് യുദ്ധവെറിയന്മാർ. ഐഹികജീവിതം നൈമിഷികവും വെറുമൊരു സുഖാനുഭൂതിയും മാത്രമാണെന്ന അനിഷേധ്യ യാഥാർത്ഥ്യം അവർ മറക്കുന്നു. വിശുദ്ധഖുർആൻ പറയുന്നു:

“ഐഹിക ജീവിതംകൊണ്ട് അവർ ആഹ്ലാദം കൊള്ളുന്നു. എന്നാൽ പരലോകത്തെ അപേക്ഷിച്ച് ഐഹികജീവിതം സുഖാനുഭൂതി മാത്രമാണ്” (13:27)

ഭൗതിക വിഭവങ്ങൾ കൈയ്യടക്കാനുള്ള ഒടുങ്ങാത്ത അത്യാർത്തിയിൽ സർവ്വസന്നാഹങ്ങളോടെയുള്ള ഒരു മത്സരത്തിൽ വൻശക്തികൾ ഏർപ്പെട്ടിരിക്കുകയാണ്. മരണത്തോടെ അവസാനിക്കുന്ന ജീവിതത്തിന്റെ മൗലികമായ സാരത്തിൽ അശ്രദ്ധരായ അവരുടെ ഈ കിടമത്സരം നരകത്തെ വിളിച്ചുവരുത്തുമെന്ന് ഖുർആൻ പറയുന്നു.

“(ഭൗതിക നേട്ടങ്ങളുടെ) വർദ്ധനവിന് വേണ്ടിയുള്ള മാത്സര്യം നിങ്ങളെ അശ്രദ്ധരാക്കിയിരിക്കുന്നു. നിങ്ങൾ ശ്മശാനങ്ങൾ (സർവ്വനാശം) സന്ദർശിക്കുന്നത് വരെ തീർച്ചയായും നിങ്ങൾ നരകത്തെ (ഈ ജീവിതത്തിൽ) കാണും” (102:2-7).

വിവിധ ജനവർഗ്ഗങ്ങളെ സൃഷ്ടിച്ച് മനുഷ്യസമൂഹത്തിന് വൈവിധ്യങ്ങൾ നൽകി വർണശബളമാക്കിയ ദൈവം മനുഷ്യൻ സമാധാനത്തിൽ വർത്തിക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ ദുഷ്ടശക്തികൾ ലോകത്ത് നിരന്തരം യുദ്ധത്തീ കൊളുത്തുകയാണ് ചെയ്യുന്നത്. ഖുർആൻ പറയുന്നു:

“അവർ യുദ്ധത്തിന്നുള്ള തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിന് വേണ്ടി അവർ ഓടിനടക്കുകയാണ്. അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുകയില്ല” (5:65).

പക്ഷേ, ഭൗതികാർത്തി വർധിച്ച് മനുഷ്യന്ന് പാപങ്ങളെ ചെറുക്കാനുള്ള ധാർമ്മിക പ്രതിരോധ ശക്തി ക്ഷയിക്കുമ്പോൾ ദുഷ്ടശക്തികൾ കൊളുത്തുന്ന യുദ്ധത്തീ ആളിക്കത്തുകയും മനുഷ്യൻ അത് അനുഭവിക്കുകയും ചെയ്യുന്നു.

യുദ്ധോത്സുകരായി നാരകീയ ആയുധങ്ങൾ ഉത്പാദിപ്പിക്കുകയും കൈവശം വെക്കുകയും അതിന്റെ നശീകരണശേഷിയിൽ അഹങ്കരിക്കുകയും ചെയ്യുന്ന അഗ്നിയുടെ ഉൽപ്പാദകരുടെ വിധി നാശമായിരിക്കുമെന്ന് ഖുർആൻ മനുഷ്യനെ ഓർമ്മപ്പെടുത്തുന്നത് കാണുക.

“അബൂലഹബിന്റെ (അഗ്നിയുടെ ഉൽപ്പാദകന്റെ) ഇരുകരങ്ങളും തകരട്ടെ. അവൻതന്നെയും തകരട്ടെ. അവന്റെ ധനമോ അവൻ പരിശ്രമിച്ചു സമ്പാദിച്ചതോ അവന് ഒരു പ്രയോജനവും ചെയ്യുകയില്ല. താമസിയാതെ അവൻ ജ്വാലയുള്ള അഗ്നിയിൽ പ്രവേശിക്കുന്നതാണ്; വിറകുചുമട്ടുകാരിയായ (ഇന്ധനവും വിഭവങ്ങളും നൽകി സഹായിക്കുകയും വ്യാജം പ്രചരിപ്പിച്ചുകൊണ്ട് അവനെ പിന്തുണക്കുകയും ചെയ്യുന്ന പങ്കാളികളായ സഖ്യരാഷ്ട്രങ്ങൾ) അവന്റെ ഭാര്യയും. അവളുടെ കഴുത്തിൽ ഈന്തപ്പന നാരുകൊണ്ടുള്ള കയറുണ്ട് (സഖ്യരാജ്യങ്ങളുമായുള്ള കൂട്ടുകെട്ട്)” (111:2-6).

നാശം വിതക്കുന്ന യുദ്ധത്തിൽനിന്ന് ദൈവം മാനവരാശിയെ രക്ഷിക്കട്ടെ (ആമീൻ).

# യഅ്ജൂജ് മഅ്ജൂജ്

## ഹസ്റത്ത് അഹ്മദ് (അ)

വിശുദ്ധഖുർആനിൽ എഴുതപ്പെട്ടിട്ടുള്ള ഈ വിവരങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ആഗമനകാലത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. 'യഅ്ജൂജ് മഅ്ജൂ'ജിന്റെ വിവരങ്ങൾക്ക് കീഴിൽ ഇതെഴുതീട്ടുള്ളതും അതുകൊണ്ടുതന്നെയാകുന്നു. 'യഅ്ജൂജ് മഅ്ജൂജ്' (Gog Magog) രണ്ടു നേതാക്കളാണ്. അതിനെപ്പറ്റി പൂർവ്വികഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അവർ അജീജ് അതായത് അഗ്നികൊണ്ടു പലതും കാട്ടിക്കൂട്ടും എന്നതിനാലാണ് ഈ പേർ അവർക്ക് ലഭിച്ചത്. ഭൂമിയിൽ അവർക്ക് വലുതായ വിജയങ്ങളും ലഭിക്കും. എല്ലാ ഉയരങ്ങളുടെയും ഉടമസ്ഥരായി ത്തീരും അവർ. അപ്പോൾ അതേകാലത്ത് തന്നെ സ്വർഗ്ഗത്ത് നിന്നു വലുതായ പരിവർത്തനത്തിനുള്ള ഏർപ്പാടുകളും സജ്ജമാകും. സമാധാനത്തിന്റെയും ശാന്തിയുടെയും ദാനം വെളിപ്പെടുമാറാകും. ഭൂമിയിൽനിന്നു പലപല ഖനികളും ഗുപ്ത വസ്തുക്കളും എഴുന്നേൽപ്പിക്കപ്പെടുമെന്ന് വിശുദ്ധഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ആ നാളുകളിൽ ആകാശത്ത് സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടാകും. ഭൂമിയിൽ പ്ലേഗ് ധാരാളമായി പടർന്നുപിടിക്കും. ഒട്ടകം നിഷ്പ്രയോജനമായി ഭവിക്കും. എന്നുവെച്ചാൽ, ഒട്ടകങ്ങളെ നിഷ്പ്രയോജനമാക്കുന്ന മറ്റൊരു യാത്രാതന്ത്രം ഉണ്ടാക്കപ്പെടും. അത് ഇപ്പോൾ നാം നോക്കിക്കാണുന്നുണ്ടല്ലോ. പണ്ടു ഒട്ടകങ്ങൾ മുഖേന കടത്തിപ്പോന്ന കച്ചവടച്ചരക്കുകളെല്ലാം ഇപ്പോൾ റയിൽമാർഗ്ഗമായി. ഹജ്ജ് ചെയ്യുന്നവർ മദീനാ മുനവ്വറയിലേക്ക് റയിൽമാർഗ്ഗം സഞ്ചരിച്ചെത്തുന്ന കാലം സമീപസ്ഥമാണ്. അന്നാളിൽ ഈ ഹദീസ് പുലരുമാറാകും.

***വലയുത്റകന്നൽ ഖിലാസു ഫലായുസ് ആ അലൈഹാ (സഹീഹ് മുസ്ലിം, കിതാബുൽ ഈമാൻ).***

ചുരുക്കത്തിൽ, അവസാന നാളുകളുടെ ഈ അടയാളങ്ങൾ എല്ലാം വെളിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ ലോകത്തിന്റെ കാലചക്രങ്ങളിൽ ഇതു അവസാനത്തെ കാലചക്രമാണെന്നു സ്ഥാപിക്കപ്പെടുന്നു. ദൈവം ആറുദിവസങ്ങളെ ഉണ്ടാക്കി. ഓരോ ദിവസവും ആയിരം കൊല്ലങ്ങളെന്നു നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ചു ലോകത്തിന്റെ വയസ്സ് ഏഴു ആയിരം ആണെന്നതു ഖുർആന്റെ ഖണ്ഡിതവചനമാണെന്ന് വ്യക്തമായി. ദൈവം ഒറ്റയാകുന്നു. അതുകൊണ്ട് ഒറ്റയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഏഴുദിവസം ഒറ്റയിൽ സൃഷ്ടിച്ചത് പ്രകാരം തന്നെ ഏഴു ആയിരവും ഒറ്റയാകുന്നു. ഈ കാരണങ്ങളാലും ഇതു അവസാനകാലവുംലോകത്തിന്റെ അവസാനത്തെ കാലചക്രവും ആണെന്നും അതിന്റെ തലയ്ക്കൽ ആണ് ദൈവിക ഗ്രന്ഥങ്ങൾ പ്രകാരം മസീഹു വരേണ്ടതെന്നും സ്ഥാപിക്കപ്പെടുന്നു. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ തന്റെ 'ഹുജ്ജുൽ കിറാമ' എന്ന ഗ്രന്ഥത്തിൽ, ഇസ്ലാമിൽ കഴിഞ്ഞുകടന്ന എല്ലാ 'അഹ്ലുൽ കശ്ഫ്'കാരും (കശ്ഫ് അഥവാ ദിവ്യ ദർശനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവർ) മഹ്ദിഹുമൗഊദിന്റെ കാലം നിശ്ചയിക്കുന്നതിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിന്നു അപ്പുറം കടന്നിട്ടില്ല. ഇപ്പോൾ ഇവിടെ വാഗ്ദത്ത മസീഹിനെ ഈ ഉമ്മത്തിൽ-സമുദായത്തിൽ-നിയോഗിച്ചതിന്നുള്ള കാരണം എന്തായിരുന്നെന്നു സ്വാഭാവികമായും ചോദ്യം ഉൽഭവിക്കുന്നുണ്ട്. ഇതിനുള്ള ഉത്തരം ഇതാണ്: തിരുനബി (സ) തന്റെ നുബുവ്വത്ത് കാലത്തിന്റെ ആദ്യത്തിലും അവസാനത്തിലുമായി ഹസ്റത്ത് മൂസാനബി (അ)യുടെ സദൃശനായിരിക്കുമെന്നു വിശുദ്ധഖുർആനിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. ആ സാദൃശ്യത്തിലെ ഒരു വശം പൂർത്തിയായത് തിരുനബിയുടെ കാലം തന്നെയായിരുന്ന ആദ്യത്തെ കാലഘട്ടത്തിൽ ആയിരുന്നു. മറ്റൊന്ന് അവസാനത്തെ കാലഘട്ടത്തിലും. അങ്ങനെ ആദ്യത്തെ സാദൃശ്യം ഇപ്രകാരം പൂർത്തിയായി: എപ്രകാരം ഹസ്റത്ത് മൂസാനബി (അ)ക്ക് അല്ലാഹു അവസാനമായി ഫിർഔന്നും അയാളുടെ സൈന്യത്തിന്നും മേൽ വിജയം നൽകിയോ അപ്രകാരം തന്നെ തിരുനബിക്കും ഒടുവിൽ അബൂജഹലിന്റെ അതായത് അക്കാലത്തെ ഫിർഔന്റെയും അയാളുടെ സൈന്യത്തിന്റെയും മേൽ വിജയം നൽകുകയും എല്ലാവരെയും നശിപ്പിച്ചുകൊണ്ട് ഇസ്ലാമിനെ അറബ് ഉപദ്വീപിൽ ഉറപ്പിക്കുകയുമുണ്ടായി. ഈ ദൈവികസഹായം മുഖേന

***ഇന്നാ അർസൽനാ ഇലയ്ക്കും റസൂലൻ ശാഹിദൻ അലയ്ക്കും കമാ അർസൽനാ ഇലാ ഫിർഔനറസൂല***

(ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേയ്ക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു.) (73:16) എന്ന പ്രവചനം പൂർത്തിയായി.

അവസാനകാലത്ത് ഈ സാദൃശ്യം ഇപ്രകാരമാണ് പുലരുന്നത്: മൂസാനബിയുടെ ജനതയുടെ അവസാനകാലത്ത് ജിഹാദിന്റെ എതിരാളിയും മതപരമായ പോരാട്ടത്തിൽ യാതൊരു താൽപര്യവും ഇല്ലാത്ത, ക്ഷമയും സഹനവും മാത്രം ഉപദേശിച്ച ആളായിരുന്ന ഒരു നബിയെ നിയോഗിച്ചു. ബനീ ഇസ്രായീലിന്റെ ധാർമ്മികത വളരെയേറെ മോശമാവുകയും അവരുടെ ചലനങ്ങളിൽ വളരെയേറെ വൈരുദ്ധ്യങ്ങൾ പ്രകടമാകുകയും ചെയ്തപ്പോൾ അവരുടെ രാജത്വങ്ങൾ അസ്തമിച്ചു തുടങ്ങുകയും ചെയ്തിരുന്നു. അവർ റോമാഭരണത്തിങ്കീഴിലായി. ഹസ്റത്ത് മൂസാനബിക്ക് ശേഷം 14 നൂറ്റാണ്ടു കൃത്യമായും പൂർത്തിയായപ്പോഴാണ് അദ്ദേഹം വെളി

പ്പെട്ടത്. അദ്ദേഹത്തിന്റെ ഇസ്രായീലി നുബുവ്വത്ത് പരമ്പര അവസാനിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു; അദ്ദേഹം ഇസ്രായീലിന് നുബുവ്വത്തിന്റെ അവസാനത്തെ ഇഷ്ടിക ആയിരുന്നു. ഇപ്രകാരംതന്നെ നബി (സ) തിരുമേനിയുടെ അവസാനകാലത്ത് മസീഹിബ്നുമർയമിന്റെ വർണ്ണത്തിലും ഗുണത്തിലും ഈയുള്ളവനെ നിയോഗിച്ചു. എന്റെ കാലത്ത് ജിഹാദിനെ മാറ്റിവെക്കുകയും ചെയ്തു. മുസ്‌ലിംകളുടെ ആന്തരീകസ്ഥിതി യഹൂദികളുടെമാതിരി വഷളായിത്തീരുകയും ആത്മീയത അവരിൽനിന്നും അപ്രത്യക്ഷമാകുകയും ആചാരവും ബാഹ്യപ്രകടനങ്ങളും മാത്രം അവശേഷിക്കുകയും ചെയ്തിരുന്നു. ഇവയെക്കുറിച്ചെല്ലാം വിശുദ്ധഖുർആൻ മുമ്പേ തന്നെ സൂചന നൽകിക്കഴിഞ്ഞിരുന്നതാണ്. അവസാനകാലത്തെ മുസ്‌ലിംകളെപ്പറ്റി ഒരിടത്തു അതു യഹൂദികളെക്കുറിച്ചു ഉപയോഗിച്ചിരുന്ന പദമാണ് ഉപയോഗിച്ചത്.

***ഫയൻളുർ കയ്ഫ തഅ്ലമൂൻ***

(അപ്പോൾ നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നു നോക്കിപ്പാർക്കാൻ-7:130)

ഇതിന്റെ അർത്ഥം ഇതാണ്: നിങ്ങൾക്ക് ഖിലാഫത്തും രാജത്വവും നൽകും. എങ്കിലും, അവസാനകാലത്ത് നിങ്ങളുടെ ദുർവൃത്തികൾ കാരണം ആ രാജത്വം നിങ്ങളിൽനിന്നും പിടിച്ചുപറ്റും, യഹൂദികളിൽനിന്ന് പിടിച്ചുപറ്റിയതുപോലെ ഇതിനുപുറമെ, 'സൂറത്തുന്നൂറി'ൽ പറഞ്ഞപ്രകാരം ബനീഇസ്രായീലിൽ ഖലീഫമാർ കഴിഞ്ഞുകടന്നതുപോലെ ആ എല്ലാ വർണ്ണഭാവങ്ങളും ഈ ഉമ്മത്തിലെ ഖലീഫമാരിലും സംഭവിക്കും. ഇസ്രായീലി ഖലീഫമാരിൽ വാളെടുത്തിട്ടില്ലാത്ത, ജിഹാദ് ചെയ്യാത്ത ഖലീഫമാർ ഉണ്ടായിരുന്നു. ഈ ഉമ്മത്തിലും ഇതേ പ്രകാരത്തിലുള്ള വാഗ്ദത്തമസീഹിനെ നൽകി. നോക്കുക ഖുർആൻ പറയുന്നു:

***വഅദല്ലാഹുല്ലദീന ആമനൂ മിൻക്കും.......***

ഈ ആയത്തിൽ,

***കമസ്തഖ്ലിഫല്ലദീന മിൻ ഖബ്ലിഹിം***

എന്ന വചനം പ്രത്യേകം ചിന്താർഹമാണ്. എന്തെന്നാൽ, മുഹമ്മദീ ഖിലാഫത്തിന്റെ അന്ത്യത്തിൽ ഹസ്റത്ത് മൂസാനബിക്ക് ശേഷം പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹസ്റത്ത് ഈസായെപോലുള്ള ഒരു നബിയെയാണ് നിയോഗിച്ചത്. അദ്ദേഹമാകട്ടെ യുദ്ധമോ ജിഹാദോ നടത്തീട്ടില്ല. ആകയാൽ മുഹമ്മദീ പരമ്പരയിലെ അവസാനത്തെ ഖലീഫയും ഇതേപ്രകാരത്തിലുള്ള ഇതേ സ്വഭാവപ്രകൃതികളുള്ള ആളായിരിക്കണമെന്ന് വരുന്നു:

## മുസ്‌ലിംകൾ യഹൂദികളോട് സദൃശർ

ഇപ്രകാരംതന്നെ 'സഹീഹാ'യ ഹദീസുകളിലും അവസാനകാലത്തെ അധികഭാഗം മുസ്‌ലിംകളും യഹൂദികളോടു സാദൃശ്യം പുലർത്തുന്നവരായിരിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. സൂറ ഫാതിഹായും ഇതിലേക്ക് തന്നെയാണ് സൂചന നൽകുന്നത്. എന്തെന്നാൽ, 'ഹസ്റത്ത് ഈസാ(അ)യുടെ കാലത്തുണ്ടായിരുന്നവരായ യഹൂദികളെപ്പോലെ ആവുന്നതിൽനിന്നു ഓ ദൈവമേ നമ്മെ രക്ഷിക്കേണമേ' എന്ന പ്രാർത്ഥന പഠിപ്പിച്ചു തന്നിരിക്കുന്നു. അവരുടെമേൽ അല്ലാഹുവിന്റെ ക്രോധം ഈ ലോകത്ത് തന്നെ ഇറങ്ങിയിട്ടുണ്ടായിരുന്നു. അല്ലാഹു ഏതെങ്കിലും ജനതയ്ക്ക് ഏതെങ്കിലും കൽപന നൽകുമ്പോൾ അല്ലെങ്കിൽ അവർക്ക് ഏതെങ്കിലും പ്രാർത്ഥന പഠിപ്പിക്കുമ്പോൾ അവരിൽ ചിലർ അത്തരം വിരോധിക്കപ്പെട്ട കുറ്റകൃത്യങ്ങൾ ചെയ്യുന്നവരായിത്തീരുമെന്നും ആണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ചുരുക്കത്തിൽ,

***ഗയ്രിൽ മഗ്ളൂബി അലയ്ഹിം***

എന്ന് പറഞ്ഞതിന്റെ അർത്ഥം മൂസവി ഉമ്മത്തിന്റെ അവസാനകാലത്ത് അതായതു ഈസാമസീഹിന്റെ കാലത്ത് ഹസ്റത്ത് മസീഹിനെ കൈകൊള്ളാത്തതുകാരണം ദൈവിക ക്രോധത്തിന്നു അവർ ഇരയായിത്തീർന്നിട്ടുണ്ടായിരുന്നു. ആകയാൽ, ഈ ആയത്തിൽ മേൽ സുന്നത്ത് പ്രകാരം, ഉമ്മത്തെ മുഹമ്മദിയ്യയുടെ അവസാനകാലത്തും ഈ ഉമ്മത്തിലും വാഗ്ദത്തമസീഹ് പ്രത്യക്ഷപ്പെടുന്നതാണ്. മുസ്‌ലിംകളായവർ അദ്ദേഹത്തെ എതിർത്തുകൊണ്ടു മസീഹിന്റെ കാലത്തുണ്ടായിരുന്ന ആ പൂർവ്വയഹൂദികളോടുള്ള സാദൃശ്യം പുലർത്തുന്നതാണ്. വരാനുള്ള മസീഹ് ഇതേ ഉമ്മത്തിൽ ഉള്ള ആളായിരുന്നെങ്കിൽ ഹദീസുകളിൽ അദ്ദേഹത്തിന്നു ഈസാ എന്ന പേർ എന്തിനു വച്ചു എന്ന ആക്ഷേപത്തിന്നു സ്ഥാനമില്ല. ചിലർക്ക് മറ്റുചിലരുടെ പേരുകൾ നൽകുന്നു എന്നുള്ളതാണ് ദൈവത്തിന്റെ രീതി എന്നു സംഭവം തെളിയിച്ചുകാട്ടുന്നു. അബൂജഹലിന്റെ പേർ ഫിർഔൻ എന്നും ഹസ്റത്ത് നൂഹിന്റെ പേർ ആദം രണ്ടാമൻ എന്നും ഹദീസുകളിൽ പറയപ്പെട്ടിട്ടുള്ളതുപോലെ യോഹന്നാന്റെ പേര് ഏലിയാ എന്നും ഇപ്രകാരംതന്നെ പറയപ്പെട്ടിട്ടുണ്ട്. ഈ ദൈവിക രീതിയെ ആരും നിഷേധിക്കുന്നില്ല. വരുവാനിരുന്ന മസീഹിന്നു ആദ്യത്തെ മസീഹിനോടുള്ള ഒരു സാദൃശ്യം ആദ്യത്തെ മസീഹ് അതായത് ഹസ്റത്ത് ഈസാ (അ) ഹസ്റത്ത് മൂസായുടെ കാലം കഴിഞ്ഞു പതിനാല് നൂറ്റാണ്ട് പൂർത്തിയായപ്പോൾ ആണ് പ്രത്യക്ഷപ്പെട്ടത് എന്നതാണ്. അതുപോലെതന്നെ അവസാനത്തെ മസീഹ് തിരുനബി (സ)ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഇപ്രകാരം തന്നെ ഇന്ത്യയിൽ ഇസ്‌ലാമിക രാജാധികാരം നഷ്ടപ്പെട്ടുകൊണ്ടിരുന്നത് ഇംഗ്ലീഷുഭരണാധികാരം ശക്തി പ്രാപിച്ചുതുടങ്ങിയ കാലത്തായിരുന്നു മസീഹ് വെളിപ്പെട്ടത്. ഇസ്രായീലി സാമ്രാജ്യം തകർച്ചയിലാകയും യഹൂദർ റോമാസാമ്രാജ്യത്തിന്റെ കീഴിലാകയും ചെയ്ത കാലവുമായിരുന്നു അത്. ഈ ഉമ്മത്തിന്നുള്ള വാഗ്ദത്തമസീഹിന്നു ഈസാനബിയോട് മറ്റൊരു സാദൃശ്യം കൂടിയുണ്ട്. ഈസാ (അ) പൂർണ്ണനിലയിൽ ബനീ ഇസ്റായീലിൽപ്പെട്ട ആളായിരുന്നില്ല. മാതാവു മുഖേനയാണ് അദ്ദേഹം ഇസ്രായീല്യ

*ശേഷം പേജ് 21ൽ*

ജുമുഅ ഖുത്വ്ബ

# ഇറാഖ് ആക്രമണത്തിന്റെ നിഗൂഢലക്ഷ്യങ്ങൾ

**ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് നാലാമൻ, ലണ്ടൻ

## പതിനൊന്ന് വർഷങ്ങൾക്ക് മുമ്പ് (1991-ഫിബ്ര.22) ഗൾഫ് യുദ്ധവേളയിൽ ഖലീഫാ തിരുമനസ്സ് ചെയ്ത ചരിത്രപ്രസിദ്ധമായ ഖുത്വ്ബകളിലൊന്നിന്റെ പ്രസക്തഭാഗം

വിവിധവശങ്ങളിലായി ഞാൻ ചില നിർദ്ദേശോപദേശങ്ങൾ ലോകത്തിന്റെ മുമ്പിൽ വെക്കാമെന്നും അതിൽ ആദ്യത്തേതു അമേരിക്കയോടുള്ള ഉപദേശമായിരിക്കുമെന്നും കഴിഞ്ഞ ഖുത്ബയിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നുവല്ലോ. അമേരിക്കയ്ക്ക് നൽകാനുള്ള എന്റെ ആദ്യത്തെ ഉപദേശം അവർ തങ്ങളെ മറ്റുള്ളവരുടെ ദൃഷ്ടികോണത്തിൽ കൂടി നോക്കിക്കാണുവാൻ ശ്രമിക്കണമെന്നുള്ളതാകുന്നു. പ്രസിഡന്റ് ബുഷ് എത്തരത്തിലുള്ള ഒരു സാഹചര്യത്തിലാണോ അകപ്പെട്ടിരിക്കുന്നത് ആ സാഹചര്യത്തിൽ തന്റെ നടപടികളെകുറിച്ചു കേട്ടുകൊണ്ടിരിക്കുന്ന സ്തുതി വാക്യങ്ങൾക്കിടയിൽ തന്റെ നടപടികളെയും നയങ്ങളെയും സംബന്ധിച്ചിടത്തോളം ലോകം എങ്ങനെ പ്രതികരിക്കുന്നു എന്നു ബാഹ്യദൃഷ്ടികൊണ്ട് നോക്കിക്കാണാൻ മാത്രം ബുദ്ധിപരമായോ മനശ്ശാസ്ത്രപരമായോ സന്നദ്ധനാണെന്ന് കരുതാൻ നിവൃത്തിയില്ല.

അമേരിക്ക കരുതുന്നതും, പ്രസിഡന്റ് ബുഷ് വിചാരിക്കുന്നതും ലോകം മുഴുവനും ഇപ്പോഴും തങ്ങളുടെ പിന്നിൽ കെട്ടിയിടപ്പെട്ടിരിക്കുകയാണെന്നത്രെ. നായാട്ടുകാരുടെ ഭാഷയിൽ ഇതിന് 'ഹീൽ ചെയ്യുക' (Heel) എന്നു പറയും. തോക്കുധാരികളായ ശിക്കാരികൾ വേട്ടയ്ക്ക് പുറപ്പെടുമ്പോൾ വേട്ടപ്പട്ടികളെ പിന്നാലെ വിടുന്നതിന്ന് ഹീൽ ചെയ്യുക എന്നാണ് പറയുക. തങ്ങൾ ഇപ്രകാരം ഇംഗ്ലണ്ടിനെയും മറ്റു സഖ്യ ശക്തികളെയും ഹീൽ ചെയ്തിരിക്കയാണെന്നു അവർ കരുതുന്നു. നായാട്ടിന്നു പുറപ്പെട്ടാൽ ഹീൽ ചെയ്യപ്പെട്ട കൂട്ടുകാരുടെ പിന്നിൽ വേറെയും ജന്തുക്കൾ ഉണ്ടാകും. വേട്ടയെല്ലാം കഴിഞ്ഞാൽ തങ്ങൾക്കു അല്ലറ ചില്ലറ ലഭിക്കുമെന്ന വിചാരത്തോടെയാണവ പിന്തുടരുക. ഇതാണ് പ്രസിഡന്റ് ബുഷിന്റെ കാഴ്ചപ്പാട്.

കുവൈത്തിന്റെ പേരിൽ ഇറാഖിനും മുസ്ലിംലോകത്തിന്നും എതിരായി നടത്തിയ സകല നടപടികളെയും മറ്റൊരു വശത്തൂടെ നോക്കിക്കാണുന്നപക്ഷം. പ്രസിഡന്റ് ബുഷിനെയ്ക്കാൾ അഥവാ, അമേരിക്കയെക്കാൾ, തങ്ങൾ ലോകത്തെ മുഴുവൻ 'ഹീൽ' ചെയ്തിരിക്കുന്നു എന്നു പറയാനുള്ള അവകാശം ഇസ്രായീലിന്നാണുള്ളതെന്നു കാണാം. നായാട്ടുകാരന്റെ പിന്നാലെ വേട്ടപ്പട്ടി ഗമിക്കുന്നതുപോലെ അമേരിക്ക തങ്ങളുടെ പിന്നാലെയാണ് ഉള്ളതെന്നു ഇസ്രായീൽ പറയുന്നു! അതാണ് ഏറെക്കുറെ ശരിയായിട്ടുള്ളതും. ലോകം ഇന്നത്തെ സ്ഥിതിഗതികളെ വിലയിരുത്തുന്നതു അപ്രകാരമാണുതാനും.

വീക്ഷണകോൺ മാറുമ്പോൾ വസ്തുതകൾതന്നെ വ്യത്യസ്തരൂപത്തിൽ കാണുമാറാകും. ഒരു വീക്ഷണകോണം അമേരിക്കയുടേതാണ്. മറ്റൊരു വീക്ഷണകോണവും ഉണ്ട്. ഞാൻ അതിന്റെ ചില ഉദാഹരണങ്ങൾ മുമ്പിൽ വെക്കാം. അമേരിക്കയുടെയും അവരുടെ സഖ്യശക്തികളുടെയും വിചാരം എണ്ണയുടെയും തങ്ങളുടെ മറ്റു താൽപര്യങ്ങളുടെയും സംരക്ഷകർ ഇസ്റായീൽ ആണെന്നത്രെ. ആകയാൽ, എന്തു വില കൊടുത്തും ഇസ്റായീലിനെ തൃപ്തിപ്പെടുത്തേണ്ടതുണ്ടെന്നും അതിന്റെ പേരിൽ ലോകം മുഴുവനും ശത്രുക്കളായാലും തരക്കേടില്ല എന്നുമത്രെ. ഇതിന്നു വിപരീതമായി ഇസ്റായീലിന്നും ഒരു കാഴ്ചപ്പാടുണ്ട്. ഏഷ്യ മുഴുവനും തങ്ങൾക്കെതിരായാലും ഒരു പാശ്ചാത്യശക്തിയാണ് തങ്ങൾക്ക് കൂടുതൽ സഹായകരമായിരിക്കുക എന്നതാണ് അവരുടെ നോട്ടം. അമേരിക്ക കരുതുന്നത് തങ്ങൾക്ക് ഇസ്റായീലിനെ കൈവിട്ടുകൂടെന്നാണ്. അതുപോലെതന്നെ അമേരിക്കയുടെ സഖ്യരാഷ്ട്രങ്ങളും. ഇസ്റായീലിന്റെ വീക്ഷണപ്രകാരം ഇസ്റായീലിനെ പാശ്ചാത്യശക്തികൾക്കാവശ്യമുണ്ട്. എന്തുകൊണ്ടാണ് ഈ കളി ഇപ്രകാരം തുടരുന്നത്? ഇതു ഏതുവരെ, ഏതു അറ്റം വരെ ചെന്നെത്തും? ഇതു സംബന്ധിച്ചു ഞാൻ നിങ്ങളുടെ മുമ്പിൽ ചില വസ്തുതകൾ പിന്നീട് വെക്കുന്നതാണ്.

എണ്ണയുടെ താൽപര്യങ്ങൾ സംബന്ധിച്ചിടത്തോളം, ആഴമായ വീക്ഷണത്തിൽ ഇസ്റായീലിന്റെ ചിന്താഗതികളെക്കുറിച്ചുള്ള പഠനത്തിൽ ഇക്കൂട്ടർ പരാജയപ്പെട്ടിരിക്കുന്നു. എണ്ണസമ്പത്തിന്റെ ഇത്രയുമേറെ സമീപത്തിരിക്കെ എണ്ണസമ്പത്തിനെ ആക്രമിക്കാൻ ശ്രമിക്കാതിരിക്കുകയെന്നതു ഇസ്രായീലിനെ സംബന്ധിച്ചിടത്തോളം ചിന്തിക്കാനാവാത്തതാണ്.

എണ്ണസമ്പത്തിന്റെ സംരക്ഷണം ഇസ്രായീലിനെ ഏൽപ്പിക്കുക എന്നുവച്ചാൽ അതു "ദൂദ്ദ് ദാ റാഖാ ബില്ലാ, തേ ഛോലി യാ(ൻ) ദാ റാഖാ ബക്റാ" എന്ന പഞ്ചാബി ചൊല്ല് പോലെയിരിക്കും. വളരെ ലളിതമായ ഒരു ഉദാഹരണമാണെങ്കിലും അതിൽ ആഴമേറിയ തത്വങ്ങൾ അടങ്ങിയിരിക്കുന്നു. കടല ആട്ടിന്റെയും പാൽ പൂച്ചയുടെയും സംരക്ഷണത്തിലാക്കുകയാണെങ്കിൽ അതിൽപരം വിഡ്ഢിത്തം എന്താണുള്ളത്? (കോഴിയെ പോറ്റാൻ കുറുക്കനെ ഏൽപ്പിക്കുക എന്നു മലയാളശൈലിയിൽ ഇതു പരിഭാഷപ്പെടുത്താം-പരി) ചുരുക്കത്തിൽ, ഇസ്രായീലിനെ ഏതൊരു താൽപ്പര്യം സംരക്ഷിക്കാൻ ഭരമേൽപിക്കുന്നുവോ അതിന്നുള്ള ഏറ്റവും വലിയ ഭീഷണി ഇസ്രായീലിൽനിന്നുതന്നെയുള്ളതാണ്. ഇപ്പോൾതന്നെ ലോകം ഇക്കാര്യത്തിൽ ശ്രദ്ധവെച്ചില്ലെങ്കിൽ, ഒടുവിൽ സംഗതികൾ എത്തിച്ചേരുക അവിടെതന്നെയായിരിക്കും. ഞാൻ ഇക്കാര്യങ്ങൾ പിന്നീട് വിശദമായി വിവരിക്കുന്നതാണ്.

മദ്ധ്യപൗരസ്ത്യദേശത്ത് സമാധാനത്തിന്നുള്ള ഒരേ ഒരു പരിഹാരമേ ഉള്ളുവെന്നും അതു അവിടെ നാസിർമാരുടേയും സദ്ദാംമാരുടേയും ഉല്പന്നങ്ങൾ ഇല്ലാതാക്കുക എന്നത് മാത്രമാണെന്നും ആണ് ഇസ്രായീൽ തങ്ങളുടെ പാശ്ചാത്യസഖ്യശക്തികളുടെ ചെവിയിൽ ഊതിക്കൊടുത്തുകൊണ്ടിരിക്കുന്നത്! ഈ പ്രദേശത്ത് നാസിർമാർ ജനിച്ചുകൊണ്ടിരിക്കുമ്പോൾ, സദ്ദാംമാർ ജനിച്ചുകൊണ്ടിരിക്കുമ്പോൾ സമാധാനം ഒരിക്കലും ഉണ്ടാവുകയില്ല. ഇതിന്റെ അർത്ഥം ഇതാണ്: അറബിദേശത്തെ നിലനിർത്താനും സ്വതന്ത്രമാക്കാനുമുള്ള ആവേശത്തെ കെടുത്തിക്കളയുകയും ഫലസ്തീനെ പിന്തുണയ്ക്കാനുള്ള ചിന്താഗതിയെ ചതച്ചരക്കുകയും ചെയ്ക. ഈ വീക്ഷണമാണ് പാശ്ചാത്യശക്തികൾ പ്രായോഗികമായും അംഗീകരിച്ചിരിക്കുന്നത്. സത്യത്തിൽ അക്രമങ്ങൾ നാസിർമാരുടെയും സദ്ദാംമാരുടെയും സൃഷ്ടിയല്ല. മറിച്ച്, ആ അക്രമങ്ങളുടെ സൃഷ്ടിയാണ് നാസിർമാരും സദ്ദാംമാരും എന്നത് അവർ കാണാൻ ശ്രമിക്കുന്നില്ല. ഒരു നാസിറിനെ നശിപ്പിക്കാനായി ഈജിപ്തിന്റെയും മറ്റു മുസ്ലിം രാജ്യങ്ങളുടെയും മേൽ അവർ അഴിച്ചുവിട്ട അക്രമങ്ങളുടെ ഉൽപന്നമാണ് സദ്ദാം. ശത്രുതയിൽ നിന്നു ശത്രുതയാണ് മുളച്ചുപൊന്തുക. കാഞ്ഞിരമരത്തിൽനിന്നു മധുരഫലം ലഭിക്കാറുണ്ടോ? തീർത്തും തലതിരിഞ്ഞ കാര്യങ്ങളാണിതെല്ലാം. ഏതുവരെ നിങ്ങൾ അറബികളോട് അനീതിപ്രവർത്തിച്ചുകൊണ്ടിരിക്കുമോ, അറബികളുടെ നേരെ അക്രമങ്ങൾ അഴിച്ചു വിട്ടുകൊണ്ടിരിക്കുമോ, ഒരു നാസിറിനു പിന്നിൽ മറ്റൊരുനാസിറും ഒരു സദ്ദാമിന്നു പിന്നിൽ മറ്റൊരു സദ്ദാമും വന്നുകൊണ്ടിരിക്കും. ഇതു ദൈവിക വിധിയാണ്. നിങ്ങൾക്കിതിന്റെ വഴിമാറ്റിക്കളയാൻ സാധ്യമല്ല. നിങ്ങൾ ഇറാക്കിന്റെമേൽ നടത്തിയിട്ടുള്ള ബോംബേറ്, ലോകമഹായുദ്ധത്തിൽ നടത്തിയ ബോംബ്വർഷത്തെ നിസ്സാരമാക്കി മാറ്റുന്ന തരത്തിൽ ഭയാനകവും അതീവഭീകരവുമായിരുന്നു. കഴിഞ്ഞ മഹായുദ്ധത്തിൽ 6 കൊല്ലത്തിനിടയിൽ ലോകം മുഴുവനും ഉതിർത്തത് 27 ലക്ഷം ടൺ ബോംബുകളായിരുന്നുവെങ്കിൽ ഇറാഖിനുമേൽ ഒരൊറ്റ മാസംകൊണ്ട് അല്ല, അഞ്ച് ആഴ്ചകൾക്കിടയിൽ വർഷിച്ചത് ഒന്നരലക്ഷം ടൺ ആയിരുന്നു. ഇതിൽനിന്ന് ബോംബ് വർഷം എത്ര ശക്തിമത്തായിരുന്നു എന്നും എന്തൊരക്രമമാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും നിങ്ങൾക്ക് കണക്കാക്കാം. മനുഷ്യപ്രകൃതിയെ കുറിച്ചു മനസ്സിലാക്കാൻ ഇവർ ശ്രമിക്കുന്നില്ല. ഈ ബോംബുകൾ സദ്ദാമിസത്തെയല്ല നശിപ്പിക്കുന്നത്. ലക്ഷക്കണക്കിൽ യുവാക്കളിൽ, അവർ അറബികളാകട്ടെ അനറബികളായ മുസ്ലിംകളാകട്ടെ, കൂടുതൽ സദ്ദാമികളെ സൃഷ്ടിച്ചെടുക്കാനുള്ള ആഗ്രഹം അങ്കുരിപ്പിക്കുന്നു. യുവതലമുറയിൽ വളരെപ്പേരുണ്ട്, ഇന്നത്തെ ഈ അവസ്ഥകളെല്ലാം കണ്ടുകൊണ്ടു അതിന്റെ പ്രതികരണമെന്നോണം തങ്ങൾ നാളെ എന്തു ചെയ്യണം എന്ന തീരുമാനമെടുത്തവരായി. ഏതായാലും ഈ ബോംബുവർഷത്തിൽനിന്ന് മധുരഫലങ്ങൾ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിലും വലിയ മണ്ടത്തരം മറ്റൊന്നില്ല. വെറുപ്പ് എപ്പോഴും വെറുപ്പിനെ മാത്രമെ വളർത്തുകയുള്ളൂ.

വെറുപ്പിന് എന്താണ് കാരണം? അവിടെനിന്ന് തുടങ്ങണം. നാസിറും സദ്ദാമും സൃഷ്ടിച്ചുവിട്ട വെറുപ്പ് എന്താണ്? അതന്വേഷിച്ചറിയാത്തിടത്തോളം അതിന്റെ വേരറുക്കാത്തിടത്തോളം ഈ പ്രദേശത്ത് സമാധാനം കണികാൺമാനാകുകയില്ല.

ഞാൻ അന്വേഷിച്ചറിഞ്ഞിടത്തോളം-സത്യവസ്തുതകൾ ഇതിലേക്ക് സാക്ഷ്യം നൽകുന്നുണ്ട്താനും-ഇവിടെ ഇസ്റായീലിന്റെ സ്ഥാപനമാണ് സകല വെറുപ്പിന്റെയും തുടക്കം. സകല ശത്രുതയുടെയും വേര് അതാണ്. ഇസ്റായീലിന്റെ സ്ഥാപനത്തെക്കുറിച്ചുള്ള ചിത്രത്തിൽ യുദ്ധങ്ങൾ അടങ്ങിയിരിക്കുന്നു. ഇതു ഞാൻ പറയുന്ന സ്വന്തം അഭിപ്രായമല്ല. ഞാൻ ഉദ്ധാരണം നിങ്ങളെ വായിച്ചുകേൾപ്പിക്കാം. Making of Isreal എന്ന പുസ്തകത്തിന്റെ 55-ാം ഭാഗത്ത് ജെയിംസ് കാരറോൺ (James Cararon) ഇപ്രകാരം എഴുതുന്നു:

"For Ben-Gurion the word 'State' had now no meaning other then an instrument of war"

ഇസ്റായീലിന്റെ സ്ഥാപനാനന്തരം ബെൻഗൂരിയന്റെ ദർശനത്തിൽ സ്റ്റേറ്റ് എന്നതിന് യുദ്ധോപകരണം എന്നല്ലാതെ മറ്റൊരർത്ഥമില്ല എന്നു! അദ്ദേഹം.

എന്നുവെച്ചാൽ ബൻഗൂരിയൻ പറഞ്ഞു:

I can think of no other meaning now, he said. I feel that this wisdom of Israel now is that to wage war, that and nothing else that and only that.

(അദ്ദേഹം പറഞ്ഞു, മറ്റൊരർത്ഥവും എനിക്കിപ്പോൾ ആലോചിക്കാനാവില്ല. ഇസ്റായീലിന്റെ യുക്തി ഇപ്പോൾ ഇതാണ്: യുദ്ധം ചെയ്ക അതല്ലാതെ മറ്റൊന്നുമില്ല, അതു മാത്രം, അതുമാത്രം!).

ഈ ഉദ്ധരണി വായിച്ചപ്പോൾ എനിക്ക് കോളറിഡ്ജിന്റെ രണ്ടുവരികൾ ഓർമ്മവന്നു. അദ്ദേഹം തന്റെ സുപ്രസിദ്ധമായ 'കുബ്ലാഖാൻ' (Kubla Khan) എന്ന കവിതയിൽ കുബ്ലാഖാനെപ്പറ്റി എഴുതിയ വരികൾ:

And 'mid this tumult kubla heard from far Ancestral voices prophecying war.'

(ഈ കലാപങ്ങൾക്കിടയിൽ ഈ ഒച്ചപ്പാടുകളിലും സംഘർഷത്തിലും കുബ്ളാ അങ്ങകലെ നിന്നുവരുന്ന തന്റെ പൂർവ്വപിതാക്കളുടെ ശബ്ദം യുദ്ധത്തെക്കുറിച്ചു പ്രവചിക്കുന്ന ശബ്ദം കേട്ടു).

കുബ്ള ആ ശബ്ദം കേട്ടിരിക്കാം, അല്ലെങ്കിൽ കേട്ടില്ലായിരിക്കാം. എന്നാൽ ഡേവിഡ് ബൺഗൂരിയൻ നിശ്ചയമായും സിയോൺ കുന്നുകളിൽ ഉയർന്ന ഈ ശബ്ദം കേട്ടിരിക്കുന്നു: 'ഓ ഇസ്റായീൽ, ഇന്നു തൊട്ടു നിന്റെ സ്ഥാപനത്തിന്റെ ലക്ഷ്യം ഇതാ ഒന്നു മാത്രം. അതെ ഒന്നുമാത്രം. അതെ ഒന്നുമാത്രം. നീ യുദ്ധം ചെയ്തുകൊണ്ടു മുന്നേറിക്കൊൾക. ലോകത്തെ മുഴുവനും യുദ്ധത്തിൽ വീഴ്ത്തിയിട്ടുപോക, ഇതല്ലാതെ ഇസ്റായീലിന്നു മറ്റൊരു ലക്ഷ്യമില്ല.

ചുരുക്കത്തിൽ, ഇസ്റായീലിന്നു പിന്തുണയായി അമേരിക്കയും അമേരിക്കയുടെ സഖ്യരാഷ്ട്രങ്ങളും സ്വയം എന്തു ചതിയിൽപ്പെട്ടാലും കൊള്ളാം. ഈ ഇസ്റായീലിനെ പിന്താങ്ങിയ നിലയിൽ സമാധാനത്തെ സ്വപ്നം കാണാൻ കൊതിക്കേണ്ടതില്ല. ലോകത്തെ മുഴുവനും യുദ്ധത്തിലേക്ക് തള്ളിയിടുകയെന്നത് ഇസ്റായീലിന്റെ സൃഷ്ടിപ്പിൽ അതിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടിരിക്കുന്നതത്രെ. എന്തിനാണിങ്ങനെ തള്ളിയിടുന്നത്? ഇതുസംബന്ധിച്ചു ഞാൻ ഒടുവിലായി ഈ രഹസ്യത്തിന്റെ തിരശ്ശീല ഉയർത്തുന്നതാണ്. ഇതുപക്ഷേ, വലിയൊരു രഹസ്യമൊന്നുമല്ലതാനും.

ഇസ്റായീലിന്റെ യുദ്ധസന്നാഹങ്ങളെ സംബന്ധിച്ചു നോക്കാം. ഇറാഖ്, ലോകത്തിനു വലുതായ ഒരു ഭീഷണിയാണ്. സദ്ദാം ഹിറ്റ്ലറാണ്. നാസിസത്തിന്റെ (Nahtsism) നവാവതാരമാണ്, പുതുരൂപമാണ് എന്നൊക്കെ പറഞ്ഞുപോന്നു. ലോകത്തെ ധരിപ്പിക്കാൻ ശ്രമിച്ചുപോന്നു. ഒരു പാശ്ചാത്യനിരീക്ഷകൻ എഴുതുകയുണ്ടായി. നിങ്ങൾ അദ്ദേഹത്തെ ഹിറ്റ്ലർ ആയി ചിത്രീകരിക്കുന്നു. 8 കൊല്ലമായി ഈറാനെപോലുള്ള ഒരു രാജ്യവുമായി യുദ്ധം ചെയ്തിട്ടും കീഴ്പെടുത്താനായില്ല. ഹിറ്റ്ലർ ആകട്ടെ, യൂറോപ്പ് മുഴുവൻ വിറപ്പിച്ചുവിട്ട ആളാണ്. അതോർക്കുമ്പോൾ തന്നെ നിങ്ങൾ കിടിലംകൊള്ളുന്നു. ബർലിനിൽ നിന്നു തലയുയർത്തി ലെനിൻ ഗ്രാഡിന്റെ വാതിൽക്കൽ ചെന്നു മുട്ടി. ഹിറ്റ്ലറുടെ റോക്കറ്റുകൾ നിങ്ങളുടെ ലണ്ടൻ നഗരത്തിൽ ചീറിയെത്തി. അപ്പോൾ നിങ്ങൾ ഏതൊരു നാക്ക് കൊണ്ടാണ് സദ്ദാമിനെ ഹിറ്റ്ലറെന്നുപറയുന്നത്. ഇതു എത്രമാത്രം വിവരംകെട്ട ചിത്രീകരണമാണ്! ഒരു 'സ്കഡ് മിസൈൽ' പോലും അവർക്ക് നിർമ്മിക്കാൻ കഴിയില്ല. എത്രയാണ് ബാക്കിയുള്ളതെന്ന് എണ്ണിക്കണക്കാക്കുന്നു! മിസൈലിന്റെ ഗതിദൂരം വർദ്ധിപ്പിക്കാനുള്ള ചില പരിഷ്കാരങ്ങൾ അതിന്മേൽ വരുത്തിയതു നമ്മുടെ നാട്ടിലെ കൊല്ലന്മാരുടെ രീതിയിലുള്ളതാണ്. അതു വീണിടത്തുള്ളവർ അതു നോക്കി പരിഹസിച്ചു ചിരിക്കുന്നു. ഇതാണ് ഇറാഖിന്റെ സ്ഥിതി. യുദ്ധകാര്യങ്ങളാണ് ഇവർ സംസാരിക്കുന്നത്. ഇവിടെ സ്കഡ് മിസൈലിന്മേൽ ചെറിയൊരു പരിഷ്കാരം വരുത്തി ഉപയോഗിക്കാൻ പോലും കഴിയാത്തവർ. ഇതാണത്രെ പുതിയ ഹിറ്റ്ലർ!

ഇസ്രായീലിലെ ജനറൽമാർ അഹങ്കാരം കൊള്ളുകയുണ്ടായി:

Israel Generals have often boasted that they could take on all the Arab armies at the same time and still destory them. And the chief of staff has even claimed that he could defeat the armed forces of the Soviet Union (Dispossed, the Ordeal of the palestenians P, 324, by. David Gilmour)

മുഴുവൻ അറബ് രാജ്യങ്ങളുടെയും ഐക്യശക്തി അവിടെ നിൽക്കട്ടെ. സോവ്യറ്റ് യൂനിയൻ തന്നെ എതിരിടുകയാണെങ്കിൽ സോവ്യറ്റ് യൂനിയനെകൂടി പരാജയപ്പെടുത്തുവാൻ തങ്ങൾ ശക്തരാണെന്നും ഇസ്രായീൽ ചീഫ് ഓഫ് സ്റ്റാഫ് പലതവണ അവകാശപ്പെട്ടിട്ടുള്ളതായി ഡേവിഡ് ഗിൽമൂർ തന്റെ പുസ്തകത്തിൽ പറയുന്നു. ഭാവനാമാത്രനായ ഒരു ഹിറ്റ്ലറെ നശിപ്പിക്കാൻവേണ്ടി ഒരു യഥാർത്ഥ ഹിറ്റ്ലറെ ഇവർ പോറ്റിവളർത്തുന്നു. ഇവർ എത്ര അജ്ഞരാണ്. എത്രമാത്രം ദീർഘദൃഷ്ടിയില്ലാത്തവരാണ്. ഹിറ്റ്ലറുടെ പേരിൽ ഈ ഹിറ്റ്ലറെ താലോലിച്ചു വളർത്തുന്നു. ഇപ്പോൾ ഇവർക്കിതു മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ ഭാവിചരിത്രം ഇവർക്കതു മനസ്സിലാക്കിക്കൊടുക്കും. ഇസ്രായീലിന്റെ യഥാർത്ഥലക്ഷ്യം എന്താണെന്നും തങ്ങളോടുതന്നെ ഇസ്രായീൽ എന്താണിനി കാട്ടിക്കൂട്ടുവാൻ പോകുന്നതെന്നും!

ഈ ഇസ്രായീൽ ദ്രോഹത്തിനുമേൽ ദ്രോഹം നടത്തിക്കൊണ്ടിരിക്കുന്നതായും എന്നാൽ അതിനും പിന്തുണയ്ക്കുമേൽ പിന്തുണകൾ ലഭിച്ചുകൊണ്ടിരിക്കുന്നതായും മുസ്ലിംകൾ കാണുമ്പോൾ അവർ അമ്പരക്കുന്നു. എന്താണ് തങ്ങളുടെ നേരെ നടക്കുന്നതെന്നു അവർക്ക് മനസ്സിലാകുന്നില്ല. മുസ്ലിംകളുടെ ഭീകരപ്രവർത്തനങ്ങളെ (Terrorism) പറ്റി ഇസ്രായീൽ ഒച്ചകൂട്ടുന്നു. പാശ്ചാത്യനാടുകളിലെല്ലാംതന്നെ, 'മുസ്ലിം ഭീകര പ്രവർത്തനം' 'മുസ്ലിം ഭീകരന്മാർ' 'മുസ്ലിം തീവ്രവാദികൾ' 'ഫലസ്തീൻ ടെററിസ്റ്റുകൾ' 'ഇസ്ലാമും ടെററിസവും' ഇതു മാത്രമേ കേൾക്കാൻ കഴിയുന്നുള്ളൂ. ഇസ്ലാമും ഭീകരപ്രവർത്തനവും ഒരേ ശരീരത്തിന്റെയും ആത്മാവിന്റെയും രണ്ടു പേരുകൾ മാത്രമായി വിവരിക്കപ്പെടുന്നു. എന്നാൽ, ഇസ്രായീൽ ആണ് എല്ലാ ഭീകരപ്രവർത്തനങ്ങളുടെയും ജനയിതാവ് എന്നതാണ് സത്യം. കഴിഞ്ഞ ഖുത്ബകളിൽ ഞാൻ ഇതിന്റെ ചില തെളിവുകൾ നൽകിയിരുന്നു. ഞാൻ ചുരുക്കിപ്പറയുകയാണ്: ഇസ്രായീലിന്റെ ഭയാനകമായ ഭീകര പ്രവർത്തനങ്ങളിൽ ദെർയാസീൻ, യാഫാ, ഖിബ്യ, പശ്ചിമ ബൈറൂത്ത് തുടങ്ങിയ പ്രദേശങ്ങളിലെ പുരുഷന്മാരും സ്ത്രീകളും വൃദ്ധന്മാരും കുട്ടികളും അന്യോന്യം നോക്കിക്കാൺകെ അരിഞ്ഞിടപ്പെട്ടു. അവരിൽ ആരെയും ബാക്കിയാക്കിയില്ല. ആയിരക്കണക്കിലല്ലെങ്കിലും നൂറുകണക്കിൽ പ്രദേശങ്ങൾ ചുട്ടുചാമ്പലാക്കപ്പെട്ടു. ഒരൊറ്റ ഭവനം പോലും വിട്ടുകളഞ്ഞിട്ടില്ല. 1977ലെ ആക്രമണത്തിൽ രണ്ടര ലക്ഷം ഫലസ്തീനികൾ ഭവനരഹിതരായി. ഇങ്ങനെയുള്ള അക്രമങ്ങളുടെ നേരെ ഇവർ കണ്ണുചിമ്മുന്നു. ■

# അറബികളുടെ ദുരവസ്ഥ പ്രവചനങ്ങളുടെ സാക്ഷാൽകാരം

മുഹമ്മദ് അബുൽവഫാ

ഇമാം ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം പറയുന്നു:

"ജഹ്ശിന്റെ മകൾ സൈനബ് (റ) എന്നിവരിൽനിന്നു നിവേദനം. ഒരു ദിവസം നബിതിരുമേനി (സ) സംഭീതനായി അവരുടെ അടുക്കൽ പ്രവേശിച്ചു. തിരുമേനി ഇങ്ങനെ അരുളിച്ചെയ്തു: 'അല്ലാഹുവല്ലാതെ വേറെ ആരാധ്യനാരുമില്ല, ആസന്നമായിരിക്കുന്ന വിപത്തുകാരണം അറബികൾക്ക് മഹാനാശം! ഇന്നേദിവസം യഅ്ജൂജ് മഅ്ജൂജിന്റെ മതിൽക്കെട്ടിൽ ഇത്രയളവിൽ വിടവുണ്ടാക്കപ്പെട്ടിരിക്കുന്നു." (ഇത്രയെന്നുപറഞ്ഞുകൊണ്ട്) നബിതിരുമേനി തന്റെ പെരുവിരലും തൊട്ടടുത്തവിരലും കൊണ്ട് ഒരു വൃത്തം രൂപപ്പെടുത്തി കാണിച്ചു. സൈനബ (റ) പറയുന്നു: അപ്പോൾ ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിൽ സജ്ജനങ്ങളുണ്ടായിരിക്കെ ഞങ്ങൾ നശിപ്പിക്കപ്പെടുമോ? നബിതിരുമേനി പ്രതിവചിച്ചു: അതെ, (നശിപ്പിക്കപ്പെടും) തിൻമകൾ അധികമായാൽ".

ഈ കാലഘട്ടത്തിന്റെ ഇമാമിന്റെ ശ്രദ്ധേയമായ ശബ്ദം ശ്രവിക്കാനുള്ള സൻമനസ്സ് ആധുനിക വൈജ്ഞാനിക ലോകത്തിനുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും അല്ലാഹുവിന്റെ യഥാർത്ഥ ദാസൻമാർ ഇവിടെ ധാർമ്മികതയുടെ പുനഃപ്രതിഷ്ഠക്ക് വേണ്ടി ആ ശബ്ദത്തിന്റെ പ്രതിധ്വനിയിലൂടെ വിപ്ലവകരമായൊരു പരിവർത്തനത്തിന് മുന്നേറിക്കൊണ്ടിരിക്കുകയാണ്. ധാർമ്മികോന്നമനത്തിന്റെയും മൂല്യബോധത്തിന്റെ ആധ്യാത്മിക വികാസത്തിന്റെയും വിജയ വൈജയന്തി പറപ്പിക്കാൻ യത്നിക്കുന്ന അഹ്മദി മുസ്‌ലിംകളെ ഭാവിലോകം ഇരുകൈകളും നീട്ടി സ്വാഗതം ചെയ്യുമെന്ന കാര്യം ഒരു യാഥാർത്ഥ്യമായിത്തീരുന്ന കാഴ്ച കൺകുളിർക്കെ ലോകത്തിന് കാണാം.

ഒരു വ്യാഖ്യാനത്തിന്റെ ആവശ്യമില്ലാത്തവിധം ഈ പ്രവചനം ഇന്നു പുലർന്നിരിക്കുകയാണ്. പരിശുദ്ധ ഖുർആനിലും നബിവചനങ്ങളിലും ബൈബിളിലും 'യഅ്ജൂജ് മഅ്ജൂജ്' (ഗോഗ്മാഗോഗ്)കളെ സംബന്ധിച്ച പ്രവചനങ്ങൾ ഉണ്ട്. നൂഹ്നബി (അ)യുടെ മകൻ യാഫിസ് എന്ന ആളുടെ രണ്ട് പുത്രൻമാരായിരുന്ന യഅ്ജൂജ് (ഗോഗ്) മഅ്ജൂജ് (മാഗോഗ്) എന്ന രണ്ടുപേരുടെ സന്തതി പരമ്പരയിൽപ്പെട്ട രണ്ടു ഗോത്രങ്ങളാണവരെന്നു ബൈബിളും ചില ഖുർആൻ ഭാഷ്യഗ്രന്ഥങ്ങളും മനസ്സിലാക്കിത്തരുന്നു. ഈ രണ്ടു സമുദായങ്ങളുടെയും കടന്നാക്രമണങ്ങളിൽ നിന്നു രക്ഷപ്പെടാനായി പേർഷ്യൻ ചക്രവർത്തിയായിരുന്ന ദുൽഖർനൈൻ (മഹാനായ സൈറസ്) ശക്തമായ ഒരു മതിൽക്കെട്ടുണ്ടാക്കിയ സംഭവം ഖുർആനിൽ വിവരിച്ചിട്ടുണ്ട്. മാത്രമല്ല, അവർ അവസാന നാളിൽ ഭയങ്കര പരാക്രമികളായി പ്രളയരൂപത്തിൽ പുറപ്പെടുമെന്നും അപ്പോൾ അവർ അജയ്യശക്തികളായി ലോകമാസകലം കീഴടക്കിക്കൊണ്ട് ആകാശത്തെയും കീഴടക്കാനായി അസ്ത്രപ്രക്ഷേപണം (റോക്കറ്റ് വിക്ഷേപം) ചെയ്യുമെന്നും അതിഭയങ്കരമായ അഗ്നിപ്രയോഗങ്ങൾ നടത്തിക്കൊണ്ട് പരസ്പരം തിരമാലകൾ കണക്കെ അടിച്ചുകയറി യുദ്ധങ്ങൾ ചെയ്യുമെന്നും മറ്റും പ്രസ്തുത പ്രവചനങ്ങളിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്. അതെല്ലാം അവസാനനാളിന്റെ അടയാളങ്ങളായിട്ടാണ് വിവരിക്കപ്പെട്ടിട്ടുള്ളത്.

യഅ്ജൂജ് മഅ്ജൂജ് പ്രവചനങ്ങളുടെ വിവക്ഷ റഷ്യക്കാരും ഇംഗ്ലീഷുകാരും (അമേരിക്കക്കാരും അതിൽ ഉൾപ്പെടുന്നു) ആണെന്ന സത്യം അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരായ ഹസ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യാണ് ലോകത്ത് ആദ്യമായി പ്രഖ്യാപിച്ചത്. മാത്രമല്ല, ഹദീസുകളിലെ പ്രവചനപ്രകാരം വാഗ്ദത്തമസീഹിന്റെ ആഗമനത്തിനുശേഷമാണ് യഅ്ജൂജും മഅ്ജൂജും പുറപ്പെടേണ്ടത്. അതങ്ങനെ സംഭവിച്ചു കഴിഞ്ഞിരിക്കുകയാണ്. യഅ്ജൂജ് മഅ്ജൂജിന്റെ പുറപ്പാട് അറബികൾക്ക് മഹാനാശത്തിനു കാരണമായിരിക്കുമെന്ന നബി (സ) തിരുമേനിയുടെ പ്രസ്തുത പ്രവചനം അക്ഷരാർത്ഥത്തിൽ തന്നെ പൂർത്തിയായിരിക്കുകയാണെന്നു വസ്തുതകൾ വിളിച്ചോതുന്നു. മദ്ധ്യപൗരസ്ത്യ ദേശത്തെ സ്ഥിതിഗതികളറിയുന്നവർക്ക് ഇക്കാര്യം എളുപ്പം ഗ്രഹിക്കാവുന്നതാണല്ലോ.

## ദജ്ജാൽ

ഇവിടെ ഒരു സംശയമുള്ളത് 'ദജ്ജാലി'നെ സംബന്ധിച്ചാണ്. '.യഅ്ജൂജ് മഅ്ജൂജ്' പുറപ്പെടുന്നതിന് മുമ്പ് ദജ്ജാൽ പുറപ്പെടണമല്ലോ. എന്നാൽ ദജ്ജാൽ പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവസാനകാലത്തിന്റെ പ്രധാന അടയാളങ്ങളിൽ ഒന്നാണത്. അതു തക്കസമയം തന്നെ പുലർന്നുകഴിഞ്ഞിട്ടുണ്ട്. നബിതിരുമേനി (സ) ദജ്ജാലിനെ ഒരു ഭയങ്കര സത്വരൂപത്തിൽ ദിവ്യദർശനത്തിൽ കണ്ടതായി ഹദീസുകൾ വ്യക്തമാക്കിത്തരുന്നു. പിൽക്കാലത്ത് ഇസ്‌ലാമിന്നെതിരിൽ എഴുന്നേൽക്കാനുണ്ടായിരുന്ന ഒരു ദുശ്ശക്തിയെ പ്രതീകാത്മക രൂപത്തിൽ അല്ലാഹു നബി (സ) തിരുമേനിക്ക് കാണിച്ചുകൊടുത്തതായി

രുന്നു. പാശ്ചാത്യജനതകളുടെ ഉയിർത്തെഴുന്നേൽപ്പും മുസ്‌ലിംകൾക്കും ഇസ്‌ലാമിന്നുമെതിരിൽ അവർ കാട്ടിക്കൂട്ടുന്ന കുൽസിത ചെയ്തികളും ലോകമാസകലം സ്വാധീനിച്ചുകൊണ്ടുള്ള അവരുടെ കുഴപ്പങ്ങളുമായിരുന്നു ആ ദൈവിക മുന്നറിയിപ്പിന്റെ വിവക്ഷ. ഈ പ്രവചനം തക്കസമയം തന്നെ പ്രകടമായി പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഈ യാഥാർത്ഥ്യവും അഹ്‌മദിയ്യാ പ്രസ്ഥാനസ്ഥാപകർതന്നെയാണ് നമുക്ക് മനസ്സിലാക്കിതന്നിട്ടുള്ളത്.

ദജ്ജാലിന്റെ വഴിപിഴച്ച വിശ്വാസങ്ങളെയും ഇസ്‌ലാമിന്നെതിരിൽ അവർ പ്രചരിപ്പിക്കുന്ന ആക്ഷേപ ദുർബോധനങ്ങളെയും ഖണ്ഡിക്കാനും ഇസ്‌ലാമിനെ മുഴുവൻ ലോകത്തും വിജയിപ്പിക്കാനുമാണ് വാഗ്ദത്തമസീഹ് വരേണ്ടിയിരുന്നത്. ആ മഹാത്മാവ് തക്കസമയംതന്നെ (പതിന്നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ) ആഗതരായി കഴിഞ്ഞിരിക്കുന്നു. ദജ്ജാലിന്റെ കുൽസിത ചെയ്തികളെയും പിഴച്ച വിശ്വാസങ്ങളെയും നശിപ്പിക്കുന്ന സംരംഭങ്ങൾ അതിന്റെ പരിപൂർണ വിജയദശയിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ.

## ദജ്ജാൽ ചേരിപിരിഞ്ഞു

ദജ്ജാലിന്റെ മറ്റൊരു രൂപഭേദമാണ് മേൽപ്രസ്താവിച്ച യഅ്ജൂജ് മഅ്ജൂജ്. അതായത് പാശ്ചാത്യൻ ജനതകൾ ആദ്യം ഐക്യരൂപത്തിലായിരുന്നുവെങ്കിലും പിന്നീടവർ രണ്ടു ആദർശചേരികളായി വേർപ്പെട്ടിരിക്കുകയാണ്. പ്രത്യയശാസ്ത്രപരവും സാമ്പത്തികവും രാഷ്ട്രീയവുമായ വീക്ഷണത്തിലാണ് അവർ രണ്ടു ശാക്തികചേരികളായി രൂപാന്തരപ്പെട്ടിട്ടുള്ളത്. ഇതും പ്രവചനങ്ങളിൽ പറയപ്പെട്ട സംഗതിതന്നെയാണ്. നബിതിരുമേനി (സ) ദിവ്യദർശനങ്ങളിൽ കണ്ടതായ ദജ്ജാലിനെ പറ്റി പറഞ്ഞ പ്രവചനങ്ങളിൽ അധികഭാഗവും അലങ്കാരോക്തികൾ ഉൾക്കൊള്ളുന്നവയാണെന്ന വസ്തുത ഓർക്കേണ്ടതാണ്. അവയെല്ലാം അർത്ഥത്തിൽ പൂർത്തിയാകേണ്ടവയത്രെ. അവയിൽ വലിയ ഭാഗം പൂർത്തിയായികഴിഞ്ഞിരിക്കുന്നു. ബാക്കിഭാഗം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

## ജൂതൻമാരുടെ ആധിപത്യം

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഒരു പ്രധാന പ്രവചനം കൂടി പുലർന്നിട്ടുണ്ട്. അതു ജൂതരാഷ്ട്രസ്ഥാപനമാണ്. ഇതര ജനതകളുടെ സഹായത്തോടെ ജൂതന്മാർ പ്രതാപം പ്രാപിക്കുമെന്നു ഖുർആനിൽ സൂചനയുണ്ട്. (3:113) മാത്രമല്ല, ചിന്നിച്ചിതറി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യാപിച്ച ആ സമുദായത്തെ അവസാന നാളിൽ അല്ലാഹു വീണ്ടും ഒരുമിച്ചു കൂട്ടിക്കൊണ്ടുവരുമെന്നും (15:105) ഖുർആൻ പറഞ്ഞിരിക്കുന്നു. കൂടാതെ, ദജ്ജാലിന്റെ സഹായത്തോടെ ജൂതന്മാർ ഭൗതിക ശക്തി സംഭരിച്ചു രംഗപ്രവേശനം ചെയ്യുമെന്ന് നബിവചനങ്ങളിലും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഉദാഹരണമായി നബിതിരുമേനിയുടെ ഒരു ഹദീസിൽ ഇങ്ങനെ പറയുന്നു.

"ദജ്ജാലിന്റെ കൂടെ എഴുപതിനായിരം യഹൂദന്മാർ ഉണ്ടാകും; അവരെല്ലാവരും ഉറയിൽനിന്നു ഊരിയെടുത്ത ഖഡ്ഗധാരികളായിരിക്കും." (ഇബ്നുമാജാ) അതായത് ദജ്ജാൽ യഹൂദൻമാരെ സഹായിക്കും. യുദ്ധസന്നദ്ധരായ വമ്പിച്ച ഒരു സൈന്യമായിരിക്കും അന്ന് യഹൂദർ എന്നു സാരം. ഇതോടു യോജിക്കുന്ന ഹദീസുകൾ വേറെയുമുണ്ട്. അതിലും എഴുപതിനായിരം യഹൂദന്മാർ എന്നു എണ്ണം പറഞ്ഞിരിക്കുന്നു. പുരാതന അറബി ശൈലിയിൽ വളരെയധികം എന്ന വിവക്ഷയിൽ "എഴുപതിനായിരം" എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. അത്രയുമല്ല, 1948 മെയ് മാസം 14-ാം നു ഇസ്രായേൽ രാഷ്ട്രം നിലവിൽവന്നപ്പോൾ പരിശീലനം സിദ്ധിച്ച ഏകദേശം 70000 സന്നദ്ധഭടന്മാർ അടങ്ങിയ ഒരു സൈന്യം അവർക്കുണ്ടായിരുന്നുവെന്നു ചില ചരിത്രങ്ങളിൽ കാണുന്നു. പിന്നീട് ഇസ്രാഈൽ രാഷ്ട്രത്തിന്റെ സൈനികശക്തി കൂടുതൽ വർദ്ധിക്കുകയുണ്ടായി. അങ്ങനെ ആ പ്രവചനങ്ങൾ വ്യക്തമായി പുലർന്നിരിക്കുകയാണ്. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നാണ് ഇസ്രാഈൽ രാഷ്ട്ര സ്ഥാപനത്തിനു കളമൊരുക്കപ്പെട്ടതെന്ന വസ്തുത ഓർക്കേണ്ടതാണ്. അതായതു, മേൽപറഞ്ഞ പാശ്ചാത്യ ശക്തികളായ ദജ്ജാൽ, അഥവാ യഅ്ജൂജ് മഅ്ജൂജാണ് മുസ്‌ലിംകളുടെ ഖിലാഫത്ത് തകർത്തതും അവരുടെ സാമുദായിക ശക്തി ശിഥിലമാക്കിയതും. മാത്രമല്ല, ശപിക്കപ്പെട്ട യഹൂദന്മാരെ കൊണ്ടുവന്നു ഫലസ്തീനിൽ കുടിയിരുത്തി ഇസ്രാഈൽ രാഷ്ട്രം സ്ഥാപിച്ചതും അവർതന്നെയാണല്ലോ.

## ബൈത്തുൽ മുഖദ്ദസ്

ദജ്ജാൽ പുറപ്പെട്ടാൽ അവർ മക്കാ-മദീനാ എന്നീ പരിശുദ്ധ കേന്ദ്രങ്ങളൊഴിച്ചു ലോകമാസകലം അധീനപ്പെടുത്തുമെന്നു ഹദീസുപ്രവചനങ്ങളിൽ പറയുന്നു. അതിന്റെ വിവക്ഷ, പരിശുദ്ധ ബൈത്തുൽ മുഖദ്ദസും (ജറുസലം) അവർ പിടിച്ചടക്കുമെന്നാണല്ലോ. എന്നാൽ അതും സംഭവിച്ചു കഴിഞ്ഞുവെന്നു മാത്രമല്ല, 'മസ്ജിദുൽ അഖ്സാ' എന്ന പവിത്രപള്ളിയും അവർ അധീനപ്പെടുത്തിയിരിക്കുകയാണ്. മസ്ജിദുൽ അഖ്സായിൽ പ്രാർത്ഥന നടത്താൻ ജൂതർക്കും അവകാശമുണ്ടെന്നു ഇസ്രാഈലിലെ ഒരു കോടതി വിധിച്ചതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 1974 മുതൽ യഹൂദന്മാരും നിർബാധം മസ്ജിദുൽ അഖ്സായിൽ പ്രാർത്ഥനയ്ക്ക് വന്നുകൊണ്ടിരിക്കുകയാണെന്നാണ് റിപ്പോർട്ട്. അവർ അവിടെ ആരാധന നടത്തുവാനെന്ന ഭാവേന വരുകയും ചിലപ്പോൾ മുസ്‌ലിംകൾക്കെതിരിൽ കുഴപ്പം സൃഷ്ടിക്കുകയും ചെയ്യുന്നു. മുസ്‌ലിംകളാകട്ടെ നിസ്സഹായരായി എല്ലാം കണ്ടു സഹിക്കുകയാണത്രെ. ഇക്കഴിഞ്ഞ ഈസ്റ്റർദിവസം അമേരിക്കക്കാരനായ ഒരു ജൂതൻ പ്രാർത്ഥന നടത്താനെന്ന വ്യാജേന തോക്കുമായി മസ്ജിദുൽ അഖ്സായിൽ കേറിച്ചെന്നു അറബികളുടെ നേരെ നിഷ്ക്കരുണം നിറയൊഴിക്കുകയും നിലവിളികേട്ടു പാഞ്ഞെത്തിയ ഇസ്രാഈലി പോലീസുകാർ അക്രമിയെ നിലക്കുനിറുത്തു

*ശേഷം പേജ് 29 ൽ*

# ‘പുറപ്പാടിന്റെ’ കാലനിർണ്ണയം

ഫരീദ

**ഇസ്രായേലികളുടെ ഈജിപ്തിലെ ഫറോവമാരുടെ കീഴിലുള്ള അടിമത്വവും അവിടെനിന്നു ഫലസ്തീനിലേക്കുള്ള മോചനവും വിവരിക്കുന്ന ബൈബിൾ അദ്ധ്യായമാണ് ‘പുറപ്പാട്’. ഈജിപ്തിന്റെ അക്കാദമിക്ക് ചരിത്രത്തിൽ ഇതുസംബന്ധിച്ച് രേഖകളില്ല. അത് കണ്ടെത്താനുള്ള ചരിത്രഗവേഷണശ്രമങ്ങളെപ്പറ്റി**

**ബൈ**ബിൾ പഴയ നിയമത്തിലെ ‘പുറപ്പാട്’ (Exodus) പുസ്തകത്തിലെ വിവരങ്ങൾ യഹൂദ ചരിത്രത്തിലെ മുഖ്യസംഭവങ്ങളാണ്. ഫറോവയുടെ കീഴിലെ ഈജിപ്ഷ്യൻ അടിമത്തത്തിൽനിന്നും യഹൂദരുടെ മോചനവും അതുപോലെ സീനാ പർവ്വതത്തിൽവെച്ച് മോസസിന്നുണ്ടായ വെളിപാടുകളുമടങ്ങിയതാണ് പുറപ്പാട് പുസ്തകം. ഇസ്രയേൽ സമുദായം ഒരു ജനതയായി രൂപപ്പെടുകയും ദൈവവുമായുള്ള അവരുടെ സമാഗമനങ്ങളും ഇതിൽ വിവരിച്ചിരിക്കുന്നു.

ഇസ്രയേല്യരുടെ ഈജിപ്ഷ്യൻ അടിമത്ത്വത്തിന്റെ പരിപ്രേക്ഷ്യത്തിലാണ് ‘പുറപ്പാട്’ അധ്യായം ആരംഭിക്കുന്നത്. ജോസഫിന് 350 വർഷങ്ങൾക്ക് ശേഷം ഇസ്രയേല്യർ ഈജിപ്തിൽ അടികമളായി മാറുകയാണുണ്ടായത്.

ഈ സന്ദർഭത്തിലാണ് ലേവ്യഗോത്രത്തിൽപ്പെട്ട യഹൂദി ദമ്പതിമാർക്ക് മോസസ് എന്ന കുഞ്ഞ് ജനിക്കുന്നത്. അപ്പോൾ ജനിക്കുന്ന എല്ലാ ആൺകുഞ്ഞുങ്ങളേയും കൊന്നുകളയണമെന്ന ആജ്ഞ ഫറോവ പുറപ്പെടുവിച്ചിരുന്നു. ഇത്കാരണം മോസസിന്റെ മാതാവ് അവനെ ഒരു കുടയിൽ കിടത്തി സുരക്ഷിതമായി നദിയിലൊഴുക്കുകയുണ്ടായി. നദിയിൽവെച്ച് ഫറോവയുടെ പുത്രി *മോസസിനെ കണ്ടെടുക്കുകയും കൊട്ടാരത്തിൽ കൊണ്ടുവരികയും ചെയ്തു. പ്രായപൂർത്തിയെത്തിയതിന് ശേഷം മോസസ് മിദിയൻ ദേശത്തേക്ക് പലായനം ചെയ്യുകയും അവിടെ ജെത്രോ എന്ന ആളുടെ മകളെ വിവാഹം ചെയ്യുകയും ചെയ്തു. മിദിയനിലെ വാസക്കാലത്തിനിടയിൽ അദ്ദേഹം സീനാപർവ്വതത്തിൽവെച്ച് തിളങ്ങുന്ന ഒരു വൃക്ഷം കാണുകയുണ്ടായി. അവിടെ വെച്ച് അദ്ദേഹത്തിന്ന് തന്റെ ജനതയെ മോചിപ്പിക്കുവാനുള്ള ദിവ്യദൗത്യം നൽകപ്പെട്ടു. അതിനുശേഷമാണ് ഫറോവയും മോസസുമായുള്ള അഭിമുഖം ആരംഭിക്കുന്നത്. മോസസ് തന്റെ ജനതയുടെ അടിമത്തത്തിൽനിന്നുള്ള മോചനം ഫറോവയോട് ആവശ്യപ്പെടുകയുണ്ടായി. പക്ഷേ ഫറോവ കൂടുതൽ കഠിനഹൃദയനായി മാറുകയായിരുന്നു. അതോടൊപ്പം ഫറോവയെ ഇടക്കിടെ സാംക്രമിക രോഗങ്ങൾ പിടിക്കപ്പെട്ടുകൊണ്ടിരുന്നു. അവസാനം മോസസ് ഇസ്രയേലികളെ ഫറോവയുടെ അടിമത്തത്തിൽനിന്നും രക്ഷിക്കുകയുണ്ടായി. ഫറോവയുടെ സൈന്യം മോസസിനെ പിന്തുടർന്നു. പക്ഷേ ദൈവം ഇസ്രയേലികൾക്ക് രക്ഷപ്പെടാൻ കടൽ വിഭജിച്ചുകൊണ്ട് ഒരു രക്ഷാപാതയൊരുക്കുകയാണുണ്ടായത്.

ഈജിപ്ഷ്യൻ അടിമത്വത്തിൽനിന്നും ഫലസ്തീനിലേക്കുള്ള പാലായനം പുറപ്പാട് പുസ്തകത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. കൂടാതെ ഇസ്രയേല്യർക്ക് സീനാപർവ്വതത്തിൽവെച്ച് നൽകപ്പെട്ട നിയമങ്ങളും നടപടികളെ പറ്റിയും വർണ്ണിച്ചിരിക്കുന്നു. പുറപ്പാട് പുസ്തകം യഹൂദ ചരിത്രത്തിലെ നിർണായകസംഭവങ്ങൾ വിവരിച്ച പുസ്തകമാണെന്നതിൽ തർക്കമില്ല.

## പുറപ്പാടിന്റെ കാലനിർണ്ണയം

യഹൂദികളുടെ ഈജിപ്ഷ്യൻ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ കാലം നിർണ്ണയം ചെയ്യാൻ ധാരാളം ശ്രമങ്ങളുണ്ടായിട്ടുണ്ട്. കാലനിർണയത്തിന്റെ ഒന്നാമത്തെ പ്രമാണം ബൈബിൾ തന്നെയാണ്. പുറപ്പാടിന് ശേഷം 480 വർഷങ്ങൾക്ക് ശേഷമാണ് സോളമന്റെ ആരാധനാലയം പണികഴിപ്പിച്ചത് എന്നാണ് ബൈബിൾ പരാമർശം. (ബൈബിളിന്റെ LXX-ാം പതിപ്പിൽ 440 വർഷങ്ങൾക്ക് ശേഷം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്). ചില ചരിത്രകാരന്മാർ 12 തലമുറകൾക്ക് ശേഷം എന്ന കണക്കനുസരിച്ച് ഓരോ തലമുറക്കും 40 വീതം വർഷംവെച്ച് 480 വർഷമായാണ് ഏകദേശം കാലനിർണയം നടത്തിയിട്ടുള്ളത്) സോളമന്റെ ആരാധനാലയം പണിതത് ക്രിസ്തുവിന് 970 വർഷം മുമ്പാണ്. ഇതിൽനിന്നും പുറപ്പാട് ക്രിസ്തുവിന്

* നൈൽ നദിയുടെ ഉത്ഭവസ്ഥാനം ഉൾക്കൊള്ളുന്ന ഈജിപ്തിന്റെ തെക്കൻ പ്രദേശങ്ങൾ ഉപരി ഈജിപ്തും (Upper Egypth) നദീതട പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വടക്കൻപ്രദേശങ്ങൾ നിമ്ന (Loverv Egypth) ഈജിപ്തുമാണ് (പരി:)

1450 വർഷങ്ങൾക്ക് മുമ്പാണ് എന്ന് മനസ്സിലാകുന്നു. ആ സമയത്ത് തുത്മോസസ് (Tuthmosis) ഫറോവയുടെ ഭരണകാലമാണ്. മറ്റൊരു ഗണനപ്രകാരം ഇസ്രയേലികളെ നിർബന്ധിച്ചുകൊണ്ട് പൈരംസീസ് എന്ന പട്ടണം നിർമ്മിച്ചതിനെ അടിസ്ഥാനമാക്കിയുള്ളതാണ്. പുറപ്പാടിന്റെ കാലത്തെ ഫറോവയെപറ്റിയുള്ള അന്വേഷണം പരമ്പരാഗതമായി ചെന്നെത്തുന്നത് പത്തൊമ്പതാം രാജവംശത്തിലെ രംസീസ് രണ്ടാമനിലാണ്. പതിനെട്ടാം രാജവംശത്തേക്കാൾ കൂടുതൽ പത്തൊമ്പതാം രാജവംശത്തിന്റെ കാലത്താണ് 'പുറപ്പാട്' സംഭവിച്ചതെന്ന് കരുതാനുള്ള മുഖ്യകാരണം പത്തൊമ്പതാം രാജവംശത്തിന്റെ കാലത്താണ്. അപ്പർ ഈജിപ്തിലേക്ക് (Upper Egypth) ഫറോവന്മാർ തലസ്ഥാനം മാറ്റിയത്. ഈ അപ്പർ ഈജിപ്തിൽ വെച്ചായിരുന്നു പുറപ്പാട് സംഭവിച്ചത്.

പുറപ്പാടിന്റെ കാലനിർണയത്തിന് വേറൊരു രീതി. ചരിത്രത്തിൽ അറിയപ്പെട്ട മറ്റു സംഭവങ്ങളുമായി പുറപ്പാടിനെ ബന്ധിപ്പിക്കുക എന്നതാണ്. ഇയാൻ വിൽസണും (Ian wilson) ചാൾസ് പെല്ലിഗ്രിനോ (Charls Pelligrino) യും മുന്നോട്ടുവെച്ച-'അഗ്നിപർവ്വത പുറപ്പാട് സിദ്ധാന്തമാണ്'. (Volcano Exodus theory) * അത് തേരാപർവ്വതത്തിലുണ്ടായ അഗ്നിപർവ്വത സ്ഫോടനമാണെന്ന് അവർ വാദിക്കുന്നു. ഇവർ രണ്ടുപേരും ഈ പ്രകൃതി ദുരന്തം നടന്നത് അംഗീകരിക്കുകയും രണ്ടുപേരും ഒരേ ഫറോവയുടെ (തുത്മോസിസ് III) കാലത്താണ് പുറപ്പാട് സംഭവിച്ചതെന്ന് വാദിക്കുകയും ചെയ്യുന്നു. പക്ഷേ അവർ രണ്ടുപേരും തുത്മോസിസ് IIIാമന് വിവിധ കാലങ്ങളാണ് നിർണയിക്കുന്നത്.

അഗ്നിപർവത സിദ്ധാന്തത്തിന്നെതിരെയുള്ള മറ്റൊരു വിയോജിപ്പ് അവർ രണ്ടുപേരും പുറപ്പാടിന്റെ രീതി വിശദീകരിച്ച തിൽനിന്നും ഉത്ഭവിക്കുന്നതാണ്. ഫറോവയുടെ തടയലും മറ്റു

> **പതിനെട്ടാം രാജവംശത്തേക്കാൾ കൂടുതൽ പത്തൊമ്പതാം രാജവംശത്തിന്റെ കാലത്താണ് 'പുറപ്പാട്' സംഭവിച്ചതെന്ന് കരുതാനുള്ള മുഖ്യ കാരണം പത്തൊമ്പതാം രാജവംശത്തിന്റെ കാലത്താണ്. അപ്പർ ഈജിപ്തിലേക്ക് (Upper Egypth) ഫറോവന്മാർ തലസ്ഥാനം മാറ്റിയത്. ഈ അപ്പർ ഈജിപ്തിൽ വെച്ചായിരുന്നു പുറപ്പാട് സംഭവിച്ചത്**

ബൈബിൾ വിവരിക്കുന്ന സംഭവ പരമ്പരകളും അഗ്നിപർവ്വത സ്ഫോടനം നടന്ന ആ നിമിഷത്തിൽ സംഭവിക്കാൻ സാധ്യതയില്ല. ഈ സന്ദർഭത്തിൽ വിൽസണും പെല്ലിഗ്രിനോവും പറയുന്നത് യഹൂദികൾ അവരുടെ കഥ പൊടിപ്പും തൊങ്ങലും വെച്ച് സ്ഥൂലീകരിച്ചതുകൊണ്ടാണ് ഇത്തരം സംഭവ പരമ്പരകളുടെ വർണന ബൈബിളിൽ വരാൻ കാരണമെന്നാണ്. വാസ്തവത്തിൽ ഒരു പ്രത്യേക സമയത്തുള്ള യഹൂദികളുടെ സാധാരണ രക്ഷപ്പെടൽ മാത്രമാണ് പുറപ്പാട്. അതിൽകൂടുതലായി ഒന്നുമില്ല. ഈജിപ്തുകാർ ഈയവസരത്തിൽ അവരുടെതായ പ്രശ്നങ്ങളുമായി കെട്ടിമറിയുകയായിരുന്നു. അതുകൊണ്ട് ഇസ്രയേലികളുടെ രക്ഷപ്പെടൽ തടയാനുമായില്ല-എന്നാണ് അവരുടെ പക്ഷം.

ഈ സിദ്ധാന്തത്തിന്റെ മറ്റൊരു അപാകത അഗ്നിസ്തംഭത്തെപ്പറ്റിയുള്ള ബൈബിൾ പരാമർശമാണ് ഇതുപോലെയുള്ള ഒരഗ്നിപർവ്വത സ്ഫോടനവും അഗ്നിസ്തംഭവും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചാൾസ് ബൈക്ക് എന്ന ഇംഗ്ലീഷ് പണ്ഡിതനാണ് കാണുന്നത്. ഇദ്ദേഹമാണ് ആദ്യമായി പുറപ്പാടിനെ അഗ്നിപർവ്വത സ്ഫോടനവുമായി ബന്ധിപ്പിച്ചത്. ഈ വാദം യാതൊരു എതിർപ്പും കൂടാതെ അംഗീകരിക്കുകയാണുണ്ടായത്. ഏതായാലും തേരയിലെ അഗ്നിപർവ്വത സ്ഫോടനത്തിന്റെ കാലനിർണയം അനിഷേധ്യമായി തെളിയിക്കപ്പെട്ടാൽ മാത്രമേ അഗ്നിപർവ്വത സിദ്ധാന്തത്തിന്റെ ചിത്രം പൂർത്തിയാവൂ.

ജോസഫ് (യൂസുഫ്) ഈജിപ്തിൽ അധികാരത്തിൽ വന്നത് ഈജിപ്ത് വിദേശ ഭരണത്തിന്നു കീഴിൽ (ഹിക്സോകൾ) ഉള്ളപ്പോൾ ആയിരുന്നു. നാല് നൂറ്റാണ്ടുകൾക്ക് ശേഷം 19ാം രാജവംശത്തിന്റെ കാലത്താണ് ഇസ്രയേലികൾ അടിമത്തത്തിലാവുന്നതും തുടർന്ന് പുറപ്പാട് സംഭവിക്കുന്നത്.

പുറപ്പാടിൽ വിവരിച്ച പ്രകൃതി സംഭവങ്ങളെ അടിസ്ഥാനമാക്കിയാണ് ചില ചരിത്രകാരന്മാർ കാലനിർണയം നടത്തുന്നത്. അതിൽ ബർണർ കെല്ലറും ഉൾപ്പെടുന്നു. പ്ലേഗും അതുപോലെ മരുഭൂമിയിൽ ഇസ്രയേലികൾക്ക് ലഭിച്ച മന്ന സൽവ പ്രകൃതി പ്രതിഭാസങ്ങളെ പറ്റിയുള്ള ഗവേഷണങ്ങളും ഇതിലുൾപ്പെടുന്നു. ഈജിപ്തുകാർക്ക് സംഭവിച്ച ദേശീയദുരന്തത്തിന്റെ പാരിസ്തിതികവും ജൈവശാസ്ത്രപരവുമായ നാനാവശത്തെ സംബന്ധിച്ചുള്ള ചർച്ചയാണ് കാലനിർണയത്തിന് ഈ ശാസ്ത്രജ്ഞൻ ആധാരമാക്കുന്നത്.

"Ages in Chaos' എന്ന പുസ്തകത്തിൽ ഇമ്മാനുവൽ വെലികോവ്സ്കി ഉന്നയിച്ച 'ദുരന്തസിദ്ധാന്തം' നമുക്കൊന്ന് പരിശോധിക്കാം. ഈജിപ്ത്യൻ ചരിത്രത്തിൽ പൊതുവായി സ്വീകരിച്ചിരിക്കുന്ന കാലഗണനയെ വെല്ലുവിളിച്ചുകൊണ്ടാണ് വെലികോവ്സ്കി ഞെട്ടിപ്പിക്കുന്ന ഈ

* ബൈബിളിൽ പുറപ്പാടിന്റെ സമയത്ത് മോസസ് ചെങ്കടൽ മുറിച്ചുകടക്കുമ്പോൾ 'പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും അവരുടെ മുമ്പിൽ വിട്ടുമാറാതെ നിന്നു. (പുറപ്പാട് 13:22) എന്ന് കാണാം. ഇത് കുറച്ചകലെ ഉണ്ടായ അഗ്നിപർവ്വതസ്ഫോടനമാണെന്നാണ് (Volcano) ചില പണ്ഡിതന്മാർ പറയുന്നത്. (പരി:)

സിദ്ധാന്തം മുന്നോട്ട് വെച്ചത്. അദ്ദേഹത്തിന്റെ സിദ്ധാന്തം വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടില്ല. എങ്കിലും ഈജിപ്ഷ്യൻ ചരിത്രത്തിലെ കാലഗണനാക്രമത്തിലെ ചില തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ വെലികോവിസ്കിക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പഠനങ്ങൾ രണ്ട് വിധത്തിൽ പ്രയോജനകരമാണ്. ആദ്യമായി അദ്ദേഹം ഈ രംഗത്തുള്ള എല്ലാ പ്രധാനപ്പെട്ട ചരിത്രവിവരങ്ങളും ശേഖരിച്ചിരിക്കുന്നു. രണ്ടാമതായി പൊതുവെ അംഗീകരിക്കപ്പെട്ട ഈജിപ്ഷ്യൻ കാലഗണനയെ വെല്ലുവിളിച്ച എല്ലാ പണ്ഡിതന്മാരുടേയും പഠനങ്ങളെ ക്രോഡീകരിച്ചിരിക്കുന്നു. ക്രിസ്തുവിന് മുമ്പ് മൂന്നാം നൂറ്റാണ്ടിലെ ഈജിപ്ഷ്യൻ പുരോഹിതൻ മനിത്തോവിന്റെ വിവരണങ്ങളെ അടിസ്ഥാനമാക്കിയാണ് ഈജിപ്ഷ്യൻ കാലഗണനാക്രമം രൂപപ്പെടുത്തിയത്. ഈജിപ്ഷ്യൻ കാലഗണനാക്രമത്തെ വെല്ലുവിളിച്ച ഏറ്റവും പുതിയ പുസ്തകം ഡേവിഡ് റോളിന്റെ A Test of Time എന്ന പുസ്തകമാണ്. വെലികോവ്സ്കിയുടെ പഠനങ്ങളെപ്പറ്റി റോൾ തന്റെ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ വാദമുഖങ്ങൾ കൊണ്ട് സാധൂകരിക്കാൻ സാധിക്കുന്നതല്ല എന്ന് റോൾ വിലയിരുത്തുന്നു. ഈജിപ്ഷ്യൻ ചരിത്രത്തെപ്പറ്റി രണ്ടുപേരുടേയും പഠനങ്ങളും സമീപനങ്ങളും വ്യത്യസ്തമാണ്. പുറപ്പാടിന്റെ കാലനിർണയവും വ്യത്യസ്തമാണ്.

## വെലികോവിസ്കിയുടെ വിലയിരുത്തൽ

വെലികോവിസ്കി പുറപ്പാടിനെ സംബന്ധിച്ച് ചില മുഖ്യമായ ആശയങ്ങൾ നൽകി ശരിയായ കാലനിർണ്ണയം നടത്താൻ ശ്രമിച്ചിരിക്കുന്നു. പ്രധാനമായും ഹിക്സോകളുടെ പങ്ക് എന്താണെന്നാണ് അദ്ദേഹം പരിശോധിക്കുന്നത്. നൈൽനദിയിൽ ഇപ്പോഴും ഇടക്കിടെ കാലാവസ്ഥാമാറ്റം കൊണ്ട് സംഭവിക്കുന്ന വെള്ളപ്പൊക്കത്തിന്റെ ഫലമായിട്ടാണ് പുറപ്പാട് സംഭവിച്ചതെന്ന സിദ്ധാന്തം വെലികോവ്സ്കി പാടെ നിരാകരിക്കുന്നുണ്ട്. അത് അവർക്ക് ഒരു നിത്യസംഭവമായിരുന്നുവെന്നും ഈജിപ്തുകാരിൽ ഈ സംഭവം ആകമാനം ബാധിച്ചു എന്നത് ശരിയല്ല എന്നുമാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. നാടോടികളായ ബദുക്കൾ ദിനേനയെന്നോണം ഈജിപ്തിന്റെ അതിർത്തികളിലൂടെ സഞ്ചരിക്കാറുണ്ട്. അതുകൊണ്ട് ഈ സംഭവത്തിൽ യാതൊരു പ്രാധാന്യവും കാണേണ്ടതില്ല എന്നും അദ്ദേഹം പറയുന്നു.

പുറപ്പാട് സംഭവിച്ചത് ഈജിപ്തിനെ ആകമാനം ബാധിച്ച ദേശീയ ദുരന്തത്തിന്റെ കാലത്താണ് എന്ന സിദ്ധാന്തമാണ് വെലികോവ്സ്കി മുന്നോട്ട് വെക്കുന്നത്. ഇതിന്നായി അദ്ദേഹം ചാൾസ് ബെക്കിന്റെ സീനാ പർവ്വതത്തിലെ അഗ്നിപർവ്വത സിദ്ധാന്തം അതുപോലെ ദെബോറെയുടെ ഗീതകങ്ങളും അദ്ദേഹം ആധാരമാക്കുകയും അഗ്നിപർവ്വത സിദ്ധാന്തം ഒന്നു വിപുലീകരിക്കുകയും ചെയ്യുന്നു. ഈജിപ്തിന്റെ ചരിത്രത്തിലെവിടെയെങ്കിലും ഈ അഗ്നിപർവ്വത സ്ഫോടനത്തെപ്പറ്റി വിവരിക്കുന്നുവെങ്കിൽ പുറപ്പാടിന്റെ സമയം നമുക്ക് കൃത്യമായി ലഭിക്കുമെന്ന് അദ്ദേഹം പറയുന്നു.

**പുറപ്പാട് സംഭവിച്ചത് ഈജിപ്തിനെ ആകമാനം ബാധിച്ച ദേശീയ ദുരന്തത്തിന്റെ കാലത്താണ് എന്ന സിദ്ധാന്തമാണ് വെലികോവ്സ്കി മുന്നോട്ട് വെക്കുന്നത്.**

ഈജിപ്തിലെ പ്രകൃതി ദുരന്തങ്ങൾ രേഖപ്പെടുത്തിയ ഇപൂവറിന്റെ വിലാപങ്ങൾ (Laments of Ipuwer) എന്ന പുസ്തകത്തിൽ നിന്നും ഇതിലേക്കുള്ള തെളിവുകൾ അദ്ദേഹം നിരത്തുന്നു. ആ പുസ്തകത്തിൽ ഈജിപ്ത് എങ്ങിനെയാണ് ദുരന്തങ്ങളുടെ നടുക്കയത്തിൽപെടുന്നതെന്ന് വിവരിക്കുന്നു. സാമൂഹ്യ വ്യവസ്ഥ അരാജകത്വത്തിലേക്ക് നീങ്ങി, എവിടെയും കലാപങ്ങൾ, പ്രതിരോധിക്കാൻ കഴിയാത്ത ജനത്തിനുനേരെ പടയോട്ടക്കാരുടെ അക്രമണങ്ങൾ, മുതലായവയായിരുന്നു ആ ദുരന്തങ്ങൾ-പുറപ്പാടിൽ വിവരിച്ച പ്ലേഗും ഇപൂവറിന്റെ പുസ്തകത്തിലെ വിവരണങ്ങളുമായി വെലികോവ്സ്കി താരതമ്യം ചെയ്യുന്നു. ഈ വിലാപഗീതത്തിന് പണ്ഡിതന്മാർ വിവിധ കാലങ്ങളാണ് നിർണയിച്ചിട്ടുള്ളത്. പക്ഷേ പൊതുവെ മധ്യരാജവംശത്തിന്റെ പതനത്തിന് ശേഷമുള്ള രണ്ടാം മധ്യഘട്ടമാണ് എല്ലാവരും അംഗീകരിച്ചിട്ടുള്ളത്. ആ അവസരത്തിലാണ് ഈജിപ്ത് ഹിക്സോകൾ ആക്രമിച്ച് കീഴ്പ്പെടുത്തുന്നത്.

വെലികോവ്സ്കിയുടെ സിദ്ധാന്തപ്രകാരം ഹിക്സോകൾ ഈജിപ്ത് കീഴടക്കുന്നത് ഇസ്രയേലികൾ ഈജിപ്ത് വിട്ടതിന്ന് ശേഷമാണ് എന്നാണ്. ബൈബിളിൽ അവരെ അമേലർ (Amelekiter) എന്നാണ് വിശേഷിപ്പിച്ചത്. ഇസ്രയേലികൾ ഈജിപ്തിൽ നിന്ന് ഫലസ്തീനിലേക്ക് വന്നതിന് ശേഷമാണ് ഹിക്സോകൾ ഈജിപ്തിലേക്ക് ആക്രമിച്ചുകയറിയത്. അമേലർ ക്രൂരരും അപരിഷ്കൃതമായിട്ടാണ് ബൈബിളിൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. അവർ അറബി വംശജരായിരിക്കുമെന്നാണ് വെലികോവ്സ്കി കരുതുന്നത്. ബൈബിൾ ഈജിപ്തിന്മേലുള്ള ശിക്ഷയായി അതായത് 'തിന്മയുടെ മാലാഖമാർ' (സങ്കീർത്തനം 78:49) ആയി വിശേഷിപ്പിച്ചത് അവരെയാണെന്നാണ് വെലികോവ്സ്കി പറയുന്നത്. തിന്മയുടെ മാലാഖമാർക്കുള്ള ഹിബ്രുനാമം 'മാലാക്കിറോഹിം' (Malakhiroim) എന്നാണ്. ഹിക്സോ വർഗ്ഗത്തിൽപ്പെട്ട ഷെപ്പേർഡ് രാജാവിനെ ഹിബ്രുവിൽ

'മൽക്കി റോഹിം' (Malkheiroim) എന്നാണ് വിശേഷിപ്പിക്കുക. 'അലിഫ്' എന്ന ഒരക്ഷരത്തിന്റെ വ്യത്യാസം മാത്രം. ഈ വ്യത്യാസം കണക്കിലെടുത്താൽ ഷെപ്പേർഡ് രാജാവിന്റെ 'ആക്രമണം' തിന്മയുടെ മാലാഖമാരുടെ പ്ലേഗാണെന്ന് കാണാം.

വെലികോവ്സ്കിയുടെ സിദ്ധാന്തം ഫറോവമാർക്കും പുറപ്പാട് സംഭവങ്ങൾക്കും വളരെ കുറഞ്ഞ പ്രാധാന്യമെ നൽകുന്നുള്ളു. ന്യായാധിപന്മാർ, ദിനവൃത്താന്തങ്ങൾ, രാജാക്കന്മാർ എന്നീ അദ്ധ്യായങ്ങളിലെ കഥകളാണ് അദ്ദേഹം കൂടുതൽ വിശകലനത്തിന് വിധേയമാക്കുന്നത്. 'ന്യായാധിപന്മാർ' എന്ന ബൈബിൾ അദ്ധ്യായത്തിൽ ഈജിപ്തിലെ ഭരണത്തെപ്പറ്റി പരാമർശമില്ല. കാരണം ഈജിപ്ത് അപ്പോൾ വിദേശ ഭരണത്തിലായിരുന്നു. അതായത് അഹ്മോസ് (Ahmose) ഡേവിഡിന്റെ (ദാവൂദ് നബി (അ) സമകാലികനാണ്. ശൗൽ അവാറിസ് ഉപരോധിച്ച് ഹിക്സോകളെ പുറത്താക്കാൻ അഹ്മോസുകളെ സഹായിച്ച ആളായിട്ടാണ് കണക്കാക്കുന്നത്. മറ്റൊരു കാര്യം ശീബാ രാജ്ഞിയെ ഈജിപ്തിലെ ഹെപ്ഷീഷട്ട് (Hapshepsut) രാജ്ഞിയുമായാണ് വെലികോവ്സ്കി താരതമ്യം ചെയ്യുന്നത്. ഫലസ്തീനിലെ സോളമന്റെ ആരാധനാലയം ആക്രമിച്ചത് ശിബാരാജ്ഞിയുടെ (ഹെവ് ഷീഷട്ടിന്റെ) വളർത്തു പുത്രനായ തുത്മോസിസ് III ആണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കൊള്ള ചെയ്ത ക്ഷേത്രവസ്തുക്കൾ കൊണ്ടാണ് കർണക്കിലെ (Karnak) ശേഷനിക്ക് ക്ഷേത്രത്തിന്റെ മതിലുകൾ അലങ്കരിച്ചത്. ബൈബിളിലെ ദിനവൃത്താന്തങ്ങൾ, രാജാക്കന്മാർ എന്നീ അദ്ധ്യായങ്ങളിലെ വിവരണങ്ങളിൽനിന്നും ഇരുഭാഗത്തുനിന്നുമുള്ള സമൃദ്ധിയുടെ കാലഘട്ടങ്ങളെപ്പറ്റിയുള്ള വിവരണങ്ങളെ ഈജിപ്തിലെ ടെൽ അൽ അമർന (Tell el Amarna) യിൽ നിന്നും കണ്ടെടുത്ത

**വെലികോവ്സ്കിയുടെ സിദ്ധാന്തം ഫറോവമാർക്കും പുറപ്പാട് സംഭവങ്ങൾക്കും വളരെ കുറഞ്ഞ പ്രാധാന്യമെ നൽകുന്നുള്ളു. ന്യായാധിപന്മാർ, ദിനവൃത്താന്തങ്ങൾ, രാജാക്കന്മാർ എന്നീ അദ്ധ്യായങ്ങളിലെ കഥകളാണ് അദ്ദേഹം കൂടുതൽ വിശകലനത്തിന് വിധേയമാക്കുന്നത്.**

എഴുത്തുകളുമായി താരതമ്യം ചെയ്താണ് ഈ കാലനിർണയം നടത്തിയിരിക്കുന്നത്. കനാനികളും ഫിനീഷ്യരുമായ അമെൽടോപ്പ് III അമെൽടോപ് IV എന്നീ രാജാക്കന്മാരുടെ ഭരണകാലത്തെ അസ്ഥിരമായ കാലഘട്ടത്തെ വിവരിക്കുന്നതാണ് പ്രസ്തുത പുരാതന എഴുത്തുകൾ അതിൽ പറയപ്പെട്ട ഹാബിറു (Habiru) ഡേവിഡിന്റെ കാലത്തെ ഹിബ്രുജനമാണെന്ന് അദ്ദേഹം പറയുന്നു.

## ഡേവിഡ് റോളിന്റെ വീക്ഷണം

ഡേവിഡ് റോൾ എന്ന ചരിത്രകാരന്റെ ഈജിപ്ഷ്യൻ കാലനിർണയം പൊതുവേ സ്വീകരിക്കപ്പെട്ട ഈജിപ്ഷ്യൻ കാലാനുക്രമം തന്നെയാണ്. എങ്കിലും അതിലെ ചില അപാകതകൾ അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ജ്യോതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നവീന കാലരാജ്യം (18ാം രാജവംശം ബി സി 1570 മുതൽ) വാസ്തവത്തിൽ ബി.സി. 1194 മുതലാണ് ആരംഭിക്കുന്നത് അങ്ങിനെ കാലം പുനർനിർണയം ചെയ്യുന്നതുകൊണ്ട് ഈജിപ്തിലെ 18ാം രാജവംശത്തെ ഫലസ്തീനിലെ ഡേവിഡ് രാജാവിന്റെ (ദാവൂദ് നബി) കാലവുമായി സമകാലികമാക്കാനാണ് റോൾ ഉദ്ദേശിക്കുന്നത്. അതായത് 18ാം രാജവംശത്തിലെ അഖിനേതൻ (Akinaton) തുതങ്കമൻ (Tutankhamun) എന്നീ രാജാക്കന്മാർ ഡേവിഡിന്റെ സമകാലികന്മാരായിരുന്നു എന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്.

ഇസ്രായേലികളുടെ ഫലസ്തീൻ യാത്ര 12ാം രാജവംശം മുതൽ ആരംഭിക്കുകയും 13ാം രാജവംശം വരെ നീണ്ടുനിൽക്കുകയും ചെയ്തു എന്നാണ് റോൾ വിശ്വസിക്കുന്നത്. ബൈബിളിലെ ജോസഫിന്റെ (യൂസഫ് നബി) കഥ മധ്യകാല രാജ്യത്തിലെ ശക്തനായ അമിനിം ഹെട്ട് മൂന്നാമന്റെ (Amenemhet III) എന്ന രാജാവിന്റെ സ്ഥാനത്താണ് ഡേവിഡ് റോൾ സ്ഥാപിക്കുന്നത്. നൈൽനദിയിലെ ജലവിതാനം ഏറ്റവും കൂടിയ കാലഘട്ടമിതാണെന്നും തുടർന്ന് ക്ഷാമകാലം വന്നുവെന്നും അദ്ദേഹം പറയുന്നു. അമിനിം ഹെട്ടിന്റെ മുൻഗാമി സിയോസ്ട്രിസ് മൂന്നാമനാണ് (Seostris III) ജോസഫിന്റെ ചരിത്രം യോജിക്കുന്ന ഏറ്റവും നല്ല സ്ഥാനാർത്ഥിയെന്നാണ് മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായം. ഈ രാജാവിന്റെ കാലത്ത് ഈജിപ്ത് ഭരണക്രമം ഏകീകരിക്കപ്പെടുകയും ക്ഷാമകാലത്ത് നല്ല ഭരണം കാഴ്ചവെക്കുകയും ചെയ്തു എന്ന് ഈ വിഭാഗം പണ്ഡിതന്മാർ അറിയപ്പെടുന്നു.

പുരാവസ്തു വിജ്ഞാനീയത്തിന്റെ തെളിവുകൾ റോളിനെ പിന്തുണക്കുന്നത് മൂലം അദ്ദേഹം ഭാഗ്യവാനാണെന്ന് പറയാം. കിഴക്കൻ നൈൽ ഡൽററയിലെ തെൽ എഡ് ഡാബയിലെ (Tell ed Daba) യിലെ ഖനനങ്ങളാണ് അദ്ദേഹത്തിന് തെളിവുകൾ നൽകിയത്. 1979 മാൻഫ്രഡ് ബൈടക്കിന്റെ (Manfred Bietak) നേതൃത്വത്തിൽ നടന്ന ഈ ഖനന ഗവേഷണങ്ങൾ പൗരാണിക ഈജിപ്ഷ്യൻ

* അവാരിസ്, പിറമീസ് എന്നീ പുരാതന ഈജിപ്ഷ്യൻ നഗരങ്ങൾ ജോസഫ് (യൂസുഫ് നബി)ന്റെ കാലത്തോ, ഫറോവമാരോ നിർമ്മിച്ചതാണെന്ന് ചരിത്രകാരന്മാർ പറയുന്നു. ആ നഗരങ്ങളിൽ കണ്ട വമ്പിച്ച ഭക്ഷ്യധാന്യ ഗുദാമുകൾ ഈജിപ്തിലെ ക്ഷാമകാലത്തെ തരണം ചെയ്യാൻ ജോസഫ് നിർമ്മിച്ചതാണെന്ന് അഭിപ്രായമുണ്ട്. (പരി:)

ചരിത്രഗവേഷണ രംഗത്ത് വിപ്ലവകര മായ ചലനങ്ങൾ സൃഷ്ടിച്ചു. തെൽ എഡ് ഡാബയിലെ ഖനനങ്ങൾ 13ാം രാജവംശത്തിലേയും (അവാറിസ്) 19ാം രാജവംശത്തിലേയും (പിറമീസ്) ജന പഥങ്ങൾ കണ്ടെത്തുകയുണ്ടായി.* അമി നിമെറ്റ് മൂന്നാമൻ ഫറോവയുടെ വസീ റായിരുന്നു ജോസഫ് എന്നാണ് റോൾ വിശ്വസിക്കുന്നത്. ജോസഫ് 13ാം രാജ വംശത്തിലെ ആദ്യ ഭരണാധികാരി യുടെ കാലംവരെ ഭരിച്ചു എന്നും അദ്ദേഹം പറയുന്നു. അവാരിസിലെ ജോസഫ് ഭരണം നടത്തിയ കൊട്ടാ രവും അദ്ദേഹം കണ്ടെത്തി. പുറപ്പാടു കാലത്തെ ഫറോവ 13ാം രാജവംശ ത്തിലെ 36ാമത്തെ രാജാവ് ദുദിമോസ (Dudimose) ആണെന്നാണ് റോൾ തിരി ച്ചറിയുന്നത്. മനീത്തോയുടെ വിവരണ ത്തിൽ ദൈവം ദുദിമോസിന്റെ ഭരണ കാലത്ത് ഈജിപ്തിനെ പ്രഹരിക്കു ന്നതായി വിവരിക്കുന്നു. തെൽ എഡ് ഡാബയിൽ കണ്ടെത്തിയ മൃതദേഹ ങ്ങൾ സംസ്കരിച്ച കുഴികൾ പ്ലേഗ് രോഗം വന്ന് മരിച്ചവരെ മറമാടിയ താണെന്ന് റോൾ പറയുന്നു. അദ്ദേഹ ത്തിന്റെ വീക്ഷണത്തിൽ ഇസ്രയേലൂർ ഈജിപ്ത് വിടുകയും വടക്കൻ അറേ ബ്യയിലെ അമാലോക്യരുടെ (Amelekites) അടുക്കലേക്ക് പോവു കയും ചെയ്തു. അമാലോക്യരാണ് പിന്നീട് അവാറിസിൽ കുടിയേറിയത് പുരാവസ്തുരേഖകൾ ഈജിപ്തുകാര ല്ലാത്ത ഏഷ്യൻ നിവാസികൾ ഈജി പ്തിൽ വസിച്ചതായി പറയുന്നു.

ജോഷ്വാ കനാൽദേശം (ഫല സ്തീൻ) കീഴടക്കിയത് മധ്യവെങ്കല യുഗത്തിലെ (middle Bronze age) ജെറിക്കോ, ഹസാർ എന്നീ കോട്ടമതി ലുകളുള്ള പട്ടണങ്ങൾ നശിപ്പിച്ചുകൊ ണ്ടാണ്. എന്നാൽ പാരമ്പര്യ കാലഗ ണന പ്രകാരം ഇസ്രായേല്യർ വരു മ്പോൾ ആ പട്ടണങ്ങൾ അവിടെയില്ലാ യിരുന്നു.

റോളിന്റെ അഭിപ്രായത്തിൽ ഡേവിഡ് രാജാവും, ശൗലും ഈജി പ്തിലെ 18ാം രാജവംശത്തിന്റെ സമകാ ലികരാണ് ബൈബിളിലെ ശമുവേൽ രണ്ടാം പുസ്തകത്തിൽ പരാമർശിച്ച രാഷ്ട്രീയ സംഭവങ്ങൾ എൽ അമർന (el Amarna)യിലെ എഴുത്തുകളുമായി യോജിക്കുന്നതുമാണ്. അതുകൂടാതെ സോളമന്റെ മരണത്തിന് അഞ്ച് വർഷ ങ്ങൾക്ക് ശേഷം അദ്ദേഹം നിർമ്മിച്ച ആരാധനാലയം കൊള്ളചെയ്ത് കൊണ്ടുപോയത് ശീശക് ഫറോവയാ ണ്. പിന്നീട് ആ ക്ഷേത്രവസ്തു ക്കൾക്കൊണ്ട് കർനക്കിലെ തന്റെ വിജ യസ്തംഭനത്തിന്നുമേൽ പതിക്കുകയു ണ്ടായി. ഈ ഫറോവ തുത് മോസിസ് രണ്ടാമനല്ല മറിച്ച് രംസിസ് രണ്ടാമനാ ണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

ബൈബിളിലെ പുറപ്പാടിന്റെ പരി പ്രേക്ഷ്യത്തിൽ യഥാർത്ഥ രാഷ്ട്രീയ സാഹചര്യം നാം പഠിക്കുമ്പോൾ വളരെ കുറഞ്ഞ വിവരങ്ങൾ മാത്രമേ നമുക്ക് അതിൽനിന്നും ലഭിക്കുന്നുള്ളൂ. പ്രത്യേ കിച്ച് ഫറോവമാരുടെ വ്യക്തി ത്വത്തെകുറിച്ചും ഇസ്രായേലികളുടെ അവസ്ഥയെസംബന്ധിച്ചും. എന്നാൽ ഫറോവാമാരുടെ ഭരണത്തെ സംബ ന്ധിച്ചും ഈജിപ്ത് വിട്ടതിന് ശേഷ മുള്ള ഇസ്രയേൽ അവസ്ഥയെ സംബ ന്ധിച്ചും ധാരാളം വിവരണങ്ങൾ ബൈബിൾ നൽകുന്നു. ഈ സാഹച ര്യത്തിൽ ബൈബിൾ പഴയ നിയമ ത്തിന്റെ കേന്ദ്ര വിഷയമെന്ന് കരുതുന്ന 'ഇസ്രയേലികളുടെ ഈജിപ്തിൽ നിന്നുള്ള ഒഴിഞ്ഞുപോക്ക്' ചരിത്രപര മായി അവ്യക്തവും നിസ്സാരവിഷയവു മാണ്. ഡേവിസ് റോൾ ഈ അവസ്ഥ യിൽ ആശങ്കാകുലനാണ്. പുരാവസ്തു ഗവേഷകന്മാർ തെറ്റായ സ്ഥലങ്ങളിൽ ഖനനം നടത്തുന്നതുകൊണ്ടാണ് ബൈബിളിൽ വിവരിച്ച ഫറോവാ ഭര ണത്തിലെ മഹത്വങ്ങളും സമ്പത്തും കണ്ടെത്താൻ കഴിയാത്തതെന്ന് റോൾ ഉൽക്കണ്ഠപ്പെടുന്നു. ഫലസ്തീനിൽ നേരിയ തോതിൽ വ്യാപിച്ചിരുന്ന ഇരു മ്പുയുഗം (Iron age BC-1000-900) അന്വേഷിക്കുന്നതിന് പകരം ഗവേഷക ന്മാർ വെങ്കലയുഗത്തിൽ (BC 1350-1250) ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാ ണെന്ന് അദ്ദേഹം പറഞ്ഞു.

## ചർച്ച

വെലികോവ്സ്കിയും ഡേവിഡ് റോളും രണ്ടുപേരും 'തിന്മയുടെ മാലാ ഖമാർ' (Evil angels) എന്ന ബൈബി ളിലെ പ്രയോഗം പുരാതന അറബ് വംശജരും പടയോട്ടക്കാരുമായിരുന്ന ഹിക്സോകളാണെന്ന് പറയുന്നു. അവ രുടെ വീക്ഷണത്തിൽ ഈജിപ്തിനെ അക്രമിച്ചു കീഴ്പ്പെടുത്തിയ വിദേശീയ രെ പുറത്താക്കാൻ അഹ്മോസ് രാജാ വിനെ (നവീന ഫറോവ രാജവംശ ത്തിലെ ഒന്നാമത്തെ രാജാവ്) ഇസ്രാ യേല്യർ സഹായിച്ചു എന്നാണ് പറയു ന്നത്. വിദേശീകളെ പുറത്താക്കാൻ തങ്ങളെ അടിമകളാക്കിവെച്ച തദ്ദേശീ യരായ ഈജിപ്തിലെ ഫറോവമാരെ ഇസ്രായേലിൽ സഹായിക്കുക എന്നത് വളരെ വിചിത്രമായ ഒരു വാദമാണ്. വിദേശീയരാകട്ടെ (ഹിക്സോകൾ) ഈജിപ്തിനെ ശിക്ഷിക്കാൻ വേണ്ടി ദൈവമയച്ച തിന്മയുടെ മാലാഖമാരും.

ജോസഫ്സ്, ആഫ്രിക്കാനൂസ് എന്നീ പുരാതന ചരിത്രകാരന്മാർ ഹിക്സോകളെ ഈജ്പിതിൽ നിന്നും പുറത്താക്കിയത് പുറപ്പാടിൽ വിവരിച്ചി രിക്കേണ്ടതായിരുന്നു എന്ന അഭിപ്രായ ക്കാരാണ്. എന്നാൽ ഹിക്സോകളെ ക്രൂരരും കാടൻമാരുമായിട്ടാണ് പ്രസ്തുത ചരിത്രകാരന്മാർ ചിത്രീകരി ച്ചിരിക്കുന്നത്.

പുറപ്പാടിനെപ്പറ്റിയുള്ള പല സിദ്ധാ ന്തങ്ങളിലും പുറപ്പാടിന്റെ കാലത്തെ ഈജിപ്ഷ്യൻ ഭരണം വളരെ കഠിനവും ഇസ്രായേലികളെ ഈജിപ്ത് വിടാൻ അനുവദിക്കാത്തതുമാണെന്ന് തെളിയു ന്നുണ്ട്. പുറപ്പാട് സംഭവിച്ചത് ഈജിപ്ത് ഭരണം ദുർബലമായ ദേശീയ ദുരന്ത ത്തിന്റെ കാലഘട്ടത്തിലായിരുന്നില്ല. ഇതുകൊണ്ടാണ് ചരിത്രകാരന്മാർ പുറ പ്പാട് കാലത്തെ അഭ്യന്തര കലാപത്തി നേയും പ്രകൃതി ഭരണത്തിന്റെയും

* ബൈബിളിൽ മോസസിന്റെ നേതൃത്വത്തിൽ ഈജിപ്ഷ്യൻ അടിമത്തത്തിൽ നിന്നും ഇസ്രയേലികൾ മോചിതരായെങ്കിലും നാല്പതു വർഷത്തെ മരുഭൂവാസത്തിനുശേഷം മോസസിന്റെ സേവകനായ ജോഷ്വായുടെ കാലത്താണ് കാനാനിൻ (ഫലസ്തീനിൽ) പ്രവേശിക്കു ന്നത്. (പരി:)

കാലവുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നത്. ഇത് വിശുദ്ധ മതഗ്രന്ഥങ്ങളിലെ വിവരണങ്ങളുടെ സൂചനകളെ പരാജയപ്പെടുത്തുന്നതാണ്. മതഗ്രന്ഥങ്ങൾ ഫറോഡമാരെ അനിശക്തരും അജയ്യരുമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

ഇപൂവരുടെ വിലാപ ഗീതകങ്ങളും പുറപ്പാട് പുസ്തകത്തിലെ ചില വിവരണങ്ങളും തമ്മിൽ ധാരാളം സാമ്യതകളുണ്ട്. ഈപൂവരുടെ ഈ ഗീതങ്ങൾ ബൈബിൾ വിവരണത്തേക്കാൾ പഴയതാണെന്ന് പറയുന്നു. ബൈബിളിലെ വിവരണങ്ങൾ നോക്കി ഇപൂവർ തന്റെ വിലാപ ഗീതങ്ങൾ ആവിഷ്കരിച്ചതാണെന്ന് വരാനും സാധ്യതയില്ലേ?

ഈജിപ്തിലെ കർണക് ക്ഷേത്രമതിൽ അലങ്കരിച്ചത് സോളമന്റെ ആരാധനാലയത്തിൽനിന്നും അദ്ദേഹത്തിന്റെ മരണത്തിന് അഞ്ചു വർഷങ്ങൾക്ക് ശേഷം കവർന്നെടുത്ത വസ്തുക്കൾ കൊണ്ടാണെന്ന് ബൈബിൾ രേഖപ്പെടുത്തുന്നു. ഇതിനെ സംബന്ധിച്ച് ആദ്യമായുണ്ടായ രേഖ ബൈബിളോ അതല്ല ഇജിപ്ഷ്യൻ പുരാലിഖിതങ്ങളോ എന്ന പ്രശ്നവും അവ്യക്തമായി അവശേഷിക്കുന്നു.

## ഉപസംഹാരം

ആശയകുഴപ്പമുണ്ടാക്കുന്ന കടംകഥകൾപോലെയുള്ള അനേകം ചരിത്ര പ്രശ്നങ്ങളിൽനിന്നും വളരെ ചുരുങ്ങിയ ചരിത്രങ്ങൾ മാത്രമാണ് നമ്മുടെ കൈകളിൽ ലഭിച്ചത്. പുറപ്പാട് വിവരണം തൃപ്തികരമായ രീതിയിൽ പറഞ്ഞുതരുന്ന ഒരു ചരിത്രസിദ്ധാന്തവും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. ഇതുവരെ മിഴിവുറ്റ വ്യക്തമായ ഒരു ചിത്രം അത് സംബന്ധിച്ചു ലഭിച്ചിട്ടുമില്ല. ഓരോ ഈജിപ്ത്യൻ ചരിത്രവിവരണങ്ങളും നമ്മിൽ ചരിത്രവൈദഗ്ധ്യത്തിന്റെ തെറ്റായ ബോധം ജനിപ്പിക്കുകയാണ്. പ്രത്യേകിച്ച് റോൾ തന്റെ വാദങ്ങൾ വളരെ കാതലോടെ മയപ്പെടുത്തി ആകർഷകമാക്കിയാണ് അവതരിപ്പിക്കുന്നത്. ചരിത്രകാരന്മാർ ചരിത്രം പറയുന്നതിൽ എത്ര സ്വാതന്ത്ര്യംമെടുത്തിയിട്ടുണ്ടെന്ന് നാം അറിയുന്നില്ല. കാരണം നമുക്ക് ചില മേഖലകളിലുള്ള പ്രത്യേക വിവരങ്ങൾ മാത്രമേ അവരിൽനിന്ന് ലഭിക്കുന്നുള്ളൂ.

ഈജിപ്ഷ്യൻ ചരിത്രത്തിലെ കാലാനുക്രമം (Chronology) ത്തിലേക്ക് പുതിയ കണ്ടുപിടുത്തങ്ങളും സങ്കേതങ്ങളും വെളിച്ചം വീശിയേക്കാം. പക്ഷേ ഇത് സംബന്ധിച്ചുള്ള വിധിതീർപ്പ് സാധ്യമായ എല്ലാ സാങ്കേതിക ജ്ഞാനവും ശരിയായ അക്കാദമിക്ക് സമീപനവുമുപയോഗിച്ചാണ് നിർവ്വഹിക്കേണ്ടത്.

ഈജിപ്ഷ്യൻ വിജ്ഞാനീയം (Egyptiology) ഇപ്പോഴും അത്യധികം കൗതുകമുണർത്തുന്നതാണ്. അത് തുടർന്നുകൊണ്ടേയിരിക്കും. ഈജിപ്ഷ്യൻ ചരിത്രത്തിൽ നമുക്ക് താൽപ്പര്യമുള്ള മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. അതായത് റംസീസ് രണ്ടാമന്റെ മക്കളുടെ ശവകുടീരങ്ങളും കണ്ടെത്തൽ അവാറിസ് നഗരത്തിന്റെ ഗവേഷണങ്ങൾ, രാംസിസിന്റെ കാലത്തെ പത്തൊമ്പതാം രാജവംശം മുതലായവയാണ് ആ വിഷയങ്ങൾ. നമ്മുടെ ഗവേഷണങ്ങളുടെ കേന്ദ്രം ജോസഫ് (അ) മോസസ് (അ) ഡേവിഡ് (അ), സോളമൻ (അ) എന്നീ വ്യക്തികളുടെ വ്യക്തമായ ചരിത്രവിവരണങ്ങളായിരിക്കണം തീർച്ചയായും വിശുദ്ധഖുർആൻ ഈ വിഷയത്തിലേക്ക് ഏറ്റവും വിലപ്പെട്ട പല വിവരങ്ങളും തരാൻ സാധിക്കും.

ബൈബിളിലും ഖുർആനിലും വിവരിച്ച പുറപ്പാടിന്റെ നിഗൂഢതകൾ അനാവരണം ചെയ്യുന്ന ചരിത്രകാരന്മാർക്ക് അതിലെ കാലനിർണയം, സംഭവ പരമ്പരകളുടെ വിവരണങ്ങൾ, ഫറോവമാരുടെ വ്യതിരിക്തത എന്നിവയെ സംബന്ധിച്ച് ഓരോരുത്തർക്കും വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. 13, 18, 19

### ഈജിപ്ത് പുറപ്പാട് സംഭവങ്ങളുടെ ചരിത്രകാലഘട്ടം (ഇടക്കാല സാമ്രാജ്യകാലം)

**12ാം രാജവംശം**

സെസോറിയസ് III - 1887 – 1850

അമിനെം ഹെട്ട് III 1850 – 1800

**രണ്ടാം മധ്യഘട്ടം**

ഹിക്സോകളുടെ ഭരണം – 1638 – 1570

**നവീന സാമ്രാജ്യം**

18–ാം രാജവംശം

അഹ്മോസ് 1580 – 1558

ഇത്മോസിസ് III 1483 – 1450

അമെനോപിസ് III 1391 – 1353

അമെനോവിസ് IV 1353 – 1337 (അഖനേറ്റർ)

**19–ാം രാജവംശം**

രാംസീസ് i 1295 – 1294

സെതോസ് i 1294 – 1279

രംസീസ് ii 1279 – 1213

മെർനെപ്ത് 1213 – 1203

എന്നീ രാജവംശങ്ങളിലെ തുത്മോസിസ്, ദുദിമോസ് റംസീസ് എന്നീ ഫറോവമാരുടെ കാലത്തോ മറ്റേതെങ്കിലും കാലത്തോ ആയിരിക്കാം പുറപ്പാട് സംഭവിച്ചത്. പുറപ്പാട് ചരിത്രകാരന്മാരെല്ലാംതന്നെ ഊരാക്കുടുക്കുകളിൽ അകപ്പെട്ടിട്ടുണ്ടെന്നാണ് നമ്മുടെ വിനീതമായ അഭിപ്രായം. ഈ അവസ്ഥ കണക്കിലെടുത്ത് ഭാവിയിൽ ഒരു വ്യക്തമായ ചിത്രം ലഭിക്കണമെന്ന് കരുതി അവധാനപൂർവ്വം നമുക്ക് കാത്തിരിക്കാം. ■

Reference

1. 'The Exodus enigma' Wilson (Weidenfeld Nicolson 1985)
2. 'Return to Sodam and Gomorrah', C. Pellegrino (The Softback Preview-1995)
3. 'Ages in chaos' I. Velikovsky (Abacus edition) 1973
4. 'A test of time' D. Rohi-1995
5. 'Understanding the Bible' S. Harris (Mayfield Publishing Company 1985)
6. Avaris and Piramese Archaeological Exploration in the Eastern Nile' M Biefak (British Acadamy 1981)
7. The Bible as History Revised, W Keller (Hodder and Stoughton - 1980)

**Christianity a Journey from fact to Fiction** എന്ന പുസ്തകത്തിൽ നിന്ന്

# നീതിപാലനവും പൊറുത്തുകൊടുക്കലും

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

## കുറ്റം ചെയ്തവനെ തതുല്യമായി ശിക്ഷിക്കുക എന്ന നീതിപാലനവും പൊറുത്തുകൊടുക്കുക എന്ന ഗുണവും ദൈവത്തിൽ സമന്വയിപ്പിക്കാൻ ക്രിസ്തുമതത്തിനാവുന്നില്ല. അതിന്നായി അവർ ക്രിത്രിമവും യുക്തിഹീനവുമായ പാപമോചന സിദ്ധാന്തത്തിൽ അഭയം തേടുന്നു

കുറ്റത്തെയും ശിക്ഷയേയും കുറിച്ചുള്ള ക്രിസ്തീയ സിദ്ധാന്തം നിഷ്പക്ഷകനായ ഒരു ധിഷണാശാലിയെ ആശയക്കുഴപ്പത്തിലാക്കുമെന്ന് മാത്രമല്ല അവനിൽ അമ്പരപ്പിക്കുന്ന അനേകം സമസ്യകൾ ഉയർത്തുകയും ചെയ്യുന്നു. ക്രിസ്ത്യൻ പാപമോചന സിദ്ധാന്തത്തിലധിഷ്ഠിതമായ നീതിപാലനം, പൊറുത്തുകൊടുക്കൽ എന്നീ സങ്കൽപ്പനങ്ങൾ എന്തുകൊണ്ട് ദൈവത്തിന് പൊറുത്തുകൊടുക്കാൻ കഴിയുന്നില്ല എന്ന കാര്യം വിശദീകരിച്ചു കൊടുക്കാൻ ശ്രമിക്കാറുണ്ട്. നീതിപാലനവും, പൊറുത്തുകൊടുക്കലും ഒപ്പത്തിനൊപ്പം കൊണ്ടുപോകാൻ സാധ്യമല്ല എന്ന തികച്ചും തെറ്റായതും കൃത്രിമമായതുമായ നീതിസങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ക്രിസ്തീയ വിശദീകരണം. അതങ്ങനെയിരിക്കട്ടെ. പക്ഷേ മനുഷ്യബന്ധങ്ങളെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ചർച്ചചെയ്യുമ്പോൾ എന്തുകൊണ്ട് ക്രിസ്തീയ സുവിശേഷങ്ങൾ പൊറുത്തുകൊടുക്കലിനെ സംബന്ധിച്ച് അത്യധികം ഊന്നൽ കൊടുക്കുന്നത്. ഞാൻ വായിച്ച മതങ്ങളുടെ ദിവ്യഗ്രന്ഥങ്ങളിലൊന്നും തന്നെ ഏകപക്ഷീയമായ പൊറുത്തുകൊടുക്കലിനെ സംബന്ധിച്ച് ഇത്രയും ഊന്നിപ്പറയുന്ന അദ്ധ്യാപനങ്ങൾ കണ്ടിട്ടില്ല. യഹൂദരുടെ പരമ്പരാഗത മതാദ്ധ്യാപനങ്ങളിൽ കാണപ്പെടുന്ന നീതി തത്ത്വങ്ങളുമായി ഇതിന് അമ്പരപ്പിക്കുന്ന വൈരുദ്ധ്യമുണ്ട്. കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല് അതായിരുന്നു യഹൂദനീതി. കലർപ്പില്ലാത്തതും ലളിതവും തുലനാത്മകവുമായ നീതിയായിരുന്നു അത്. ഇതിൽനിന്ന് നാടകീയമായ പിന്മാറ്റമാണ് നമുക്ക് ക്രിസ്തീയ സിദ്ധാന്തങ്ങളിൽ കാണാൻ സാധിക്കുക. അതായത് ഒരു ചെകിട്ടത്തടിച്ചാൽ മറ്റേ ചെകിടും കാണിച്ചുകൊടുക്കുക എന്ന അദ്ധ്യാപനം. തോറയുടെ പഴയ അദ്ധ്യാപനങ്ങൾക്കെതിരായി ആരാണ് പുതിയ അദ്ധ്യാപനങ്ങൾ അവർക്ക് നൽകിയത്? പിതാവായ ദൈവത്തിന്റെ തോറയിലെ ആദ്യത്തെ അദ്ധ്യാപനങ്ങൾക് കടവിരുദ്ധമാണ് ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ പുതിയ നിയമത്തിലെ അദ്ധ്യാപനം എന്നത് ആരിലും ആശ്ചര്യ മുളവാക്കിയിരുന്നില്ലേ? അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ദൈവത്തിന്റെ പുത്രൻ തന്റെ പിതാവിന്റെ അദ്ധ്യാപനത്തിന് കടകവിരുദ്ധമായ നിലപാട് സ്വീകരിച്ചു? പ്രതികാരത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള യഹൂദ നിയമത്തിന് എതിരായിക്കൊണ്ട് നിരുപാധികമാപ്പിന്റെ ക്രിസ്തീയ സമീപനം. ദൈവത്തിൽനിന്നുമുണ്ടായ നേർ വിപരീതമായ ഒരു മാറ്റത്തിന്റെ ഉദാഹരണമാണ്. പുത്രനിലുണ്ടായ അത്തരത്തിലുള്ള മാറ്റം ജനിതകപരമായ വൈകല്യമോ പരിണാമത്തിലുണ്ടായ മാറ്റമോ ആകാമെന്ന് കരുതേണ്ടിയിരിക്കുന്നു. മോസസിനും വേദക്കാർക്കും നൽകിയ അദ്ധ്യാപനങ്ങളെയോർത്ത് ദൈവം ആത്മാർത്ഥമായി പശ്ചാത്തപിച്ചതായും തന്റെ തെറ്റിന് വളരെയധികം പ്രായശ്ചിത്തം നൽകിയതായും ഇവിടെ കാണപ്പെടുന്നു.

മുസ്ലിംകൾ എന്ന നിലക്ക് ഈ അടിസ്ഥാനപരമായ വ്യതിയാനത്തിൽ ഞങ്ങൾ യാതൊരു വൈരുദ്ധ്യവും ദർശിക്കുന്നില്ല. കാരണം നീതിപാലനത്തിന്റെയും പൊറുത്തുകൊടുക്കലിന്റെയും രണ്ട് ഗുണങ്ങളും സമന്വയിപ്പിച്ചതായി ഞങ്ങൾ ദൈവത്തിൽ കാണുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം യഹൂദ നിയമത്തിൽനിന്നുള്ള യേശുവിന്റെ ഈ മാറ്റം ഒരു തെറ്റുതിരുത്തലായിരുന്നില്ല. വാസ്തവത്തിൽ ആ ദൈവികനിയമങ്ങൾ യഹൂദികൾ തെറ്റായി നടപ്പാക്കുകയായിരുന്നു ചെയ്തത്. ദൈവം നീതിമാൻ മാത്രമല്ല. കാരുണ്യവാനും കരുണാനിധിയുമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പാപം പൊറുത്തുകൊടുക്കാൻ ദൈവം

ഉദ്ദേശിക്കുന്നുവെങ്കിൽ അതിന്നായി പുറത്ത്നിന്നുള്ള ആരുടെയും സഹായത്തിനുവേണ്ടി അവന് കാത്തുനിൽക്കേണ്ടതില്ല. എന്നാൽ ക്രിസ്തീയ വീക്ഷണകോണിൽ കൂടി നോക്കുമ്പോൾ ഈ പ്രശ്നം വമ്പിച്ച വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കുന്നു. അതായത് തോറയിലെ ദൈവത്തിന് നീതിപാലനത്തെകുറിച്ച് മാത്രമേ അറിയൂ എന്ന് കാണപ്പെടുന്നു. ആ ദൈവത്തിന്ന് കാരുണ്യത്തെക്കുറിച്ചോ അനുകമ്പയെ കുറിച്ചോ അറിവില്ല. എത്രതന്നെ ആഗ്രഹിച്ചാലും ശരി ദൈവത്തിന് പൊറുത്തു കൊടുക്കാൻ കഴിയുമായിരുന്നില്ല. അപ്പോൾ സംഭവിച്ചത് കാണുക. ദൈവത്തിന്റെ സഹായത്തിനായി ദൈവത്തിന്റെ പുത്രൻ എത്തുന്നു. അങ്ങനെ ദൈവം അകപ്പെട്ട കൊടിയ വിഷമവൃത്തങ്ങളിൽ നിന്നു ദൈവപുത്രൻ ദൈവത്തെ മോചിപ്പിക്കുന്നു. അതായത് പ്രതികാരത്തിന്റെ ഉഗ്രമൂർത്തിയായ പിതാവിനെതിരെ കാരുണ്യത്തിന്റെ മൂർത്തിസാകല്യമായിരുന്നു പുത്രൻ എന്ന് നാം കാണുന്നു. മനുഷ്യമനസ്സാക്ഷിയെ അസ്വസ്ഥമാക്കുന്ന കേവലമൊരു അസംബന്ധം മാത്രമല്ല ഈ പുത്രസങ്കൽപ്പം. പിതാവിന്റെയും പുത്രന്റെയും വ്യക്തിത്വത്തിലുള്ള വൈരുദ്ധ്യങ്ങൾ ഒരിക്കൽകൂടി അത് ഉയർത്തിക്കൊണ്ട് വരുന്നു. അതായത് യേശുക്രിസ്തു ദൈവത്തിന്റെ യഥാർത്ഥ ഗുണമുള്ള പുത്രനായി കാണപ്പെടുന്നില്ല. ഒരുപക്ഷേ ക്രിസ്തു ജനിതകപരമായ ഒരു അബദ്ധമായിരിക്കാം.

അന്വേഷണത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട മേഖല പാപത്തെക്കുറിച്ചുള്ള മറ്റു മതങ്ങളുടെ സമീപനത്തെപ്പറ്റിയാണ്. തീർച്ചയായും ക്രിസ്തുമതം മാത്രമാണ് ലോകത്ത് വെളിപാടുമതമെന്ന് കരുതാനാവില്ല. ജനസംഖ്യാപരമായി അക്രൈസ്തവരാണ് ക്രിസ്ത്യാനികളെക്കാൾ കൂടുതൽ. യേശുക്രിസ്തു ജനിക്കുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് തന്നെ നിരവധി മതങ്ങൾ ജന്മംകൊള്ളുകയും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ മനുഷ്യസമൂഹങ്ങളിൽ വേരുപിടിക്കുകയും ചെയ്തിട്ടുണ്ട്. ഈ മതങ്ങളൊന്നും ക്രിസ്ത്യാനികളുടെ പ്രായശ്ചിത്ത സിദ്ധാന്തവുമായി അൽപ്പമെങ്കിലും ബന്ധമുള്ള പാപമോ ചനത്തെ സംബന്ധിച്ച് എപ്പോഴെങ്കിലും സംസാരിച്ചിട്ടുണ്ടോ? ദൈവത്തെ സംബന്ധിച്ച് അല്ലെങ്കിൽ അവർ ഇന്ന് വിശ്വസിക്കുന്ന ബഹുദൈവങ്ങളെ സംബന്ധിച്ച് അവരുടെ സങ്കൽപ്പമെന്താണ്? പാപികളായ മനുഷ്യസമുദായങ്ങളോട് ദൈവം എങ്ങനെ പെരുമാറുമെന്നാണ് ഈ മതങ്ങൾ വിശ്വസിക്കുന്നത്?

മതങ്ങളെ പരസ്പരം താരതമ്യം ചെയ്യുമ്പോൾ ഒരു പക്ഷേ ക്രിസ്തുമതവുമായി ഏറ്റവും അടുത്ത് നിൽക്കുന്നത് ഹിന്ദുമതമാണ്. ഇതും ഭാഗികമായി മാത്രമാണ് ശരി. ഹിന്ദുക്കൾ ദൈവത്തിന്റെ കേവലനീതിപാലകത്വത്തിൽ വിശ്വസിക്കുന്നു. പാപം ചെയ്ത മനുഷ്യനെ അതിന്റെ അളവനുസരിച്ചു ശിക്ഷിക്കണമെന്ന് ഹിന്ദുക്കളുടെ ദൈവത്തിന് നിർബന്ധമാണ്. പക്ഷേ ഈ സാമ്യത ഇവിടെ അവസാനിക്കുന്നു. ലോകത്തുള്ള എല്ലാ പാപികളുടേയും പാപം ചുമലിലേറ്റുന്ന ഒരു പുത്രനെ പറ്റി വളരെ വിദൂരമായി പോലും ഹിന്ദുമതം പ്രതിപാദിക്കുന്നില്ല. അതിനുപകരം മനുഷ്യാത്മാവ് മൃഗത്തിന്റെ ശരീരത്തിൽ പ്രവേശിച്ച് നടത്തുന്ന അനന്തമായ കുറ്റത്തിന്റേയും ശിക്ഷയുടേയും എണ്ണമറ്റ വിവിധങ്ങളായ പുനർജന്മങ്ങളെ കുറിച്ചാണ് ഹിന്ദുമതം പറയുന്നത്. ചെയ്തു തീർത്ത കുറ്റങ്ങൾക്കെല്ലാം ശിക്ഷ അനുഭവിച്ചശേഷമേ ആത്മാവിന് മോചനം ലഭ്യമാകുന്നുള്ളു. ഇത് തീർച്ചയായും ഭയാനകവും സ്തോഭജനകവുമാണ്. പക്ഷേ ഇതിൽ നീതിപാലനത്തിന്റെ തത്ത്വശാസ്ത്രം ഉൾപ്പെട്ടിട്ടുണ്ട്. കേവല നീതിയുടെ സങ്കൽപ്പത്തിന്റെ സമിതി വളരെ സന്തുലനാത്മകമായി പരിപൂർണ്ണ നിലയിൽ ഇതിൽ അടങ്ങിയിരിക്കുന്നു.

കാര്യകാരണ ബന്ധത്തിന്റെ സകലവിധ സങ്കീർണ്ണതകളും ഉൾക്കൊള്ളുന്ന പുനർജന്മത്തിന്റെ തത്ത്വശാസ്ത്രം പറയുന്ന ഹിന്ദുമതത്തേയും ക്രിസ്തുമതത്തേയും അതുപോലെ മറ്റെല്ലാ മതങ്ങളേയും വെറുതെവിടുക. ലോകത്ത് അവശേഷിക്കുന്ന വലുതും ചെറുതുമായ മറ്റു മതങ്ങൾ ദൈവത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന പൊറുത്തുകൊടുക്കുക എന്ന ഗുണത്തെ സംബന്ധിച്ച് എന്ത്പറയുന്നു? നൂറുകോടിയിലധികം വിശ്വാസികളുള്ള ഹിന്ദുമതവും അതുപോലെയുള്ള മറ്റു മതങ്ങളും പാപമോചനത്തിന്റെ പ്രഹേളികയെപറ്റി ഒന്നും പറയാതെ പൂർണ്ണമായും അവഗണിച്ചിരിക്കുന്നു. ഇത് തീർച്ചയായും അത്ഭുതകരമാണ്. മതചരിത്രത്തിൽ മറ്റിടങ്ങളിലെ മനുഷ്യസമൂഹവുമായി ദൈവികമായി സംവദിച്ചത് ആരാണ്? ക്രിസ്തുമതത്തിൽ പറയുന്നതുപോലെ പിതാവായ ദൈവം അല്ലായിരുന്നുവോ? യേശുക്രിസ്തുവിന്റെ നേതൃത്വം അംഗീകരിക്കുന്നവരൊഴികെ മറ്റെല്ലാ മതങ്ങളുടേയും നായകത്വം പിശാചിന്റെ ശിഷ്യർക്കാണോ? ദൈവം അപ്പോൾ എവിടെയായിരുന്നു? ക്രിസ്ത്യാനികളല്ലാത്ത മറ്റു മനുഷ്യസമൂഹങ്ങളെ ദൈവത്തിന്റെ പേരിൽ തിന്മയിലേക്ക് നയിച്ചുകൊണ്ടിരുന്നപ്പോൾ എന്തുകൊണ്ട് ദൈവം രക്ഷക്കായി ഇറങ്ങിവന്നില്ല? പിതാവാണെന്ന് വിളിക്കപ്പെടുന്ന ദൈവത്തിന്റെ വെറെ വല്ല സൃഷ്ടികളുമാണോ ക്രിസ്ത്യാനികളല്ലാത്ത മറ്റു മനുഷ്യർ? എന്തുകൊണ്ട് അവരോട് പിതാവായ ദൈവം ഒരു രണ്ടാനച്ഛനെപ്പോലെ പെരുമാറി? എന്തുകൊണ്ട് അവരെ പിശാചിന്റെ ക്രൂരമായ വിളയാട്ടത്തിനു വിട്ടുകൊടുത്തു?

ഈ വിഷയം നമുക്ക് മനുഷ്യന്റെ സാമാന്യാനുഭവങ്ങളുമായി താരതമ്യം ചെയ്യാം. മനുഷ്യജീവിതത്തിൽ പൊറുത്തുകൊടുക്കലും നീതിപാലനവും സമതുലനാവസ്ഥയിൽ പോവുന്നത് കാണാം. ഈ രണ്ട് ഗുണങ്ങളും പരസ്പരം സഹകരിച്ച് നീങ്ങുന്നു. അത് എല്ലായ്പോഴും പരസ്പരം എതിരു നിൽക്കുന്നില്ല. ചിലപ്പോൾ നീതിപാലനം പൊറുത്തുകൊടുക്കാൻ ആവശ്യപ്പെടുന്നു. ചിലപ്പോൾ അത് പൊറുത്തുകൊടുക്കാൻ അനുവദിക്കുന്നില്ല. ഒരു കുട്ടിക്ക് പൊറുത്തുകൊടുക്കുകയാണെങ്കിൽ ഒരുപക്ഷേ അവൻ കൂടുതൽ തെറ്റു ചെയ്തെന്ന് വരും. അപ്പോൾ പൊറുത്തുകൊടുക്കൽ സ്വയംതന്നെ

കുറ്റത്തിന്ന് പ്രേരകമാവും. അത് നീതി പാലനതത്ത്വത്തിന്നെതിരാണ്. ഒരു കുറ്റവാളിക്ക് പൊറുത്തുകൊടുക്കുകയും അവൻ കൂടുതൽ കുറ്റകൃത്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുകയാണെങ്കിൽ അത് ഫലത്തിൽ മറ്റുള്ളവർക്ക് പ്രയാസകരമായിത്തീരുന്നു. കാരണം പൊറുത്തുകൊടുത്തത് മൂലം അവനിൽ കുറ്റവാസന കൂടുകയാണ് ചെയ്തത്. അത് മറ്റു നിരപരാധികളായ പൗരന്മാർക്കെതിരെ ചെയ്യുന്ന ക്രൂരതക്ക് സമമാണ് ഇത് നീതിപാലന തത്ത്വങ്ങൾക്ക് വിരുദ്ധവുമാണ്. യേശുവിന്റെ പാപപ്പൊറുതി പോലെ നിരുപാധികം പൊറുത്തുകൊടുക്കപ്പെട്ട നിരവധി ക്രിമിനലുകൾ ഇവിടെയുണ്ട്. അത് സ്വയം തന്നെ നീതിക്കെതിരാണ്. ഉദാഹരണത്തിന് ഒരു കുട്ടി താൻ ചെയ്ത തെറ്റിന് പശ്ചാത്തപിക്കുമ്പോൾ മാതാവിന്ന് ആ കുട്ടി വീണ്ടും തെറ്റ് ചെയ്യില്ല എന്ന് ബോധ്യം വരുന്നു. അപ്പോൾ ആ കുട്ടിയെ ശിക്ഷിക്കുക എന്നത് നീതി സങ്കൽപ്പത്തിന്നെതിരാണ്. ഒരു കുറ്റവാളി പശ്ചാത്തപിക്കുമ്പോൾ അത് തന്നെ അവന് ശിക്ഷയാണ്. അവന് നൽകുന്ന ബാഹ്യശിക്ഷയേക്കാൾ എത്രയോ അധികം വേദനാജനകമായിതീരും ചിലപ്പോൾ ആ പശ്ചാത്താപം. ഒരു കുറ്റം ചെയ്തുപോയാൽ ഏതൊരു മനസാക്ഷിയുള്ള വ്യക്തിയും വേദനിക്കും. മനസാക്ഷിയുടെ ആവർത്തിച്ചുകൊണ്ടുള്ള പാപബോധവും തെറ്റിലേക്കും പശ്ചാത്താപത്തിലേക്കും ഇടക്കിടെ വഴുതിവീഴുന്ന ദൈവത്തിന്റെ ദുർബലനായ അടിയാനെ പൊറുത്തുകൊടുക്കപ്പെടാനുള്ള ഒരു ബിന്ദുവിലെത്തിക്കുന്നു. അങ്ങനെ ദൈവം അവന് പൊറുത്തുകൊടുക്കുന്നു. ഇതാണ് പാപപ്പൊറുതിയും നീതിയുമായുള്ള ബന്ധം. മഹാബുദ്ധിമാന്മാർക്ക് മുതൽ സാധാരണക്കാർക്ക് വരെ ദൈനംദിന ജീവിതത്തിൽ നിന്ന് ഈ പാഠം മനസ്സിലാക്കാം. ക്രിസ്തുമതത്തിന്റെ മതസിദ്ധാന്തങ്ങൾ (ഡോഗ്മ) ബുദ്ധിപരമായി യാതൊരു വിശകലനങ്ങളും കൂടാതെ സ്വീകരിക്കുന്ന ക്രിസ്ത്യാനികൾ ആലസ്യത്തിൽ നിന്ന് ഉണരാൻ സമയമായിരിക്കുന്നു.

നല്ല ക്രിസ്ത്യാനികളായി ജീവിക്കുന്നവർ ക്രിസ്തുമതസിദ്ധാന്തങ്ങളെ സാമാന്യ ബുദ്ധിയുടേയും യുക്തിബോധത്തിന്റേയും അടിസ്ഥാനത്തിൽ പുനപ്പരിശോധനക്ക് വിധേയമാക്കുകയാണെങ്കിൽ അത് തികച്ചും വിഭിന്നമായ ഒരു യാഥാർത്ഥ്യബോധം അവരിൽ ജനിപ്പിക്കും. ഭാവനയിലുള്ള ദൈവപുത്രനായ ക്രിസ്തു വെറും മിഥ്യയിൽ കവിഞ്ഞ് ഒന്നുമല്ല. ക്രിസ്തുവിന്റെ മനുഷ്യ യാഥാർത്ഥ്യത്തിൽ വിശ്വസിക്കുമ്പോൾ അവർക്ക് കൂടുതൽ ദൃഢതയോടെ സ്നേഹത്തിലും സമർപ്പണത്തിലും വിശ്വസിക്കാൻ കഴിയും. യേശുവിന്റെ അതിമഹത്തായ ത്യാഗം നിലനിൽക്കുന്നത് ഇതിഹാസരൂപിയായ ക്രിസ്തുവിലല്ല. മനുഷ്യനും ദൈവദൂതനും എന്ന നിലക്കാണ്. യേശു അനുഭവിച്ച ഏതാനും മണിക്കൂറുകളിലെ ഭീകരപീഡനത്തിന് ശേഷം കുരിശിന്മേലുള്ള മരണത്തേക്കാളും അനന്തരം മരണത്തിൽനിന്നുള്ള അദ്ദേഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനേക്കാളും മനുഷ്യഹൃദയങ്ങളെ പിടിച്ചുകുലുക്കുകയും ആർദ്രപൂരിതമാക്കുകയും ചെയ്യുന്നത് മനുഷ്യനായ ക്രിസ്തുവിന്റെ ആ മഹാത്യാഗങ്ങൾ തന്നെയല്ലേ? ■

***(വിവ: എ.എം)***

---

*ഏഴാം പേജിൽ നിന്ന്*

നെന്നു അറിയപ്പെട്ടിരുന്നത്. ഇതേപ്രകാരംതന്നെ ഈ വിനീതന്റെ പ്രപിതാമഹികളിൽ ചിലർ സാദാത്ത്മാരാണെങ്കിലും പിതാവ് സയ്യിദ് വംശജനല്ല. ഈസാനബിയെ (അ) സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്ന് ഒരു ഇസ്റായീല്യനും പിതാവല്ലാതിരിക്കണം എന്നതാണ് ദൈവം ഇഷ്ടപ്പെട്ടത്. ബനീ ഇസ്റായീല്യരുടെ പാപാധിക്യം നിമിത്തം ദൈവം അവരോട് കടുത്ത നിലയിൽ ക്രുദ്ധിച്ചിരുന്നു. എന്നതിനാൽ അവർക്കതൊരു താക്കീതെന്നോണം അവരിൽപെട്ട ഒരു കുട്ടിയെ പിതാവിന്റെ ബന്ധമില്ലാത്തനിലയിൽ മാതാവിൽ നിന്നു മാത്രമായി അല്ലാഹു ജനിപ്പിച്ചുകൊണ്ടു ഇസ്രായീലി സത്തയുടെ രണ്ടു ഭാഗങ്ങളിൽ ഒരു ഭാഗം മാത്രം മസീഹിൽ നിലനിന്നു എന്നു വരുമാറ് അവർക്കൊരു ദൃഷ്ടാന്തം കാണിച്ചുകൊടുത്തു എന്നതത്രെ ഇതിന്റെ രഹസ്യം. വരുവാനുള്ള നബിയിൽ ഇതും (ഈ ഭാഗവും -പരി) ഉണ്ടായിരിക്കില്ല എന്നതിലേക്കുള്ള ഒരു സൂചനയായിരുന്നു ഇത്. ആകയാൽ, ലോകം അവസാനിക്കുകയാൽ, എന്റെ ഈ ജനനത്തിലും ഒരു സൂചന അടങ്ങിയിരിക്കുന്നു. അതിതാണ്: ഖിയാമത്ത് അടുത്തിരിക്കയാൽ അതുതന്നെ ഖിലാഫത്തിനെ സംബന്ധിച്ചിടത്തോളം ഖുറൈശി വംശത്തിനുള്ള എല്ലാ വാഗ്ദാനങ്ങളെയും അവസാനിപ്പിക്കുന്നതാണ്. ചുരുക്കത്തിൽ, മൂസവീ-മുഹമ്മദീ സാദൃശ്യങ്ങളെ പൂർത്തിയാക്കുന്നതിന്ന് ഈ എല്ലാ നിർബ്ബന്ധങ്ങളോടുംകൂടി വെളിപ്പെടുന്ന ഒരു വാഗ്ദത്തമസീഹിന്റെ ആവശ്യമുണ്ടായിരുന്നു. ഇസ്ലാമി പരമ്പര മൂസാ (അ)യുടെ സദൃശപുരുഷനിൽ ആരംഭിക്കുകയും ആ പാരമ്പര്യം ഈസാ (അ)യും സദൃശപുരുഷനിൽ അവസാനിക്കുകയും അന്ത്യത്തിന് ആദ്യത്തിനോടുള്ള സാമ്യം പുലരുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു. ആകയാൽ, ഇതും എന്റെ സത്യത്തിലേയ്ക്കുള്ള ഒരു തെളിവ് ആകുന്നു. എന്നാൽ, ദൈവഭയത്തോടെ ചിന്തിക്കുന്നവർക്ക് മാത്രം! ■

***വിവ: എൻ. അബ്ദുർറഹീം***

## കുടുംബബന്ധവും സമ്പന്നതയും

"വല്ലവനും തന്റെ ജീവിതവിഭവങ്ങളിൽ സമൃദ്ധിയുണ്ടാകണമെന്നും തന്റെ സൽക്കീർത്തി പിൻതലമുറകളിൽ നിലനിൽക്കണമെന്നും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൻ തന്റെ കുടുംബങ്ങളുമായി ബന്ധം പുലർത്തട്ടെ."

***(സഹീഹ് ബുഖാരി)***

## പ്രസന്നഭാവം

നിങ്ങൾക്ക് ഒരിക്കലും നിങ്ങളുടെ ധനംകൊണ്ട് ജനങ്ങളെ സമ്പന്നരാക്കാൻ സാധിക്കുകയില്ല. അതിനാൽ പ്രസന്നമുഖംകൊണ്ടും സൽസ്വഭാവംകൊണ്ടും നിങ്ങളവരെ സമ്പന്നരാക്കുക.

***(രിസാല ഖുശരിയ്യ)***

# ഒരു നൊബേൽ സമ്മാന ജേതാവും രണ്ട് ശാസ്ത്ര സ്ഥാപനങ്ങളും

ടി. എ. ബക്കർ

*(തിരുവനന്തപുരം മുസ്‌ലിം അസോസിയേഷൻ ബുള്ളറ്റിൻ സ്വാതന്ത്ര്യദിനപ്പതിപ്പിൽ (2002) പ്രസിദ്ധീകരിച്ചത്)*

**നൊ**ബേൽ സമ്മാനമായി ലഭിച്ച മൂന്നുകോടി രൂപയിൽനിന്നും ഒരു ചില്ലിക്കാശ്പോലും സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കാതെ മുഴുവൻ തുകയും ശാസ്ത്രസ്ഥാപനങ്ങൾക്ക് മാറ്റിവച്ച ശാസ്ത്ര നൊബേൽ സമ്മാന ജേതാവെന്ന ബഹുമതി ഡോ. അബ്ദുൽ സലാമിന് മാത്രം അവകാശപ്പെട്ടതാണ്. അദ്ദേഹത്തിന്റെ മഹത്വം ഇവിടെ നാം തിരിച്ചറിയുന്നു.

ലോകം കണ്ട അതുല്യശാസ്ത്ര പ്രതിഭകളിൽ ഗണനീയനാണല്ലോ ഡോ. അബ്ദുൽ സലാം. 1979-ൽ ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ പുരസ്കാരം അദ്ദേഹത്തെ തേടിയെത്തിയപ്പോൾ, അത് ഇന്ത്യാ ഉപഭൂഖണ്ഡത്തിന് ലഭിക്കുന്ന വിശ്വോത്തര അംഗീകാരമായി ചരിത്രത്തിൽ സ്ഥാനം നേടി. അവിഭക്തഭാരതത്തിൽ പിറന്നുവീഴുകയും നൊബേൽ സമ്മാനം കൈക്കുമ്പിളിലൊതുക്കുകയും ചെയ്ത ഡോ. സി. വി. രാമനും ഡോ. സുബ്രഹ്മണ്യ ചന്ദ്രശേഖർക്കും ഡോ. ഹർ ഗോവിന്ദ് ഖുറാനയ്ക്കും ശേഷം നൊബേൽ സമ്മാനത്തിലൂടെ ബഹുമാനിതനാകുന്ന മറ്റൊരു അവിഭക്ത ഭാരത പുത്രനാണ് ഡോ. അബ്ദുൽ സലാം. സി. വി. രാമനും, ചന്ദ്രശേഖറും, ഹർഗോവിന്ദ് ഖുറാനയും ഭാരതീയ നൊബേൽ സമ്മാനിതരുടെ പട്ടികയിലാണ് ഉൾപ്പെടുന്നതെങ്കിൽ സലാമിനുണ്ടായിരുന്നത് പാകിസ്ഥാൻ പൗരത്വമാണെന്ന വ്യത്യാസം മാത്രം.

പ്രധാനമായും ക്വാണ്ടം യൂനിഫീൽഡ് തിയറിയെ (ക്വാണ്ടം സംയോജിത സിദ്ധാന്തം) കുറിച്ചായിരുന്നു ഡോ. അബ്ദുൽ സലാമിന്റെ ഗവേഷണങ്ങൾ. ന്യൂക്ലിയർ, സബ് ന്യൂക്ലിയർ, ഊർജ്ജ ശാസ്ത്ര ലോകത്ത് പ്രവർത്തിക്കുന്ന അടിസ്ഥാന ശക്തികളിൽ ഒരേകീകൃത സമീപനം കണ്ടെത്താനുള്ള ദീർഘകാല ലക്ഷ്യങ്ങളിൽ ഊന്നൽ നൽകി അദ്ദേഹത്തിന്റെ ഗവേഷണ പഠനങ്ങൾ മുന്നോട്ടുപോയി. 1960 മുതൽ അണുവിന്റെ ന്യൂക്ലിയർ ഘടകങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ശക്തമായ പ്രതിപ്രവർത്തനത്തിന്റെ സൈദ്ധാന്തികമായ സംശ്ലേഷണ സിദ്ധാന്തം കണ്ടെത്താനുള്ള തീവ്രശ്രമങ്ങളിലായിരുന്നു ഡോ. സലാമിന്റെ ശ്രദ്ധ മുഴുവനും. വൈദ്യുതകാന്ത ശക്തിയെ പ്രാഥമിക കണങ്ങളുടെ റേഡിയോ പ്രസരണ വിനാശത്തിനു കാരണമായ ദുർബല ആണവശക്തിയുമായി ഏകീകരിക്കാമെന്ന ഒരു അവിശ്വസനീയമായ ശാസ്ത്ര സിദ്ധാന്തം ശാസ്ത്രലോകത്തിന്റെ മുന്നിൽ ഡോ. അബ്ദുൽ സലാം സമർപ്പിക്കുകയുണ്ടായി. 'ഇലക്ട്രോവീക്ക് ഫോഴ്സ്' എന്നറിയപ്പെടുന്ന ഈ കണ്ടെത്തലിനാണ് 1979-ൽ ഫിസിക്സിനുള്ള നൊബേൽ സമ്മാനം ഡോ. സലാമിനെ തേടിയെത്തിയത്.

ഗുരുത്വാകർഷണശക്തി, വിദ്യുത്കാന്തികബലം, പ്രബല ആണവബലം, ദുർബല ആണവബലം എന്നീ നാലു ബലങ്ങളെ ഏകീകരിക്കാമെന്നും, ഇവയെല്ലാം ഒരു ശക്തിയിൽനിന്നും ഉണ്ടായതാണെന്നും തെളിയിക്കുന്നതിനു വേണ്ടി ആദ്യമായി ഗവേഷണം നടത്തിയ ശാസ്ത്രജ്ഞനാണ് വിശ്വവിഖ്യാതമായ ഐൻസ്റ്റീൻ. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഏകദേശം ഇരുപതു വർഷക്കാലം ഗവേഷണ പഠനങ്ങൾ നടത്തിയെങ്കിലും അദ്ദേഹത്തിന് വജയിക്കാനായില്ല. ഡോ. സലാമിന്റെ ഗവേഷണ വിജയത്തിന്റെ പ്രസക്തി ഇവിടെയാണ് ഏറെ ശ്രദ്ധേയമാകുന്നതും, ഒരുവേള നമ്മെ അമ്പരപ്പിക്കുന്നതും.

ശാസ്ത്രത്തിന്റെ വികാസത്തിനും, പരിപോഷണത്തിനും വേണ്ടി ജീവിതത്തിന്റെ സിംഹഭാഗവും ചെലവഴിച്ച അതുല്യ ശാസ്ത്ര പ്രതിഭയാണ് ഡോ. അബ്ദുൽ സലാം. പ്രത്യേകിച്ച് മൂന്നാം ലോക രാഷ്ട്രങ്ങളിൽ ശാസ്ത്ര വികാസത്തിന്റെ അനന്തസാധ്യതകളെക്കുറിച്ച് അദ്ദേഹം തികച്ചും ബോധവാനായിരുന്നു. അതിനാൽതന്നെ മൂന്നാം ലോകത്തെ യുവശാസ്ത്രജ്ഞരിൽ ശാസ്ത്രാവബോധം അങ്കുരിപ്പിക്കുന്നതിനും, പ്രചോദനവും അവസരങ്ങളും പ്രദാനം ചെയ്യുന്നതിനുംവേണ്ടി അദ്ദേഹം അക്ഷീണം പരിശ്രമിക്കുകയുണ്ടായി.

1964-ൽ ഇറ്റലിയിലെ ടിസ്റ്റിയിൽ സൈദ്ധാന്തികോർജതന്ത്ര ഗവേഷണ പഠനങ്ങൾ ലക്ഷ്യമാക്കി ഡോ. അബ്ദുൽ സലാം പടുത്തുയർത്തിയ ശാസ്ത്ര സ്ഥാപനമാണ് ഇന്റർ നാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ്. ഐക്യരാഷ്ട്ര സഭയുടേയും, ഇറ്റാലിയൻ ഗവൺമെന്റിന്റെയും സഹായ സഹകരണത്തോടെയാണ് ഈ ഗവേഷണ സ്ഥാപനം നിലവിൽ വന്നത്. 1964-മുതൽ 1993-വരെ ഈ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രത്തിന്റെ മുഖ്യ കാര്യദർശി ഡോ. അബ്ദുൽ സലാമായിരുന്നു. വികസ്വര, അവികസിത രാഷ്ട്രങ്ങളിലെ യുവശാസ്ത്ര പ്രതിഭകൾക്ക് ഭൗതികശാസ്ത്രത്തിൽ ഗവേഷണ പഠനങ്ങൾ നടത്തുന്നതിന് ഈ ശാസ്ത്ര സ്ഥാപനം ഇന്ന് വളരെയേറെ സഹായകരമായിത്തീർന്നിട്ടുണ്ട്. 1996 നവംബർ 27-നാണ് മഹാനായ ആ ശാസ്ത്ര

*ശേഷം പേജ് 35-ൽ*

## നമ്മുടെ വിയോജിപ്പുകൾ (5)

# അല്ലാഹു അയക്കുന്ന പ്രവാചകന്മാരെ വേണ്ടന്നോ?

ഏ. പി. കുഞ്ഞാമു

ഏകദൈവ വിശ്വാസം കഴിഞ്ഞാൽ ഏറ്റവും പ്രധാനമായ വിശ്വാസം പ്രവാചകന്മാരിൽ വിശ്വസിക്കുക എന്ന കാര്യമാണ്. അന്ധകാര നിബിഡമായ രാത്രിയിൽ സൂര്യോദയം പോലെയാണ്. ധാർമ്മികമായും ആത്മീയമായും അധഃപ്പതിച്ച ജനതയിൽ പ്രവാചകാവതാരം. ഇതു അല്ലാഹുവിന്റെ അലംഘനീയമായ ഒരു നടപടിക്രമമാണ്. സൂര്യന്റെ താപംകൊണ്ടു ദൂമി പൊട്ടിക്കീറുകയും ജലാശയങ്ങൾ വറ്റിവരണ്ടുപോവുകയും അത് മൂർദ്ധന്യദശ പ്രാപിക്കുകയും ചെയ്യുമ്പോൾ ആകാശത്തിൽ നിന്നും മഴ വർഷിച്ചു മരിച്ചുപോയ ഭൂമിയെ പുനർജ്ജീവിപ്പിക്കുന്നത്പോലെയാണ് പ്രവാചക അവതാരമെന്ന് വിശുദ്ധഖുർആൻ ഉപമാ രൂപത്തിൽ വിവരിക്കുന്നു. അതേപോലെ മനുഷ്യകുലം ധാർമ്മികമായും ആത്മീയമായും അധഃപ്പതിക്കുമെങ്കിൽ പ്രവാചക അവതാരവും ഉണ്ടാവുമെന്ന് നാം മനസ്സിലാക്കണം. പ്രവാചകന്മാരുടെ അവതരണ ഉദ്ദേശ്യം നിലനിൽക്കുകയും എന്നിട്ട് അതില്ലാതിരിക്കുകയും ചെയ്യുക എന്നുള്ളത് അല്ലാഹുവിന്റെ റഹ്മാൻ (പരമ കാരുണികൻ) എന്ന ഗുണത്തിന് നിരക്കാത്തതായിത്തീരും. മുസ്ലിം സമൂഹം അദ്ധ്യാത്മികമായും ധാർമ്മികമായും അധഃപതിക്കാതെ നിലനിൽക്കുന്നുവെങ്കിൽ നമുക്ക് പ്രവാചകാവതാരത്തിന്റെ ആവശ്യകത ഇല്ല എന്ന് പറയാം. എന്നാൽ മറ്റു സമുദായങ്ങളെക്കാൾ മുസ്ലിംകൾ അധഃപ്പതിച്ചിട്ടും അവർക്കായി ദൈവത്തിന്റെ അനുഗ്രഹ വർഷം ചൊരിയുന്നില്ല എങ്കിൽ ഈ സമുദായത്തോട് ദൈവത്തിന് അനുകമ്പയില്ല. എന്ന് പറയേണ്ടിവരും. എന്നാൽ ഈ ഉമ്മത്തിനെ ഖൈറുൽ ഉമ്മത്ത് എന്ന് വിശേഷിപ്പിച്ചുകൊണ്ട് അല്ലാഹു ആദരിച്ചിരിക്കുന്നു. അങ്ങിനെയുള്ള സമുദായം അധഃപ്പതിച്ചപ്പോൾ അല്ലാഹുവിന്റെ സർവ്വ കാലികമായ നടപടിക്രമങ്ങളിൽ നിന്ന് വിരുദ്ധമായ ഒരു നിലപാടാണ് അവരോട് അല്ലാഹു കാണിക്കുക എന്നത് നമ്മുടെ മനഃസാക്ഷി സമ്മതിക്കുന്നില്ല.

എന്നാൽ അനിഷേധ്യമായ ഒരു യാഥാർത്ഥ്യത്തിന്റെ മുമ്പിൽ മുസ്ലിം പണ്ഡിതവർഗ്ഗം കണ്ണുചിമ്മി ഇരുട്ടാക്കുകയാണ്. മുൻകാലങ്ങളിൽ ജനവർഗ്ഗങ്ങൾ മറ്റു ജനവിഭാഗങ്ങളുമായി വേണ്ടത്ര ആശയവിനിമയമില്ലാതെ ഗോത്രങ്ങളായിട്ടായിരുന്നു കഴിഞ്ഞിരുന്നത്. ആ കാലത്ത് മനുഷ്യന്റെ ആത്മീയവും ധാർമ്മികവുമായ വളർച്ചക്ക് വേണ്ടിയും ഏകദൈവത്തെ ആരാധിക്കാൻ അതാത് ജനവിഭാഗങ്ങളിൽ പ്രവാചകന്മാരെ ദൈവം അയച്ചതായി വിശുദ്ധഖുർആൻ നമുക്ക് മനസ്സിലാക്കിത്തരികയും ലോകജനതയുടെ ആദ്ധ്യാത്മിക ചരിത്രത്തിലൂടെ ആ യാഥാർത്ഥ്യം നാം മനസ്സിലാക്കുകയും ചെയ്യുന്നു. മുമ്പുവന്ന എല്ലാ പ്രവാചകന്മാരുടെ വൃത്താന്തങ്ങളും വിശുദ്ധ ഖുർആനിലില്ല. കുറച്ച് പ്രവാചകന്മാരെ പറ്റി മാത്രമേ ഖുർആൻ പ്രതിപാദിക്കുന്നുള്ളൂ. ഭൂരിഭാഗം പ്രാവാചകന്മാരുടെ ചരിത്രവും വിട്ടുകളയുകയും ചെയ്തിരിക്കുന്നു.

റസൂൽ തിരുമേനി (സ)യുടെ തിരുവായ് മൊഴികളിൽ അങ്ങിനെ വന്നവർ ഒരു ലക്ഷത്തി ഇരുപത്തിനാലായിരമാണെന്ന് കാണുന്നു. ഒരു പ്രവാചകൻ വരാത്ത ഒരു സമുദായവും ഇല്ല (10:48) എല്ലാ ഓരോ ജനതയിലും നാം പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. (16:37) എന്നീ വിശുദ്ധഖുർആൻ വചനങ്ങൾ പ്രസ്തുത പരാമർശം ശരിവെക്കുന്നു.

ഈ ഗോത്രങ്ങൾക്കും, സമൂഹങ്ങൾക്കും വെവ്വേറെ പവാചകന്മാരെ അയക്കുന്ന സമ്പ്രദായത്തിൽ നിന്ന് മാറി അല്ലാഹു പ്രവാചകാവതാരത്തിന് ഒരു പുതിയ മുഖം നൽകാൻ അവന്റെ റബ്ബുൽ ആലമീൻ (പടിപടിയായി വളർത്തുന്നവൻ) എന്ന ഗുണത്തിന്റെ യടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിച്ചതായാണ് സംഭവങ്ങൾ മനസ്സിലാക്കിത്തരുന്നത്. നബിതിരുമേനി പിറവിയെടുത്ത കാലഘട്ടത്തിൽ ലോകത്തിലെ ഗോത്രജനവിഭാഗങ്ങൾ ചലനാത്മകമാവുകയും മറ്റു ജനതകളുമായി സാംസ്കാരികവും സാമൂഹ്യവുമായ വിനിമയ ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. അങ്ങിനെ ഒരു വിശ്വമാനവസമൂഹത്തിന് നാന്ദി കുറിക്കപ്പെടുകയും മനുഷ്യകുലം ഒരു ജനതയായി തീരുകയും ചെയ്യുന്ന ഘട്ടം സമാഗതമായി. ഇതിനകം മുമ്പു നൽകപ്പെട്ട വേദഗ്രന്ഥങ്ങൾ മാനുഷിക കൈയേറ്റത്താൽ അലങ്കോലപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. സത്യമേതാണ് മിഥ്യ ഏതാണ് എന്നു വകതിരിച്ചറിയാൻ സാധിക്കാത്ത രൂപത്തിലുള്ള മാറ്റങ്ങൾ സംഭവിച്ചു. ഈ യാഥാർത്ഥ്യം വിവിധ മതങ്ങളിലുള്ള പണ്ഡിതന്മാർ തന്നെ സമ്മതിച്ചത് രേഖാമൂലം തെളിയിക്കാൻ പറ്റുന്നതുമാണ്. അപ്പോൾ മാനവകുലത്തെ ഒന്നിപ്പിക്കാനും അവർക്ക് ദൈവത്തെ പ്രാപിക്കാനുമുള്ള ഒരേവഴിയും അതിന് മാതൃകയായി ലോകോത്തമനായ ഒരു പ്രവാചകനേയും അല്ലാഹു മാനവലോകത്തിന് നൽകുകയായിരുന്നു. അദ്ദേഹമാണ് മുഹമ്മദ് നബി (സ). എല്ലാ വേദ

ഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ട എല്ലാ നല്ല പാഠങ്ങളേയും അദ്ധ്യാപനങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഒരു സമ്പൂർണഗ്രന്ഥമായ വിശുദ്ധഖുർആനുമായാണ് അദ്ദേഹം അവതരിച്ചത്. അവസാന നാൾവരെയുള്ള മനുഷ്യർക്ക് മാർഗ്ഗദർശനം നൽകുന്ന പൂർണ്ണമായ ന്യായപ്രമാണങ്ങൾ അതിലടങ്ങിയിരിക്കുന്നു.

ഗോത്രങ്ങൾക്കും സമുദായങ്ങൾക്കും വെവ്വേറെ പ്രവാചകന്മാർ വരുന്ന പഴയ സമ്പ്രദായം അല്ലാഹു നിർത്തൽ ചെയ്യുകയായിരുന്നു. ഇനി റസൂൽ തിരുമേനിയുടെ മാതൃകയെ പൂർണ്ണമായി പിൻപറ്റിയവരിൽ ശിഷ്യപ്രവാചകത്വം അല്ലാഹു നിലനിർത്തിയിരിക്കയാണ്. ആ പ്രവാചകത്വവും മുഴുലോകത്തിനും മുഴുജനതക്കുമായിരിക്കും.

ഒരു ജനതക്ക് പരിപൂർണ്ണ ന്യായപ്രമാണം നൽകിയിട്ടും അതിൽനിന്നും ജനം അകന്നുപോകുമ്പോൾ അവരെ ആ ന്യായപ്രമാണത്തിലേക്ക് തന്നെ ക്ഷണിക്കുവാനും അങ്ങിനെ അവരെ ആത്മീയപാതയിലേക്ക് വീണ്ടും തിരിച്ചുകൊണ്ടുവരാനും പ്രവാചകന്മാരെ അയക്കുന്ന ഒരു നടപടിക്രമമാണ് അല്ലാഹു സ്വീകരിച്ചതായി വിശുദ്ധഖുർആനിൽനിന്നും മനസ്സിലാകുന്നത്. ഇസ്രായേൽ ഗോത്രത്തെയും അവരുടെ ന്യായപ്രമാണമായ തൗറാത്തിനെയും അവതാരകനായ മൂസാനബി (അ)യേയും വിശുദ്ധഖുർആൻ നമുക്ക് പരിചയപ്പെടുത്തി തന്നിട്ടുണ്ട്. അങ്ങിനെ തൗറാത്തിന്റെ സേവകന്മാരായി നിരവധി പ്രവാചകന്മാർ ആ സമൂഹത്തിൽ അവതരിച്ചു. ഹസ്റത്ത് ഈസാനബി (അ) ഈ ആവശ്യാർത്ഥം വന്നു സേവനം അനുഷ്ഠിച്ചു കാലഗതി പ്രാപിച്ച നബിയായിരുന്നു.

മറ്റൊരു കാര്യം കൂടി സന്ദർഭോചിതമായി ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. മനുഷ്യന്റെ മാനസിക വളർച്ചക്ക് അനുരൂപമായിട്ടാണ് അല്ലാഹു അവർക്കുള്ള വിധിവിലക്കുകൾ നിശ്ചയിച്ചത് എന്ന് വിശുദ്ധഖുർആൻ സൂചിപ്പിക്കുന്നു. അന്ന് ജീവിച്ചിരുന്നവർക്ക് ഇന്നത്തെ ജനതയുടെ ബുദ്ധിവികാസമോ സാമൂഹ്യമായ പ്രബുദ്ധതയോ ഉണ്ടായിരുന്നില്ല. പൗരാണിക ദേശീയ ഗോത്രജനവിഭാഗങ്ങൾക്ക് അവരവരുടെ ബൗദ്ധികവും മാനസികവുമായ നിലവാരമനുസരിച്ചുള്ള ശരീഅത്ത് നിയമങ്ങളാണ് നൽകപ്പെട്ടിരുന്നത്.

നാഗരിക ജീവിതത്തിന്റെ ഉഷസ്സ് മാനവസമൂഹത്തിൽ പൊട്ടിവിരിയുന്ന പ്രാക്തന സമൂഹങ്ങളിൽ അതിനനുസൃതമായ ആത്മീയവും സാമൂഹ്യപരവുമായ അദ്ധ്യാപനങ്ങളാണ് അവർക്ക് നൽകപ്പെട്ടത് എന്ന് കാണാം. ഉദാഹരണമായി ആദ്യത്തെ പ്രവാചകനായി വന്ന ആദംനബി (അ) മുഖേന ജനങ്ങൾക്ക് നൽകിയ ശരീഅത്ത് ഏകദൈവാരാധനയും, കൃഷിചെയ്യാനും, നഗ്നത മറക്കാനും കുടുംബമായി ജീവിക്കാനുമായിരുന്നു. ഇത്രയും കാര്യങ്ങൾ അനുഷ്ഠിച്ചാൽ അവർ മോക്ഷം ലഭിച്ചവരായി. ചുരുക്കത്തിൽ മനുഷ്യന്റെ ശാരീരികമായ ദശപരിണാമങ്ങൾ പോലെ മാനസികമായ അവസ്ഥാന്തരങ്ങൾ അതായത് മാനവരാശി കായികമായും മാനസികമായും പരിണാമത്തിലൂടെയാണ് പൂർണതയിലേക്ക് വരുന്നത്. പൂർണ്ണ മനുഷ്യന് യോജിച്ച കല്പനകളാണ് വിശുദ്ധഖുർആനിൽ സമന്വയിപ്പിച്ചിട്ടുള്ളത്. മറ്റൊരു പ്രകടമായ യാഥാർത്ഥ്യം റസൂൽ തിരുമേനി (സ) അല്ലാഹുവിന്റെ കൽപ്പനപ്രകാരം മുമ്പു വന്ന എല്ലാ പ്രവാചകന്മാരിലും വേദഗ്രന്ഥങ്ങളിലും ഒരു മുസ്ലിം വിശ്വസിക്കുന്നുവെങ്കിൽ മാത്രമേ അവൻ യഥാർത്ഥ മുസ്ലിം ആവുകയുള്ളൂ എന്നാണ് പഠിപ്പിച്ചത്. അതായത് മുമ്പു വന്ന ആദം (അ) അബ്രഹാം (അ), മോശെ (അ), യേശു (അ), ശ്രീകൃഷ്ണൻ (അ), ശ്രീരാമൻ (അ), ശ്രീബുദ്ധൻ (അ), സൊറോസ്ട്രസ് (അ), കൺഫ്യൂഷ്യസ് (അ) എന്നീ പ്രവാചകന്മാരിലും ആ സമൂഹത്തിലെ എല്ലാ വേദഗ്രന്ഥങ്ങളിലും ഒരു മുസ്ലിം വിശ്വസിക്കണം. ഇത് മുഖേന ലോകത്തവതരിച്ച എല്ലാ പ്രവാചകപാരമ്പര്യങ്ങളേയും ഇസ്ലാം സ്വാംശീകരിക്കുന്നു. പ്രസ്തുത പ്രവാചകന്മാരിൽ ചിലരെ അവരുടെ അനുയായികൾ ദൈവമായി വിശ്വസിക്കുന്നെങ്കിൽ നമുക്ക് അവരെ പ്രവാചകന്മാരായി വിശ്വസിച്ചാൽ മതി. അതേപോലെ മുൻവേദഗ്രന്ഥങ്ങളിൽ പരസ്പര വൈരുദ്ധ്യം കാണുന്നെങ്കിൽ അവയിൽ മാനുഷിക കൈയേറ്റം നടന്നതായും അനുമാനിക്കാം. പക്ഷേ അതിന്റെ ആരംഭത്തിൽ അതു സത്യമായിരുന്നു. അങ്ങിനെ മാനവ സമുദായങ്ങൾ തമ്മിൽ ഒരു രഞ്ജിപ്പിനും സഹോദര ബന്ധത്തിനും, സമാധാനത്തിനും ഈ വിശ്വാസം മുഖേന സാധിക്കുന്നു. ഇതും ഇസ്ലാമിന്റെ ഒരു മനോഹാരിതയാണ്. ഈ സരണിയെയും ഈ സരണിയുടെ മാതൃക കാണിച്ചുതന്ന ആ മഹാനായ പ്രവാചകനേയും അനുധാവനം ചെയ്തവർക്ക് അല്ലാഹുവിനെ പ്രാപിക്കാൻ സാധിക്കുമെന്ന് അത് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു. റസൂൽതിരുമേനിക്ക് മുമ്പ് അവതീർണ്ണരായ പ്രവാചകന്മാരെല്ലാവരും സ്വതന്ത്രമായ പ്രവാചകന്മാരായിരുന്നു. ഏതെങ്കിലും ഒരു പ്രവാചകനെ അനുധാവനം ചെയ്തത്കൊണ്ടു പ്രവാചകത്വം നേടാവുന്നതായിരുന്നില്ല. വിശുദ്ധഖുർആൻ മുമ്പു വന്ന പ്രവാചകന്മാരെ വിശ്വസിക്കുകയും അവരെ അനുധാവനം ചെയ്യുകയും ചെയ്തവരിൽ സിദ്ധീഖുവരെയുള്ള സ്ഥാനികർ ഉണ്ടാകുമെന്ന് പ്രഖ്യാപിക്കുന്നു. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നവരാരോ അവർ തങ്ങളുടെ നാഥന്റെ ദൃഷ്ടിയിൽ സത്യസന്ധരും (സിദ്ദീഖ്) സത്യത്തിന് സാക്ഷ്യം വഹിക്കുന്നവരും (ശുഹദാഅ്) ആകുന്നു. (57:20).

റസൂൽതിരുമേനി (സ)യുടെ സ്ഥാനം 'ഖാത്തമുന്നബിയ്യീൻ' എന്ന ഉന്നതസ്ഥാനമാണ്. പ്രവാചകന്മാരുടെ മുദ്ര എന്നോ പ്രവാചകന്മാരിൽ ശ്രേഷ്ഠനെന്നോ പ്രസ്തുത പദത്തിന് അർത്ഥം നൽകാം. ഖാത്തമുന്നബിയ്യീനായ മുഹമ്മദ് നബി (സ)യെ അനുധാവനം ചെയ്തവരിൽ അല്ലാഹുവിന്റെ നാല് ആത്മീയസ്ഥാനികർ ഉണ്ടാകുമെന്ന് വിശുദ്ധഖുർ അർത്ഥശങ്കക്കിടയില്ലാതെ പ്രഖ്യാപിക്കുന്നു. "ആർ അല്ലാഹുവിനേയും ഈ പ്രവാചകനേയും അനുധാവനം ചെയ്യുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ച നബിമാർ സിദ്ധീഖുമാർ ശുഹദാക്കൾ സാലിഹീങ്ങൾ എന്നിവ

രുടെ കൂട്ടത്തിലായിരിക്കും". (4:70)

മുമ്പവതരിച്ച പ്രവാചകന്മാരെ വിശ്വസിച്ചവരിൽ അല്ലാഹു സിദ്ധീഖ് വരെയുള്ള ആത്മീയസ്ഥാനം നൽകി അനുഗ്രഹിച്ചുവെങ്കിൽ റസൂൽതിരുമേനിയെ വിശ്വസിച്ചവരിൽ പ്രവാചകന്മാർ എന്ന ഉന്നതസ്ഥാനം ലഭിക്കുന്നവർ തന്നെ ഉണ്ടാകുമെന്നു പറഞ്ഞുകൊണ്ടു റസൂൽ തിരുമേനിയുടെ ഖാത്തമന്നബിയ്യീൻ എന്ന സ്ഥാനത്തെ നമുക്ക് മനസ്സിലാക്കിതന്നിരിക്കയാണ്. "മഅല്ലദീന അൻഅമല്ലാഹു അലൈ ഹിം" അവരുടെ കൂടെ എന്നുള്ളത് സ്ഥാനത്തിൽ എന്ന് പറഞ്ഞുകൊണ്ട് റസൂൽ തിരുമേനിയിൽ വിശ്വസിച്ചവരിൽ നബിയോ, സിദ്ധീഖോ, ശുഹദാക്കളോ എന്തിനേറെ സാലീഹീങ്ങൾ പോലും ഉണ്ടാവുകയില്ല എന്ന പരിഭാഷ ഈ ആയത്തിന് നൽകി അഹ്മദിയ്യാ മുസ്‌ലിം വിശ്വാസത്തെ പറ്റി ആക്ഷേപിക്കുകയാണ് മറ്റു മുസ്‌ലിംകൾ. ഇത് കേൾക്കുമ്പോൾ മകൻ മരിച്ചിട്ട് മരുമകളുടെ കരച്ചിൽ കാണാൻ ആഗ്രഹിച്ച അമ്മയെ ഓർത്തുപോവുകയാണ്. അതേ ശ്വാസത്തിൽ തന്നെ ''തവഫനീ മഅൽ അബ്റാർ" എന്ന പ്രാർത്ഥന ചെയ്തുകൊണ്ടു അല്ലാഹുവിന്റെ വിശിഷ്ടദാസന്മാരാക്കി മരിപ്പിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ വിശിഷ്ട ദാസന്മാർ മരിക്കുമ്പോൾ അവരുടെ കൂടെ എന്നെ മരിപ്പിക്കുക എന്ന് "അല്ലാഹു അനുഗ്രഹിച്ചവരുടെ കൂട്ടത്തിൽ'' എന്നതിന് അർത്ഥം നൽകാത്തത് എന്താണെന്ന് അവരോട് ചോദിക്കേണ്ടതാണ്. അഹ്മദികൾ ഉന്നയിക്കുന്ന വിശുദ്ധ ഖുർആന്റെ യഥാർത്ഥ അധ്യാപനങ്ങളെ ഖണ്ഡിക്കാൻ മറ്റു മുസ്‌ലിം പണ്ഡിതന്മാർ വ്യഥാ ശ്രമം നടത്തുകയാണ്. പൂർവ്വകാലത്തെ പ്രവാചക ശത്രുക്കൾ ഉന്നയിച്ച ന്യായമല്ലാതെ മറ്റ് പുതിയ വാദങ്ങളൊന്നും ഇവർ ഉന്നയിച്ചിട്ടില്ല.

ഒരു ബഹുവചനനാമത്തോടുകൂടി 'ഖാത്തം' എന്ന വാക്ക് ചേർത്തുപറഞ്ഞാൽ അതിന് അന്ത്യൻ എന്ന് അർത്ഥകൽപ്പന ചെയ്യാമെന്ന് കാണിക്കുന്ന ഒരു ഉദാഹരണം വിശുദ്ധഖുർആനിൽനിന്നോ, ഹദീസിൽനിന്നോ അറബി സാഹിത്യങ്ങളിൽനിന്നോ ഒരു പണ്ഡിതനും ഇതുവരെ എടുത്തുകാണിക്കാൻ സാധിച്ചിട്ടില്ല എന്ന നഗ്നസത്യം മാന്യവായനക്കാർ അറിയണം. ദീനിന്റെ പകുതിഭാഗം നിങ്ങൾ ആയിശയിൽ നിന്നും പഠിക്കുക എന്നു റസൂൽദതിരുമേനി (സ) അരുളി. ആ മഹതി പറയുന്നു. "നിങ്ങൾ ഖാത്തമുന്നബിയ്യീൻ എന്ന് പറഞ്ഞുകൊള്ളുക. പക്ഷെ അദ്ദേഹത്തിന് ശേഷം നബി ഇല്ല എന്നു പറയരുത്. (ദുറ്റെ മൻസൂർ വാല്യം-5) ഇതിൽ നിന്നും ഖാത്തമുന്നബിയ്യീൻ എന്നതിന് ആ മഹതി നൽകിയ വ്യാഖ്യാനമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നൽകുന്നത്.

"എനിക്കും അദ്ദേഹത്തിന്നും (ഇസബ്നുമറിയം) ഇടയിൽ വേറെ നബിയില്ല" (മിശ്കാത്ത്) എന്ന തിരുനബിവചനവും പരിശുദ്ധ വാഗ്ദത്ത മസീഹ് നബിയായിരിക്കുമെന്നാണ് മനസ്സിലാക്കിത്തരുന്നത്. അപ്പോൾ ഖാത്തമുന്നബിയ്യീൻ എന്നതിന് അവസാനത്തെ പ്രവാചകൻ എന്നാണെങ്കിൽ റസൂൽതിരുമേനി തനിക്ക് ശേഷം വരുന്ന മസീഹായിരിക്കും അന്ത്യപ്രവാചകൻ എന്നല്ലേ പറയേണ്ടിയിരുന്നത്? നബി വരില്ല എന്നു പറയുന്ന അതേ ശ്വാസത്തിൽ ഈസാനബി വരുമെന്നും ഇവർ വിശ്വസിക്കുന്നു. അപ്പോൾ ഇവരുടെ വിശ്വാസമനുസരിച്ച് അന്ത്യപ്രവാചകൻ മുഹമ്മദ് നബിയല്ല ഈസാനബിയല്ലേ ആകുന്നത്!! കൊച്ചുകുട്ടികൾക്ക് പോലും മനസ്സിലാകുന്ന ഈ കാര്യം മഹാപണ്ഡിതന്മാർക്ക് മനസ്സിലാകുന്നില്ല. സത്യത്തെ പുകമറയിൽ കുടുക്കി, വിശ്വാസികളെ സത്യപാതയിൽ നിന്നും അകറ്റിനിർത്തുന്നവരെ മുസ്‌ലിംകൾ എന്നെങ്കിലും തിരിച്ചറിയുമെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. റസൂൽ തിരുമേനി (സ) ഇസ്‌ലാമിന്റെ അധഃപതനത്തെക്കുറിച്ച് അടിവര ഇട്ടു സമൂഹത്തെ താക്കീത് ചെയ്തു. ഈ മുസ്‌ലിം സമൂഹം 73 കക്ഷികളായിത്തീരുമെന്നും അതിൽ ഒന്ന് ഒഴികെ 72ഉം നരകത്തിലായിരിക്കുമെന്നും ആ ഒരു സംഘം ഞാനും എന്റെ സഹാബത്തും ഉള്ളതുപോലെ ഉള്ളവരായിരിക്കുമെന്നും പറഞ്ഞുതന്നുകൊണ്ട് ഗൗരവത്തോടെ ഈ വിഷയം അവതരിപ്പിച്ചുതന്നിരിക്കുകയാണ്. ഒരു പ്രവാചകനെ നിഷേധിക്കുന്നവർ വിശുദ്ധഖുർആന്റെ പാഠമനുസരിച്ച് എല്ലാ പ്രവാചകന്മാരേയും നിഷേധിച്ചതിന് തുല്യമാമെന്നാണ്. ഇവിടെ 72 കക്ഷികളും നിഷേധിച്ചത് ഒരു പ്രവാചകനെ ആയതുകൊണ്ടാണ് 72ഉം നരകത്തിലാണെന്ന് റസൂൽ തിരുമേനി പറഞ്ഞത്. മോക്ഷാർഹമായ ജമാഅത്ത് ഒരു പ്രവാചകന്നും അനുചരരും ആയിരിക്കുമെന്നാണ് മനസ്സിലാക്കിത്തന്നത്.

റസൂൽ തിരുമേനിക്ക് ശേഷം ശിഷ്യപ്രവാചകത്വം തുടരുമെന്നാണ് വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നത്. ഏതെങ്കിലും ഒരു വചനമെങ്കിലും വിശുദ്ധഖുർആനിൽനിന്ന് പ്രവാചകത്വം നിലച്ചതായി എടുത്ത് ഉദ്ധരിച്ചുതരാൻ ഒരു പണ്ഡിതനും ഇതുവരെ സാധിച്ചിട്ടില്ലെന്ന സത്യം വായനക്കാർ അറിഞ്ഞിരിക്കേണ്ടതാണ്.

ഒന്നുരണ്ടുകാര്യം കൂടി മാന്യവായനക്കാരുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. മുസ്‌ലിംലോകം മുഴുവനും റസൂൽ തിരുമേനിയുടെ മേൽ സലാത്ത് ചൊല്ലുന്നവരാണ്. സലാത്ത് ചൊല്ലാൻ അല്ലാഹുവിന്റെ കൽപ്പനയും ഉണ്ട്. എല്ലാ നമസ്ക്കാരങ്ങളിലും നാം ഇത് അനുഷ്ഠിക്കുന്നു. അല്ലാഹുവേ, നീ ഇബ്റാഹിം നബിയിലും കുടുംബത്തിലും നിന്റെ അനുഗ്രഹം നൽകിയതുപോലെ മുഹമ്മദ് നബിയിലും അദ്ദേഹത്തിന്റെ സമൂഹത്തിലും നീ നിന്റെ അനുഗ്രഹം നൽകേണമേ. ഇബ്റാഹിം നബിയുടെ അനുചരരിൽ പ്രവാചകന്മാരേയും രാജാക്കന്മാരേയും അല്ലാഹു നൽകി അനുഗ്രഹിച്ചതായി വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നു. റസൂൽ തിരുമേനി (സ) പോലും ഇബ്റാഹിം നബിയുടെ സമൂഹത്തിന്ന് നൽകിയ അനുഗ്രഹത്തിന്റെ ഫലമാണെന്ന് വരുമ്പോൾ ഈ സലാത്തിന്റെ ഗൗരവം കൂടുന്നു. എന്നിട്ടും നമുക്കിനി അല്ലാഹുവിന്റെ പക്കൽനിന്നും ആരും വേണ്ട എന്നു പറഞ്ഞുകൊണ്ടു അല്ലാഹുവിനെ പരിഹസിക്കുന്ന അവസ്ഥയാണ് ഇവരുടേത്. അഹോ കഷ്ടം! എന്നല്ലാതെ എന്ത് പറയാൻ. ■

(തുടരും)

ഈസാനബി (അ) യുടെ മരണവും ഇസ്‌ലാമിന്റെ പുനരുജ്ജീവനവും - 6

# ബിഷപ് ലഫ്രോയിയുടെ പരാജയവും ഇസ്‌ലാമിന്റെ വ്യക്തമായ വിജയവും.

മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്

**മേ**ൽ കേസ്സിൽ വിധിയുണ്ടായി 3 വർഷങ്ങൾക്ക് ശേഷം 1900 മെയ് 25ാ നു പ്രസിദ്ധനായ ബിഷപ്പ് ജോർജ് ആൽഫ്രഡ് ലഫ്രോയി (1854-1919) ഒരു പൊതുപ്രസംഗം ചെയ്തു. മുഹമ്മദ് മരിക്കുകയും മദീനയിൽ കബറടക്കം ചെയ്യപ്പെടുകയും ചെയ്തിരിക്കേ യേശു ഇപ്പോഴും ആകാശത്ത് ജീവനോടെ ഇരിക്കുന്നുവെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നതായി അദ്ദേഹം പ്രഖ്യാപനം ചെയ്തു. ഈ പ്രസംഗത്തിന് ശേഷം ഇക്കാര്യം ചർച്ചചെയ്യാൻ സദസ്യർക്ക് ഒരവസരം നൽകി. കുറച്ച് വർഷങ്ങൾക്ക് ശേഷം അമേരിക്കയിൽ അഹ്മദിയ്യാ മുസ്‌ലിം മിഷ്യൻ സ്ഥാപിച്ച വാഗ്ദത്ത മസീഹിന്റെ ഒരു ആത്മാർത്ഥ ശിഷ്യനും വിശ്വസ്ത സുഹൃത്തുമായ ഒരഹ്മദി തലേന്ന് വാഗ്ദത്ത മസീഹ് തയ്യാറാക്കി രാത്രിതന്നെ അച്ചടിച്ച ഒരു പ്രബന്ധം യോഗത്തിൽ എഴുന്നേറ്റു നിന്ന് വായിക്കാൻ തുടങ്ങി. ആ ലേഖനത്തിന്റെ പ്രത്യേകതയെന്തെന്നാൽ ലോർഡ് ബിഷപ്പ് തന്റെ പ്രസംഗത്തിലുന്നയിച്ച എല്ലാ വിമർശനങ്ങൾക്കും അതിൽ മറുപടി അടങ്ങിയിരുന്നുവെന്നതായിരുന്നു. തന്റെ ലേഖനത്തിൽ വാഗ്ദത്ത മസീഹ് അഖണ്ഡനീയമായ വിധത്തിൽ യേശുവിന്റെ മരണം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. എന്നെന്നും ജീവിച്ചിരിക്കുന്ന പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) ആണെന്നും അദ്ദേഹത്തിന്റെ ഔദാര്യം ലോകാവസാനം വരെ നിലനിൽക്കുമെന്നും പ്രസ്തുതലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു-അദ്ദേഹം പറഞ്ഞു. ഞാൻ ഈ വാദത്തിന്റെ ജീവിച്ചിരിക്കുന്ന തെളിവാണ്. മുഴുജനങ്ങളിൽ ആർക്കും തന്നെ എനിക്കെതിരിൽ നിൽക്കാൻ സാദ്ധ്യമല്ല. ലേഖനത്തിന്റെ അവസാനത്തിൽ വാഗ്ദത്ത മസീഹ് എഴുതി.

"ദൈവം എന്നെ അയച്ചിരിക്കുന്നത് എന്നെന്നും ജീവിച്ചിരിക്കുന്ന ഗ്രന്ഥം വി. ഖുർആനാണെന്നും സജീവമായ മതം ഇസ്‌ലാമാണെന്നും ജീവൽ പ്രവാചകൻ മുഹമ്മദ് നബി (സ) ആണെന്നും തെളിയിക്കാൻ ആണ്. കേൾക്കുവിൻ, ഞാൻ ആകാശഭൂമികളെ സാക്ഷിയാക്കുന്നു. ഞാൻ പറയുന്നതത്രയും സത്യമാണ്. യഥാർത്ഥദൈവം ഇസ്‌ലാമിക കലിമയിൽ പറഞ്ഞ ദൈവമാണ്". അല്ലാഹുവല്ലാതെ ദൈവവുമില്ല. (മജ്മുഅ ഇസ്ത്തിഹാറാത്ത് വാല്യം 3, പേജ് 267. അൽ ശിർക്കത്തുൽ ഇസ്‌ലാമിയ്യ, റബ്വ പ്രസിദ്ധീകരിച്ചത്.)

ലേഖനം വായിച്ചുതീർന്നപ്പോൾ "ഇസ്‌ലാം നീണാൾ വാഴട്ടെ" എന്ന ശബ്ദം പരിസരമാകെ മുഴങ്ങി. ലോർഡ് ബിഷപ്പ് അമ്പരന്നുപോയി. ഇത്രമാത്രം പറഞ്ഞു. താങ്കൾ മിർസായുടെ ഒരനുയായി ആണെന്ന് തോന്നുന്നു. ഞങ്ങൾക്ക് നിങ്ങളോട് ഒന്നും പറയാനില്ല. ഞങ്ങൾ മുസ്‌ലിംകളെയാണ് അഭിസംബോധന ചെയ്യുന്നത്. അപ്പോൾ അവിടെ കൂടിയിരുന്ന മുസ്‌ലിംകളെല്ലാം ഏക സ്വരത്തിൽ പറഞ്ഞു. 'മിർസായുടെ അനുയായികൾ കാഫിറുകളാണെങ്കിലും ഇന്ന് ഇസ്‌ലാമിന്റെ മുഖം രക്ഷിച്ചത് അവർ തന്നെയാണ്" (അൽഹക്കം മെയ് 14, 1908 കോളം 7)

ഡൽഹിയിലെ അസ്സാഹുൽ മത്തബയുടെ ഉടമസ്ഥനും ഇന്ത്യ-പാക്കിസ്ഥാൻ ഉപഭൂഖണ്ഡത്തിലെ പ്രസിദ്ധ മുസ്‌ലിം പണ്ഡിതനുമായ മൗലാനാ നൂർമുഹമ്മദ് നക്ഷ് ബന്ദി ചിശ്തീ ഈ വിജയത്തെക്കുറിച്ച് ആവേശഭരിതനായി ഇപ്രകാരം പറയുകയുണ്ടായി.

"അക്കാലത്ത് പാതിരി ലഫ്രോയി അനേകം പാതിരിമാരോടൊപ്പം ഇഗ്ലണ്ടിൽ നിന്ന് യാത്ര പുറപ്പെട്ടു. മുഴു ഇന്ത്യയെയും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാനുള്ള ആഗ്രഹത്തോടെ ആഗ്ലേയ ജനത അദ്ദേഹത്തിന് ഭീമമായ ഒരു തുക നൽകിയിട്ടുണ്ടായിരുന്നു. ഭാവിയിൽ കൂടുതൽ തുക നൽകുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം ഇന്ത്യയിൽ വന്ന് വളരെയധികം കോലാഹലം സൃഷ്ടിച്ചു. ഈസാനബി ഇന്നും ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നും മറ്റെല്ലാ പ്രവാചകന്മാരും ഭൂമിയിൽവെച്ചുതന്നെ മരിച്ചുപോയി എന്നുമുള്ള വിശ്വാസം ഇസ്‌ലാമിന് വളരെയധികം മാരകമായ പ്രഹരമേൽപ്പിച്ചിരിക്കുന്നു എന്ന് അദ്ദേഹം വിചാരിച്ചു. ഈ സമയമാണ് ഖാദിയാനിലെ മൗലവി ഗുലാം അഹ്മദ് ഇസ്‌ലാമിന് വേണ്ടി വെല്ലുവിളിയുയർത്തിയത്. എന്നിട്ട് ബിഷപ്പ് ഫ്രോയിയോട് പറഞ്ഞു: "മറ്റെല്ലാ പ്രവാചകന്മാരേയും മറികടന്നുകൊണ്ട് ഇന്നും ജീവിച്ചിരിക്കുന്നുവെന്ന് താങ്കളും മറ്റെല്ലാ ക്രിസ്ത്യാനികളും വിശ്വസിക്കുന്ന യേശു മരിച്ചുപോയെന്നും വരുമെന്ന് കാത്തിരിക്കുന്ന മസീഹ് താനല്ലാതെ മറ്റാരുമല്ലെന്നും അതിനാൽ അവർ അദ്ദേഹത്തെ (മിർസാ ഗുലാം അഹ്മദിനെ)" സ്വീകരിക്കാൻ ബാദ്ധ്യസ്ഥനാണ്. ഇവ്വിധം അദ്ദേഹം ബിഷപ്പിനേയും ക്രിസ്ത്യാനി

കളേയും വലിയ സമ്മർദ്ദത്തിലാഴ്ത്തി. എന്തുചെയ്യണമെന്നറിയാതെ അവർ വലഞ്ഞു. ഇന്ത്യയിലും യൂറോപ്പിലുമുള്ള പാതിരിമാരെ അദ്ദേഹം ഇപ്രകാരമാണ് പരാജയപ്പെടുത്തിയത്. (വിശുദ്ധഖുർആൻ മുഖവുര-പേജ് 30)

## ഇസ്‌ലാമിന്റെ വിജയശ്രീലാളിതനായ പടനായകൻ

അതേപ്രകാരം പ്രസിദ്ധമതനേതാവും വിദ്യാഭ്യാസ വിചക്ഷണനുമായ മൗലാനാ അബുൽകലാം ആസാദ് തന്റെ വക്കീൽ പത്രത്തിൽ വാഗ്ദത്ത മസീഹ് ചരമമടഞ്ഞപ്പോൾ അദ്ദേഹത്തെ 'വിജയശ്രീലാളിതനായ പടനായകൻ' എന്ന് വിശേഷിപ്പിച്ചുകൊണ്ട് അദ്ദേഹത്തെ സ്തുതിച്ചുകൊണ്ട് അനുശോചനക്കുറിപ്പെഴുതി.

"ഇസ്‌ലാം അതിന്റെ ബദ്ധവൈരികളാൽ ചുറ്റപ്പെടുകയും ഇസ്‌ലാമിന്റെ ധ്വജവാഹകരെന്ന് കരുതപ്പെട്ടിരുന്ന മുസ്‌ലിംകൾ അർദ്ധമനസ്സാലെ അതിനെ രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്ന അക്കാലം വിസ്മരിക്കാൻ സാധ്യമല്ല. പക്ഷെ അവർ തങ്ങളുടെ കർത്തവ്യനിർവഹണത്തിൽ ദയനീയമായി പരാജയപ്പെട്ടിരുന്നു. ഇസ്‌ലാമിനെതിരെയുള്ള ആക്രമണം അപകടകരമായ ഒരു പതനത്തിലെത്തിയിരിക്കുന്നു. തങ്ങളുടെ വിജയമാർഗ്ഗത്തിൽ ഒരു തടസ്സമായി നിന്നിരുന്ന ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാമെന്ന അത്യുൽക്കടമായ ആഗ്രഹം ക്രിസ്ത്യാനികൾ വെച്ചുപുലർത്തി. മുസ്‌ലിംകൾ എത്രത്തോളം നിരായുധരായിരുന്നുവെന്നാൽ വൻതോക്കുകൾക്കുമുമ്പിൽ വെറും അമ്പും വില്ലും പോലും മുസ്‌ലിംകളുടെ കയ്യിലുണ്ടായിരുന്നില്ല. അതിനാൽ പ്രതിരോധം തികച്ചും താരതമ്യപ്പെടുത്താവുന്നതായിരുന്നില്ല. എങ്കിലും ഒരു പ്രത്യേകതരത്തിൽ അവർ പ്രതിരോധം നടത്തി. അതിൽ പ്രധാനപങ്ക് വഹിച്ചത് ഹസ്റത്ത് മീർസാ സാഹിബായിരുന്നു. ഭരണത്തിന്റെ ആനുകൂല്യത്തിൽ അതുവരെ ക്രിസ്ത്യാനികൾ നേടിയിരുന്ന സ്വാധീനശക്തി കാരണമുണ്ടായ എല്ലാ ദുഷ്ഫലങ്ങളെയും ഈ പ്രതിരോധം തകർത്തു തരിപ്പണമാക്കിയെന്നല്ല. പരീക്ഷണാർത്ഥമായ വിജയവും കൈവരിക്കാൻ മുസ്‌ലിംകൾക്ക് കഴിഞ്ഞു. മാരകമായ ക്രിസ്തീയാക്രമണത്തിന്റെ ദുഷ്ഫലങ്ങളിൽനിന്ന് ലക്ഷക്കണക്കിൽ മുസ്‌ലിംകൾ രക്ഷപ്പെട്ടുവെന്നു മാത്രമല്ല, ക്രിസ്ത്യാനികളുടെ ആവേശം പുകപോലെ മറയാൻ തുടങ്ങി. ചുരുക്കത്തിൽ ഭാവിതലമുറ മീർസാസാഹിബിനോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. അദ്ദേഹം തൂലികമുഖേനയുള്ള യുദ്ധത്തിൽ ശത്രുവിനെതിരിൽ മുൻനിരയിൽ നിന്ന് പോരാടി. മാത്രമല്ല അദ്ദേഹം വിലമതിക്കാനാകാത്ത ഒരു സാഹിത്യം വിട്ടേച്ചുകൊണ്ടാണ് പോയത്. മുസ്‌ലിംകൾ ഇസ്‌ലാമിക മൂല്യങ്ങൾക്ക് പരിഗണന നൽകുകയും മുസ്‌ലിംകളുടെ സിരകളിൽ രക്തത്തിന്റെ ഊഷ്മാവ് അനുഭവപ്പെടുകയും ചെയ്യുന്നേടത്തോളം കാലം ഈ സാഹിത്യം അവർക്ക് ഒരു ആയുധപ്പുരയായിരിക്കുന്നതാണ്" (വക്കീൽ പത്രം, അമൃത്സർ 1908 മെയ്-ബദ്ർ ഖാദിയാൻ ജൂൺ 18, 1908)

## രണ്ടു ബൃഹത്തായ മാറ്റങ്ങൾ

വിശ്വാസികളുടെ ആ പടനായകൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഇന്നേക്ക് 92 വർഷങ്ങളായി. ഇക്കാലത്തിനിടക്ക് അദ്ദേഹത്തിന്റെ സമർത്ഥനങ്ങളുടെ തത്ത്വശാസ്ത്രപരമായ മികവ് കാരണം ഗവേഷണരീതിയും വിശകലനവും വളരെയധികം മാറിയിട്ടുണ്ട്. ഇവിടെ വളരെ പ്രകടമായിട്ടുള്ള രണ്ട് ശ്രദ്ധാർഹമായ മാറ്റങ്ങളെക്കുറിച്ച് വിവരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. മതപരമായ ചർച്ചകളിലും സംഭാഷണങ്ങളിലും വാഗ്ദത്ത മസീഹ് കൈക്കൊണ്ടിട്ടുള്ള ബുദ്ധിപരമായ സമീപനം പൂർണ്ണമായി ബോദ്ധ്യപ്പെട്ടതിനാൽ മുസ്‌ലിം ചിന്തകന്മാരും, എഴുത്തുകാരും, പണ്ഡിതന്മാരുമായ വലിയൊരു വിഭാഗം ഈസാനബി പ്രകൃതി സാധാരണമായ നിലയിൽ ചരമംപ്രാപിച്ചുവെന്ന വാഗ്ദത്ത മസീഹി(അ)ന്റെ വീക്ഷണം അംഗീകരിച്ചിട്ടുണ്ട്. വീക്ഷണത്തിലുള്ള ഈ മാറ്റം അവർ പരസ്യമായി പ്രകടിപ്പിക്കുക മാത്രമല്ല ഇക്കാര്യം തങ്ങളുടെ സംഭാഷണങ്ങളിലും പ്രഭാഷണങ്ങളിലും സമ്മതിച്ചു പറയുകയുണ്ടായിട്ടുണ്ട്. കൂടാതെ നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും ഈ വിഷയകമായി എഴുതപ്പെട്ടിട്ടുണ്ട്. ക്രിസ്ത്യാനികളുടെ ആസൂത്രണങ്ങൾമൂലം ഇസ്‌ലാമിൽ നുഴഞ്ഞുകയറിയ ഒരു വിശ്വാസമാണ് ഈസാനബി ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നത് എന്ന് സമ്മതിക്കുന്നതിന് പുറമെ യേശുവിന്റെ കല്ലറയെ സംബന്ധിച്ച അദ്ദേഹത്തിന്റെ ഗവേഷണങ്ങളെ അവർ പുകഴ്ത്തിപ്പറയുകയും ചെയ്തിട്ടുണ്ട്. ഈ വിഷയകമായി സ്വതന്ത്രമായ രീതിയിലും അവർ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അവയിലൊരു കക്ഷി നബിതിരുമേനിയുടെ പ്രസിദ്ധമായ ഒരു ഹദീസിന് താഴെ കൊടുത്ത വിധം വിവർത്തനം നൽകുകയുണ്ടായി.

"ഈസ വിധികർത്താവ് എന്ന നിലിയലായിരിക്കും ജനിക്കുക! (മൗലാനാ അബ്ദുൽ ഖയ്യൂം നദ്‌വി റഈസ് അഹ്‌മദ് ജഫ്‌റിയുടെ സീറത്ത് അഇമ്മ അർബ്ബാഹ് പേജ് 595).

## ഈസാനബിയുടെ മരണത്തെ സംബന്ധിച്ച വീക്ഷണത്തിന്റെ പ്രചാരം

ഈസാനബി പ്രകൃതി സാധാരണമായ നിലയിൽ മരിച്ചുപോയി എന്ന സത്യം സമ്മതിച്ച് പറഞ്ഞിട്ടുള്ള പ്രശസ്തരായ ചില മുസ്‌ലിം ചിന്തകരുടെയും പണ്ഡിതന്മാരുടേയും പേരുകൾ ഞങ്ങൾ താഴെകൊടുക്കുന്നു.

1) മുസ്‌ലിം വേൾഡ് ലീഗ്, മക്കയിലെയും, ഇസ്‌ലാമിക് സെന്റർ ജനീവയിലെയും പ്രശസ്ത പണ്ഡിതനായ മുഹമ്മദ് അസദ് (ഖുർആന്റെ സന്ദേശം എന്ന ഗ്രന്ഥത്തിൽ)
2) ലോകപ്രശസ്ത ഈജ്പിഷ്യൻ പണ്ഡിതൻ റശീദ് റിസ-(അൽമനാർ വാല്യം 5 പേജ് 900-01)
3) ഈജിപ്തിലെ മുഫ്തിയും പണ്ഡിതനുമായ മഹ്‌മൂദ് ശൽതൂത്ത് (അൽഫത്താവ പേജ് 52-75 (നാശിറൽ ഇദ്രത്തൽ അമ്മാത്തലിൽ

തഖഫത്തുൽ ഇസ്‌ലാമിയ്യ-അൽ അസ്ഹർ).

4. അല്ലാമ അഹ്മദ് അൽ അജൂസ് (ഈസാനബി ജീവിച്ചിരിപ്പുണ്ടോ? എന്ന ഗ്രന്ഥത്തിൽ പേജ്-23)

5. അൽ അസ്ഹർ സർവകലാശാല യിലെ അല്ലാമാ മുസ്തഫ അൽമ റാഗി (തഫ്സീറൽ മറാഗി പേജ് 195)

6. ലെബനാനിലെ പ്രഫസർ അബ്ബാസ് മഹ്മൂദ് (ഈസയുടെ ജീവിതം പേജ് 213)

7. ഇഖ്‌വാനുൽ മുസ്‌ലിമീന്റെ സയ്യിദ് ഖുത്തുബ് (ഫീ ബിലാലുൽ ഖുർ ആൻ വാല്യം 7 പേജ് 66).

8. ഈജിപ്തിലെ ഒരു കോളജിലെ സാമ്പത്തിക ശാസ്ത്രം പ്രഫസ റായ ഡോ. മഹ്മൂദ് ബിൻ ശരീഫ് (അൽ അദിയാൻ ഫിൽ ഖുർആൻ പേജ് 210-4 ഈജിപ്തിലെ ദാറുൽമാരിഫിൽ അച്ചടിച്ചത്).

9) അൽ അസ്ഹർ പണ്ഡിതനായ സഅദ് മുഹമ്മദ് ഹസ്സൻ മിസാരത്ത് (അൽ അഹ്മദിയ്യഫിൽ ഇസ് ലാം പേജ് 38. ഈജിപ്തിലെ ദാറുൽ കുത്തുബൽ അറബിയ്യയിൽ അച്ച ടിച്ചത്).

10) ഈജിപ്തിലെ മുഹമ്മദ് അൽ ഗസ്സാലി (നസാരത്ത് ഫിൽ ഖുർ ആൻ, കയ്റോ).

11) ഗാസ്സയിലെ അശൈഖ് അബ്ദുല്ല അൽ കീരാവി (അഫ്കാർ മുഅ്മിനീൻ ഫീ അഖാഇഖദ്ദീൻ പലസ്തീനിൽ അച്ചടിച്ചത്)

12) സൈനുദ്ദീൻ റഹ്നുമ (ഇറാനിൽ അച്ചടിച്ച വിശുദ്ധ ഖുർആന്റെ പേർഷ്യൻ പരിഭാഷ)

13) ഹാജി അബ്ദുൽ കരീം അംറുല്ലാ (അൽ ഖൗലുസ്സാലിഹ്-ഇന്റോനേ ഷ്യയിൽ അച്ചടിച്ചത്).

14) കെനിയയിലെ മുഖ്യ ഖാസിയായ ശേഖ് അബ്ദുല്ലാ സാലിഹ് (സൗ ത്തുൽ ഹഖ് പേജ് 6, ഒക്ടോബർ 1978-നയ്റോബി

ഇതേ വീക്ഷണം കൈക്കൊണ്ട ഇന്ത്യ-പാക്കിസ്ഥാൻ ഉപഭൂഖണ്ഡത്തിലെ പണ്ഡിതന്മാരിവരാണ്.

1) മൗലാനാ ഉബൈദുല്ലാ സീന്ധീ

2) മൗലാനാ അബുൽ കലാം ആസാദ്

3) ഇമാമുൽ ഹിന്ദ് അല്ലാമാ ഇനായത്തുല്ലാഖാൻ മശ്രിഖി (ഖാ ക്സർ പ്രസ്ഥാന സ്ഥാപകൻ)

4) അല്ലാമാ നിയാസ് ഫത്തഹ്പുരി

5) ഒരു ഗവേഷണ പണ്ഡിതനായ മുഹ മ്മദ് യാസിൻ M.A. LLB. PhD.

6) ശ്രീനഗറിലെ ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ ഡയറ ക്ടർമാരും, ഇന്റർനേഷനൽ കോൺഗ്രസ്സിന്റെ അംഗവുമായ പ്രൊഫസർ ഫിദാമുഹമ്മദ് ഹസ്ന യൻ M.A. LLB ... 'ഈസായിയ്യത്ത്' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ അബ്ദുൽ വഹീദ്ഖാൻ.

8) നദ്‌വയിലെ മൗലാനാ മുഹമ്മദ് ഇസ്മയിൽ

9) തുലൂ-ഇസ്‌ലാം പത്രാധിപർ ഗുലാം അഹ്മദ് പർവേസ്

## വിശ്വാസോദ്ദീപകമായ ഒരു ദൈവിക പ്രകടനം

ഏതെല്ലാം വിചിത്രമായ വഴികളിൽ കൂടിയാണ് സർവ്വശക്തനായ ദൈവം തന്റെ അസ്തിത്വത്തെ വെളിപ്പെടുത്തു ന്നത് എന്ന കാര്യം നമ്മെ വളരെയ ധികം ആശ്ചര്യഭരിതരാക്കുന്നു. യേശു വിനെ സംബന്ധിച്ച ഈ കണ്ടുപിടി ത്തങ്ങളത്രയും അവയുടെ തെളിവു കളും ക്രിസ്തീയ പണ്ഡിതന്മാർ തന്നെ യാണ് നൽകിയിരിക്കുന്നത്. ഏറ്റവും വിചിത്രമായ കാര്യം ഏറ്റവും ഉന്നതന്മാ രായ പാതിരിപ്രമുഖർ തന്നെയാണ് യേശു ജീവനോടെ ആകാശത്ത് ജീവി ച്ചിരിക്കുന്നു എന്ന വിശ്വാസത്തിനെതി രിൽ പരസ്യമായി രംഗത്ത് വന്നിട്ടുള്ള ത്. അതേ യേശു ഭൗതിക ശരീര ത്തോടെ ആകാശത്തിൽ നിന്നിറങ്ങും എന്ന വിശ്വാസം സ്വീകരിക്കാൻ അവർ തയ്യാറാവുന്നില്ല. കുരിശ് ഒരു ക്രിസ്തീ യിതര പ്രതീകമാണെന്നും അവർ പ്രഖ്യാപിക്കുന്നു. തങ്ങളുടെ കഴുത്തിൽ ആ കുരിശണിയാൻ അവർ വിസമ്മതം പ്രകടിപ്പിക്കുന്നു. (ന്യൂയോർക്കിലെ വാച്ച് ടവർ ബൈബിൾ & ട്രാക്റ്റ് സൊസൈറ്റി. 'Truth' എന്ന പേരിൽ 1968ൽ ഇംഗ്ലീഷിലും 1972ൽ ഉറുദു വിലും പ്രസിദ്ധീകരിച്ചത്).

അഷർഡീൻ യൂനിവേഴ്സിറ്റിയിലെ ഒരു പണ്ഡിതൻ ലണ്ടനിലെ BBCക്ക് നൽകിയ ഒരു പ്രഭാഷണത്തിൽ യേശു ജീവനോടെ ആകാശത്തേക്ക് കരേറി പ്പോയി എന്ന ആശയം വെറുമൊരു പ്രഹസനമല്ലാതെ മറ്റൊന്നുമല്ലെന്ന് വളരെ വ്യക്തമായ നിലയിൽ ചൂണ്ടിക്കാ ണിക്കുകയുണ്ടായിട്ടുണ്ട്. (നവായെവ ക്ത് ദിനപ്പത്രം 1955 ജനുവരി 20ാംനു റിപ്പോർട്ട് ചെയ്തത് പേജ് 2)

അപ്രകാരം പ്രശസ്ത ക്രിസ്തീയ ഗവേഷകരായ റോബർട്ട് ഗ്രെയ്‌വും ജോശ്വാപോഡ്രോയും ചരിത്രപരമായ തെളിവുകൾക്കൊണ്ടും ശാസ്ത്രീയ മായ നിരീക്ഷണങ്ങൾകൊണ്ടും തെളി യിച്ചിട്ടുള്ളത് യേശുവിന്റെ മാംസവും അസ്ഥിയുമുള്ള ശരീരത്തിന് യന്ത്രസ ഹായം കൂടാതെ ശൂന്യാകാശത്തിൽ സഞ്ചരിക്കാൻ സാദ്ധ്യമല്ലെന്നാണ്. മാത്രമല്ല യേശുവിന്റെ ശരീരത്തിന് ഈതർരൂപം പ്രാപിക്കാൻ ആവശ്യമായ ആറ്റം ഊർജ്ജത്തിന് ജറൂസലേമി നേയും മുഴുവൻ ഫലസ്തീനിനേയും പൂർണമായും നശിപ്പിക്കാനുള്ള ശക്തി യുണ്ടെന്നാണ്. എന്നാൽ അപ്രകാര മൊരു കെടുതി ഒരിക്കലും ഒരു ചരിത്ര വസ്തുതയായി നിലവിലില്ല. ആയതിനാൽ അദ്ദേഹത്തിന്റെ ആകാ ശത്തേക്കുള്ള പോക്ക് ആറ്റം ഊർജ്ജ ശാസ്ത്രത്തിന് വിരുദ്ധമാണ്. ("യേശു റോമിൽ" എന്ന പുസ്തകം) നൂറു വർഷം മുമ്പ് വരെ കാശ്മീരിലെ യേശു വിന്റെ കല്ലറയെ സംബന്ധിച്ച് ക്രിസ്ത്യൻ പാതിരിമാർ ഒരു കെട്ടുകഥ എന്നാണ് പറയാറുള്ളത്. എന്നാൽ കാര്യം ആകെ മാറിയിരിക്കുന്നു. മുഹ മ്മദിന്റെ സർവ്വശക്തനും സജീവനുമായ ദൈവം ത്രിയേകത്വ ആരാധകരിൽ നിന്ന് തന്നെ ലാഡിസ്ലാഖ് ഫിലിപ്പ് MD, റെജിനാൾഡ് ചാൾസ് എവെറാൾഡ് സ്കോൾഫീൽഡ്, ആൻഡ്രിയാസ് ഫേബർ കൈഷർ എന്നിവരെ ഈ രഹ സ്യസത്യത്തിലേക്ക് ഊഴ്ന്നിറങ്ങി

ചിന്തിക്കാൻ കാരണമാക്കി. ഈ വിഷയകമായി അവർ തങ്ങളുടെ പ്രഭാഷണങ്ങൾ 1978 ജൂണിൽ ലണ്ടനിൽ വെച്ചുചേർന്ന് ചരിത്രപരമായ കൺവെൻഷനിൽ നൽകുകയുണ്ടായി. ശ്രീനഗറിലുള്ള കല്ലറ യേശുവിന്റേത് തന്നെയാണെന്ന നിഗമനത്തിലാണ് ഈ പണ്ഡിതന്മാരെല്ലാം എത്തിച്ചേർന്നത്. ഈ കല്ലറ ചൂണ്ടിക്കാണിച്ചുതന്ന അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർക്കാണ് ഇതിന്റെ ബഹുമതി എന്ന് സ്കോൾഫീൽഡ് പരസ്യമായി സമ്മതിക്കുകയുണ്ടായി. പ്രസ്ഥാന സ്ഥാപകരുടെ ദീർഘവീക്ഷണമാണ് ഇത് സംബന്ധമായ മുൻവിധികളേയും മർക്കടമുഷ്ടിയേയും തകർത്തത്.

പ്രസിദ്ധ മതതാരതമ്യ പഠന പണ്ഡിതനായ സ്പെയിൻകാരനായ ഫേബർ കൈസർ സത്യം കണ്ടെത്താൻ സ്വയം കശ്മീരിൽ പോകുകയും നിരന്തരമായ ഗവേഷണങ്ങൾക്കുശേഷം "യേശു കശ്മീരിൽ വെച്ചു മരിച്ചു" എന്ന ഗ്രന്ഥമെഴുതുകയാണുണ്ടായത്.

മറ്റൊരു അത്ഭുതകരമായ പ്രഖ്യാപനം ക്രിസ്തീയ പണ്ഡിതന്മാർക്ക് പേരുകേട്ട അമേരിക്കൻ ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിന്റേതാണ്. യേശുവിന്റെ ആകാശാരോഹണത്തെ സംബന്ധിച്ച് മാർക്കോസിന്റെയും ലൂക്കോസിന്റെയും സുവിശേഷങ്ങളിലുള്ള വചനങ്ങൾ എല്ലാം തന്നെ വ്യാജവും ഭാവനാത്മകവുമാണെന്നാണ് അവർ പ്രഖ്യാപിച്ചിരിക്കുന്നത്.

## യേശുവിന്റെ ആകാശാരോഹണത്തെ സംബന്ധിച്ച വാക്യങ്ങൾ നീക്കിക്കളയൽ

അമേരിക്കൻ ചർച്ചിന്റെ നേഷനൽ കൗൺസിൽ ബൈബിളിന്റെ ഒരു പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (Revised Standand Version) യേശുവിന്റെ ആകാശാരോഹണത്തെ സംബന്ധിച്ചതടക്കമുള്ള നിരവധി വചനങ്ങൾ ഇതിൽനിന്ന് നീക്കിക്കളഞ്ഞിരിക്കുന്നു. അമേരിക്കൻ ചർച്ചിന്റെ പല വിഭാഗങ്ങളിലും ഇത് അങ്കലാപ്പ് സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഇന്ത്യാ പാക്കിസ്ഥാൻ ഉപഭൂഖണ്ഡത്തിലെ ക്രിസ്തീയ നേതാക്കൾ വളരെയധികം നിരാശയോടുകൂടി ഹൃദയഭേദകമായ രീതിയിൽ ഇപ്രകാരം പ്രസ്താവിച്ചത്. "ഈ വിവർത്തകന്മാർക്ക് മുമ്പിൽ ഒരേയൊരു ലക്ഷ്യമാണുണ്ടായിരുന്നത്. യേശുവിന്റെ ദൈവത്തിന് തെളിവായി കാണുന്ന, അദ്ദേഹം മരിച്ചവരിൽനിന്നുയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തെന്നുള്ള വിപ്ലവ വചനങ്ങളും കഴിയുന്നത്ര നീക്കി അദ്ദേഹത്തിന്റെ രണ്ടാംവരവിനെ സംശയഗ്രസ്ഥമാക്കുക. എന്നിട്ട് കർത്താവിന് മറ്റു പ്രവാചകന്മാരുടെ മാത്രം പദവി നൽകുക. അതുവഴി അവർ കർത്താവിന്റെ കന്യകപുത്രത്വയേയും മേൽക്കോയ്മയേയും നിഷേധിച്ചിരിക്കയാണ്. ഇത് വളരെ നിന്ദ്യമായ ഒരു നീക്കമാണ്. ഇത് വഴി മുഴുവൻ ക്രിസ്ത്യൻ മതത്തിന്റെയും ഘടന തകർന്നു തരിപ്പണമാവുന്നു. (1978 ഏപ്രിൽ മാസത്തെ 'കലമിഹഖ്' മാസിക പേജ് 7)

വാഗ്ദത്ത മസീഹിന്റെ മഹത്തായ ഒരു പ്രവചനം

"....ഒരു കാര്യം നല്ലപോലെ ഓർത്തുകൊൾവിൻ ആരും തന്നെ ആകാശത്ത് നിന്നിറങ്ങിവരികയില്ല. ഇന്ന് ജീവിച്ചിരിക്കുന്ന നമ്മുടെ എതിരാളികളെല്ലാം മരിച്ചൊടുങ്ങും. ആരുംതന്നെ ഈസബ്നുമർയം ആകാശത്ത് നിന്നിറങ്ങുന്നത് കാണുകയില്ല. പിന്നെ അവരുടെ സന്തതികളും മരിച്ചൊടുങ്ങും. അവരും ഈസബ്നുമർയം ആകാശത്ത് ന്നിറങ്ങുന്നത് കാണുകയില്ല. പിന്നെ അവരുടെ മൂന്നാം തലമുറയും മരിച്ചൊടുങ്ങും. അവരും ഈസബ്നുമർയം ആകാശത്ത് നിന്നിറങ്ങുന്നത് കാണുകയില്ല. അപ്പോൾ ദൈവം അവരുടെ ഹൃദയങ്ങളിൽ അങ്കലാപ്പ് സൃഷ്ടിക്കുകയും കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോയെന്ന് അവർ പറയും. അപ്പോൾ ലോകത്തിന്റെ കാര്യങ്ങളിൽ പൂർണ്ണമായ ഒരു മാറ്റം സംഭവിച്ചിട്ടുണ്ടാവും. പക്ഷെ മർയമിന്റെ പുത്രൻ ഇറങ്ങിയിട്ടുണ്ടാവില്ല. അപ്പോൾ അവരിൽ ബുദ്ധിമാന്മാർ നിരാശബാധിച്ച് ഈ വിശ്വാസം കൈവെടിയുകയും ഇന്നുമുതൽ മൂന്ന് നൂറ്റാണ്ട് കഴിഞ്ഞുകടന്നിട്ടുണ്ടാവില്ല. ഈസബ്നുമർയമിന്റെ ആഗമനത്തെ പ്രതീക്ഷിച്ചിരിക്കുന്നവർ അവർ മുസ്ലിംകളാവട്ടെ, ക്രിസ്ത്യാനികളാവട്ടെ, ഈ വിശ്വാസത്തെ പാടെ കയ്യൊഴിക്കുകയും പിന്നെ ലോകത്ത് ഒരു മതവും ഒരു മതനേതാവും മാത്രം അവശേഷിക്കും. ഞാൻ ബീജാവാപം ചെയ്യുന്നതിനായി വന്നിരിക്കുന്നു. ബീജം എന്റെ കയ്യാൽ നടപ്പെട്ടിരിക്കുന്നു. അത് വളരുകയും പുഷ്പിക്കുകയും ചെയ്യും. ഇതിനെ ആരാലും തടയുക സാദ്ധ്യമല്ല"- (തദ്കിറത്തുശ്ശഹാദത്തൈൻ പേജ്65) ***(അവസാനിച്ചു)***

---

*പേജ് 12ൽ നിന്ന്*

ന്നതിനുപകരം നിരപരാധിയായ അറബികളിൽ പലരെയും വെടിവെച്ചുവീഴ്ത്തുകയും ചെയ്ത സംഭവം മുസ്ലിംലോകത്തെ ആകമാനം നടുക്കുകയുണ്ടായല്ലോ. ഈ മൃഗീയ ആക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ട് പരേതനായ ഖാലിദ് രാജാവിന്റെ ആഹ്വാനപ്രകാരം ചില മുസ്ലിംരാഷ്ട്രങ്ങളിൽ പൊതുപണിമുടക്ക് നടത്തിയെന്നല്ലാതെ യാതൊരു പ്രതികാര നടപടിയുമെടുക്കാൻ അറബികൾക്കോ മുസ്ലിംലോകത്തിനോ സാദ്ധ്യമായില്ല. പ്രസ്തുത വചനങ്ങളിൽ പറയപ്പെട്ട അറബികളുടെ ദുരവസ്ഥ ഇന്നു എത്രമാത്രം ദയനീയമായിട്ടുണ്ടെന്നു ഈ സംഭവങ്ങൾ വ്യക്തമാക്കിത്തരുന്നു:

യഹൂദർക്ക് രാഷ്ട്രം ഒന്നുമാത്രമെയുള്ളൂ-ഇസ്രാഈൽ. അതിലെ ജൂതജനസംഖ്യ സുമാർ 35 ലക്ഷമാണ്. ലോകത്താകെ ജൂതന്മാർ ഒന്നേകാൽ കോടി മാത്രമേയുള്ളൂ. മറുവശത്ത് മുസ്ലിംകൾ ലോകത്ത് 80 കോടിയിലധികമുണ്ട്. അവരിൽ ഏറെക്കുറെ 13 കോടി അറബികളാണ്. നിരവധി രാഷ്ട്രങ്ങളും അവർക്കുണ്ട്. 'ഒഴുകുന്ന തങ്കം' വിളയുന്ന ഭൂമിയും അവരുടെ അധീനത്തിൽ ധാരാളമുണ്ട്. എന്നിട്ടെന്തുഫലം! യുദ്ധങ്ങളിൽ വിജയം യഹൂദർക്കുതന്നെ. പരാജയം അറബികൾക്കും. മേലുദ്ധരിച്ച പ്രവചനത്തിൽ പറഞ്ഞ അറബികളുടെ ദുരവസ്ഥയും ദജ്ജാൽ-യഅ്ജൂജ്-മഅ്ജൂജിന്റെ പുറപ്പാടും എത്രമാത്രം വ്യക്തമായി പുലർന്നിരിക്കുന്നുവെന്നു ചിന്തിക്കുക! ഇതെല്ലാം വാഗ്ദത്ത മഹ്ദി-മസീഹിന്റെ സത്യസാക്ഷ്യങ്ങളിൽ പെട്ടതാണെന്ന വസ്തുതയും ഓർക്കണം. ■

# ഒരു നൂറ്റാണ്ട് തികഞ്ഞ 'റിവ്യൂ ഓഫ് റിലീജ്യൻസ്'

**അബൂരിസ്‌വാൻ**

വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ് (അ) ആരംഭിച്ച റിവ്യൂ ഓഫ് റിലീജ്യൻസ് (Review of Religions) എന്ന ഇംഗ്ലീഷ് പ്രസിദ്ധീകരണം ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയിരിക്കുന്നു.

ജനുവരി 2002 അവസാനിക്കുന്നതോടെ റിവ്യൂ ഓഫ് റിലീജ്യൻസ് ഒരു നൂറ്റാണ്ടു പൂർത്തിയാക്കുകയാണ്. ഈ ഇംഗ്ലീഷ് പ്രസിദ്ധീകരണം അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യാണ് സ്ഥാപിച്ചത്. പാശ്ചാത്യനാടുകളിൽ ഇസ്‌ലാംമത സന്ദേശം പ്രചരിച്ചു കാണാൻ വാഗ്ദത്ത മസീഹിന് അത്യാഗാധമായ അഭിവാഞ്ഛയുണ്ടായിരുന്നു. ഒരിക്കൽ തന്റെ ഒരനുയായി ഒരു സംവാദത്തിൽ വിജയശ്രീലാളിതനായ വാർത്ത വാഗ്ദത്ത മസീഹിന്റെ സന്നിധിയിലെത്തുകയുണ്ടായി. അപ്പോൾ അവിടുന്ന് പ്രതിവചിച്ചു. "യൂറോപ്പു മുഴുവൻ ഇസ്‌ലാമായി എന്ന വാർത്തയുമായി താങ്കൾ വന്നു എന്നു ഞാൻ കരുതി"-യൂറോപ്പിൽ തന്റെ സാഹിത്യങ്ങൾ വമ്പിച്ചതോതിൽ പ്രചാരപ്പെടും എന്ന സുവിശേഷങ്ങളടങ്ങിയ വെളിപാടുകൾ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അത്തരം സാഹിത്യങ്ങളിലാകൃഷ്ടരായി ആയിരക്കണക്കിന് ഇംഗ്ലീഷുകാർ ഇസ്‌ലാംമതം സ്വീകരിക്കുമെന്ന് അദ്ദേഹത്തിന് ദൈവികമായ അറിയിപ്പ് ലഭിച്ചിരുന്നു. ആ സന്ദർഭത്തിൽ യൂറോപ്പിനേയും അമേരിക്കയേയും ലക്ഷ്യംവെച്ചുകൊണ്ട് വളരെ പരിമിതമായ ചില പരസ്യങ്ങളും ചില പുസ്തകങ്ങളും മാത്രമായിരുന്നു ഇംഗ്ലീഷ് ഭാഷയിലേക്ക് തർജമ ചെയ്യപ്പെട്ടിരുന്നത്. ഇത് ഒരിക്കലും തന്നെ ഒരു പദ്ധതികളുടെ അടിസ്ഥാനത്തിലല്ലായിരുന്നു. ഹസ്റത്ത് അഹ്മദ് (അ) താൻ വാഗ്ദത്ത മസീഹാണെന്ന വാദം പുറപ്പെടുവിച്ചപ്പോൾതന്നെ ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ട് താൻ എഴുതിയ ലേഖനങ്ങൾ പാശ്ചാത്യനാടുകളിൽ പ്രചരിപ്പിക്കാൻ ഇംഗ്ലീഷ് ഭാഷയിൽ ഒരു പ്രസിദ്ധീകരണം വേണമെന്ന് അദ്ദേഹം അഭിലഷിച്ചിരുന്നു.

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുണ്ടായിരുന്ന തന്റെ അനുയായികളുമായി വാഗ്ദത്ത മസീഹ് ഇതുസംബന്ധിച്ച് ചർച്ച ചെയ്തു. 1901 ജനുവരി 15ന് മൗലവി മുഹമ്മദലി സാഹിബ് എം എയുടേയും പെഷവാറിലെ പ്ലീഡറായിരുന്ന ഖ്വാജാ കമാലുദ്ദീൻ ബി എയുടേയും കൂട്ടുപത്രാധിപത്യത്തിൽ ഒരു ഇംഗ്ലീഷ് പ്രസിദ്ധീകരണം ആരംഭിക്കാൻ വാഗ്ദത്ത മസീഹ് (അ) തീരുമാനിച്ചു. ഈ ഇംഗ്ലീഷ് മാഗസിന്റെ പുറത്തിറക്കാനുള്ള സംരംഭത്തിന്റെ ഭാഗമായി 1901 മാർച്ച് 31നും ഏപ്രിൽ 1നും ഖാദിയാനിലെ മസ്ജിദ് അഖ്സയിലും മസ്ജിദ് മുബാറക്കിലും കൂടിയാലോചനകൾ നടന്നു. ഒരു ഇംഗ്ലീഷ് മാഗസിൻ പ്രസിദ്ധീകരിക്കാനും, വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാനും വേണ്ടി 'അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം' എന്ന പേരിൽ ഒരു സ്ഥിരം ബോർഡ് രൂപീകരിക്കാൻ തീരുമാനമായി. ആ ബോർഡിന്റെ ചെയർമാനായി വാഗ്ദത്ത മസീഹ് സ്വയം ഉത്തരവാദിത്വമേറ്റെടുത്തു.

പ്രസിഡന്റ് ഹസ്റത്ത് മൗലവി നൂറുദ്ദീൻ, വൈസ് പ്രസിഡന്റ് മൗലവി അബ്ദുൽ കരീം സിയാൻകോട്ടി, സെക്രട്ടറി ഖ്വാജാ കമാലുദ്ദീൻ, അസി. സെക്രട്ടറി മൗലവി മുഹമ്മദലി സാഹിബ്, ഫൈനാൻഷ്യൽ സെക്ര. ശൈഖ് റഹ്മത്തുല്ലാഹ് മാലിക്ക് (ബോംബെ), അക്കൗണ്ടന്റ് മിയാൻ താജുദ്ദീൻ ലഹോറി എന്നിവരെയും വാഗ്ദത്ത മസീഹ് നിയമിച്ചു.

ബോർഡ് ഡയറക്ടർമാർ നിർദ്ദിഷ്ട പ്രസിദ്ധീകരണത്തിന്റെ പേര് 'റിവ്യൂ ഓഫ് റിലീജ്യൻസ്' എന്നാണെന്നും അത് ലാഹോറിൽ വെച്ച് പ്രസിദ്ധീകരിക്കണമെന്നും തീരുമാനിച്ചു. അതിന്റെ ഭരണഘടന നിർമ്മിക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. 1901 നവംബർ 24ന് ചേർന്ന യോഗത്തിൽ മുന്നൂറ് വരിക്കാരെ ലഭിക്കുകയാണെങ്കിൽ റിവ്യൂ ഓഫ് റിലീജ്യൻസിന് ഉറുദു പതിപ്പ് ഇറക്കാമെന്നും അവർ തീരുമാനമെടുത്തു.

നൂറ്റാണ്ട് പൂർത്തിയാക്കിയ ഒരു ഇംഗ്ലീഷ് മാസികയുടെ എളിയ തുടക്കത്തിന്റെ വിവരണമാണിത്. 1906ൽ 'സദർ അഞ്ചുമൻ അഹ്മദിയ്യ' രൂപവത്കരിച്ചപ്പോൾ മറ്റെല്ലാ വകുപ്പുകളും ലയിച്ചതുപോലെ റിവ്യൂവിന്റെ നിയന്ത്രണവും അഞ്ചുമന്റെ നേതൃത്വത്തിൽ വന്നു.

വാഗ്ദത്ത മസീഹ് നിർദ്ദേശിച്ച റിവ്യൂ ഓഫ് റിലീജ്യൻസിന്റെ ഇംഗ്ലീഷ്, ഉറുദു പതിപ്പുകൾ 1902 ജനുവരി മാസത്തിലാണ് ആരംഭിച്ചത്. ഇംഗ്ലീഷ് പതിപ്പ് ലാഹോറിൽ നിന്നും കുറച്ചുകാലത്തേക്ക് കൂടി പ്രസിദ്ധീകരണം തുടർന്നു. ഉറുദു പതിപ്പിന്റെ പ്രഥമലക്കം ലാഹോറിലെ ഫൈസ് ആം പ്രസ്സിൽ നിന്നുമാണ് പ്രസിദ്ധീകൃതമായത്. അതിനുശേഷം ശൈഖ് യാക്കൂബ് അലിയുടെ ഖാദിയാനിലുള്ള അൻവാർ അഹ്മദിയ്യാ പ്രസ്സിൽനിന്നാണ് തുടർന്ന് പ്രസിദ്ധീകരിച്ചത്.

കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലമായി റിവ്യൂ ഓഫ് റിലീജ്യൻസിന് ഇസ്‌ലാമിക ചിന്താ ലോകത്തെയും സ്വാധീനിക്കാനും പാശ്ചാത്യർക്ക് ഇസ്‌ലാമിനെതിരെ ഉള്ള മുൻവിധികളെ തിരുത്താനും അവർക്ക് ഇസ്‌ലാമിന്റെ യഥാർത്ഥ സൗന്ദര്യം മനസ്സിലാക്കിക്കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ സേവനത്തിന്റെ ആഴവും പരപ്പും എത്രയാണെന്നു നിർണയിക്കുക പ്രയാസകരമാണ്. ഭാവിലോകം രൂപപ്പെടുത്തുന്ന പ്രക്രിയയിൽ വാഗ്ദത്ത മസീഹിന്റെ തൃക്കരങ്ങളാൽ സ്ഥാപിതമായ ഈ പ്രസിദ്ധീകരണത്തിനുള്ള പങ്ക് തീർച്ചയായും ദൈവകൽപിതമാണ്. ഏതൊരുദ്ദേശത്തിനുവേണ്ടിയാണോ ആ മഹൽസംരംഭം ആരംഭിച്ചത് ആ പരിശുദ്ധ ഉദ്ദേശം അല്ലാഹു എത്രയും വേഗത്തിൽ പൂർത്തിയാക്കട്ടെ എന്ന പ്രാർത്ഥനയോടെ റിവ്യൂ ഓഫ് റിലീജ്യൻ സിന് എല്ലാ മംഗളങ്ങളും നേരുന്നു.

# സംഭ്രമം സൃഷ്ടിക്കുന്ന മൂല്യച്ച്യുതി

കെ. പി. അഹ്മദ്

## വർദ്ധിച്ചുവരുന്ന ബലാത്സംഗ പ്രവണതയും ഈ ദുരന്തത്തെ മനഃശാസ്ത്രപരമായി വിശകലനം ചെയ്ത ഇസ്‌ലാമിന്റെ ദൂരക്കാഴ്ചയും

സ്ത്രീകൾക്കുനേരെ അനുദിനം പെരുകിക്കൊണ്ടിരിക്കുന്ന മാനംഭംഗ ശ്രമങ്ങളും ബലാത്സംഗവും ഒരു പതിവ് സംഭവമായി മാറിയിരിക്കുന്നു! ഇന്ത്യയിലെ മഹാനഗരങ്ങൾ ഈ സാമൂഹ്യ വിപത്തിന്റെ ചതിക്കുഴിയിലേക്ക് വീണുകൊണ്ടിരിക്കുന്ന സംഭ്രമജനകമായ വാർത്തകളാണ് പത്രമാധ്യമങ്ങളിലൂടെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്! ലൈംഗിക കുറ്റകൃത്യങ്ങളുടെ കേളീരംഗമായി മാറിക്കൊണ്ടിരിക്കുന്ന നഗരങ്ങളിലൂടെ സ്ത്രീകൾക്ക് സുരക്ഷിതരായി സഞ്ചരിക്കാൻപോലും സാദ്ധ്യമല്ലെന്ന് സ്ഥിതിവിവരക്കണക്കുകൾ വെളിപ്പെടുത്തുന്നു.

ഏറ്റവും അപകടകരമായ നഗരമെന്ന കുപ്രസിദ്ധി തലസ്ഥാനമായ ദില്ലിക്കാണ്. നടപ്പുവർഷത്തിൽ ഇവിടെ 266 ബലാത്സംഗ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. പിന്നീട് അപായ സൂചന നൽകുന്ന മറ്റു നഗരങ്ങൾ ചെന്നൈ, മുംബയ്, ഭോപ്പാൽ, ഹൈദരബാദ് എന്നിവയാണ്. എന്നാൽ ജീവിതകാലം മുഴുവൻ അപഭ്രംശത്തിന്റെ അപവാദങ്ങൾ വേട്ടയാടുമെന്ന ഭീതി കൊണ്ട് അനേകം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടാതെ മുങ്ങിപ്പോകുന്നുവെന്നതാണ് മറ്റൊരു വസ്തുത! എങ്കിലും കിട്ടിയേടത്തോളം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യാ ടുഡെ എഴുതുന്നു.

“ഓരോ 54 മിനിറ്റിലും ഇന്ത്യയിൽ ഒരു സ്ത്രീ ബലാത്സംഗം ചെയ്യപ്പെടുന്നുണ്ടെന്നാണ് ലോകാരോഗ്യ സംഘടന നടത്തിയ പഠനം പറയുന്നത്. സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് വുമൻസ് സ്റ്റഡീസ് (സി. ഡി. ജബ്ല്യു. എസ്) നടത്തിയ പഠനം ഇതേക്കാൾ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് വെളിപ്പെടുത്തുന്നത്. ഇന്ത്യയിൽ പ്രതിദിനം 42 സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നു. അതായത് ഓരോ 35 മിനിറ്റിലും ഒരു സ്ത്രീ ബലാത്സംഗം ചെയ്യപ്പെടുന്നു.” (ഇന്ത്യാ ടുഡേ സപ്തംബർ 11 -2002)

## അന്നത്തെ വെളിപാടും ഇന്നത്തെ വിലാപങ്ങളും

സ്ത്രീ-പുരുഷ സമത്വവാദികൾ ഈ ലൈംഗിക അരാജകത്വത്തെ പുരുഷാധിപത്യത്തിന്റെ പരുഷമായ ഭാവപ്രകടനമാണെന്നും, സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് നേർക്കുള്ള പുരുഷന്റെ പ്രതികാര വാഞ്ഛയാണെന്നും പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, മറ്റു ചിലരൊക്കെ ഈ ദുരന്തം ക്ഷണിച്ചുവരുത്തുന്നതിന്റെ ഉത്തരവാദിത്വം സ്ത്രീകൾക്കുതന്നെയാണെന്ന അഭിപ്രായക്കാരാണ്! ഇവിടെയാണ് നബിതിരുമേനി (സ)ക്ക് അന്നുണ്ടായ വെളിപാടിന്റെയും ഇന്നത്തെ പക്വമതികളായ വിദഗ്ധരുടെ വിലാപത്തിന്റെയും പ്രസക്തി!

പ്രകൃതിമതമായ ഇസ്‌ലാം ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് സ്ത്രീകളോട് മാന്യമായ വസ്ത്രധാരണ സമ്പ്രദായം സ്വീകരിക്കാൻ കൽപ്പിക്കുകയുണ്ടായി. ആ ആഹ്വാനം അടിമത്തം അടിച്ചേൽപ്പിക്കാനുള്ളതായിരുന്നില്ല; മറിച്ച് കുലീനതയും ആഭിജാത്യവും നിരന്തരമായി സൂക്ഷിക്കുന്ന സംസ്കാര സമ്പന്നമായ ഒരു സ്ത്രീസമൂഹത്തെ വാർത്തെടുക്കാനായിരുന്നു! വിശുദ്ധഖുർആൻ പറയുന്നു.

“നബിയേ താങ്കളുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസിനികളായ സ്ത്രീകളോടും തങ്ങളുടെ മൂടുപടം താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടാനും, അവർ ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് ഏറ്റവും അനുയോജ്യമായത്.” (33:59)

സ്വയം വെളിപ്പെടുന്ന ഭാഗങ്ങളൊഴികെ ശരീരഘടനയുടെ നിമ്നോന്നതങ്ങളിലേക്ക് പുരുഷന്റെ ദൃഷ്ടി പതിയാതിരിക്കാനും, സ്ത്രീകൾ ശല്യം ചെയ്യപ്പെടാതിരിക്കാനും കുറഞ്ഞപക്ഷം അശ്ലീല കമന്റടികളെങ്കിലും ഇല്ലാതിരിക്കാനും ഇസ്‌ലാം നിർദ്ദേശിച്ച ഈ പരിഹാരമാർഗ്ഗത്തെ പരിഹാസത്തോടെ അവഗണിച്ചുതള്ളുന്നവർക്ക് വർത്തമാനകാലം കാഴ്ചവെക്കുന്നത് പെരുകിക്കൊണ്ടിരിക്കുന്ന ബലാത്സംഗ റിപ്പോർട്ടുകളാണ്. ഈ സാമൂഹ്യ മൂല്യച്യുതിയെ ഓർത്ത് വിലപിക്കുന്നവർ പറയുന്നതുനോക്കുക.

‘‘ഐ. ഡി. സി. ഡയറക്ടർ പ്രമോദ്കുമാർ പറയുന്നു: ഐ ഡി സി സർവ്വേയിൽ പങ്കെടുത്ത 52 ശതമാനം പേരും ബലാത്സംഗത്തിന് വിധേയരാകുന്നവർ” ശരിയല്ലാത്ത വസ്ത്രധാരണവും പെരുമാറ്റവും സഞ്ചാരവും മൂലം ബലാസംഗത്തെ/ മാനഭംഗത്തെ ക്ഷണിച്ചു

വരുത്തുന്നതിൽ അവരെത്തന്നെ കുറ്റപ്പെടുത്തുകയാണുണ്ടായത്" .......... ദില്ലി പോലീസ് കമ്മീഷണർ ആർ.കെ. ഗുപ്ത പറയുന്നു. "വസ്ത്രധാരണത്തിന്റെ രീതിയിൽ സ്ത്രീകൾ കൂറേക്കൂടി ശ്രദ്ധാലുക്കളാവുകയും തങ്ങളുടെ പരിധി തിരിച്ചറിയുകയും അസുരക്ഷിതമായ സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യാതിരുന്നാൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ 50 ശതമാനം കുറവുണ്ടാകും"

(ഇന്ത്യാ ടുഡേ സപ്തംബർ 11 -2002)

വർഷങ്ങൾക്ക് മുമ്പ് ശ്രീ. എൻ. വി. കൃഷ്ണവാരിയർ എഴുതുകയുണ്ടായി.

"സ്ത്രീകളുടെ മാദകമായ വസ്ത്രധാരണവും ചേഷ്ടകളും നിമിത്തം മതിമറന്ന് താൽക്കാലികമായ ഒരു ഉന്മാദാവസ്ഥയിലാണ് പുരുഷൻ ബലാത്സംഗം നടത്തുന്നതെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. പുരുഷനെ ഉത്തേജിപ്പിക്കുമാറ് വസ്ത്രം ധരിച്ച ഓരോ സ്ത്രീയും ബലാത്സംഗം അർഹിക്കുന്നുവെന്ന് ഇന്ത്യയിൽ ഒരു സുപ്രീം കോടതി ജഡ്ജി കുറേ മുമ്പ് പരസ്യമായി പ്രസ്താവിക്കുകയുണ്ടായി." (കുമാരി വാരിക 11-3-1983)

ദൂരവ്യാപകമായ കാഴ്ചപ്പാട്

മനുഷ്യമനസ്സിന്റെ അപഥ സഞ്ചാരങ്ങളെകുറിച്ച് മുന്നറിയിപ്പ് നൽകുന്ന ഇസ്‌ലാം ഇത്തരം സാമൂഹ്യ മൂല്യച്യുതികളെ ഉന്മൂലനം ചെയ്യാനും ശുദ്ധികലശം നടത്താനുമാണ് ശ്രമിച്ചത്. ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പുള്ള സ്ത്രീ സമൂഹത്തെക്കുറിച്ച് വിശുദ്ധഖുർആൻ സൂചിപ്പിക്കുന്നു.

''പഴയ അജ്ഞാത കാലത്തെ സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്." (33:33)

സൗന്ദര്യ പ്രകടനമെന്ന് വ്യക്തമായി രേഖപ്പെടുത്തിയ ഖുർആൻ സൂക്തത്തിൽനിന്ന് അജ്ഞാതകാലത്തെ അഴിഞ്ഞാട്ടത്തിന്റെ ചിത്രമാണ് ലഭ്യമാവുന്നത്. സ്വന്തം മേനി പ്രദർശിപ്പിക്കാൻ വ്യഗ്രത കാണിച്ച സ്ത്രീകളുടെ ധാർമ്മികമായ അപചയത്തിന്റെ ഭൂതകാലം! ഖുർആന്റെ പ്രസ്താവനയെ ബലപ്പെടുത്തുന്നതാണ് പ്രാചീന ലൈംഗിക മനഃശാസ്ത്രത്തിൽ ഗവേഷണം നടത്തിയ ഫ്രാങ്ക്ളിൻ എസ്കാഫിന്റെ വാക്കുകൾ.

"ഉൽപ്പാദനബന്ധിയായ എന്തും ദൈവങ്ങളുടെ ദാനമായി കരുതിയിരുന്നു. മനുഷ്യശരീരം, ലൈംഗികാവയവങ്ങൾ, ഐന്ദ്രിയസുഖങ്ങൾ എല്ലാം ലൈംഗിക സുഖാസ്വാദനത്തിന് ദൈവം തന്ന അനുവാദമായി പരിഗണിക്കപ്പെട്ടു. നാണക്കേടോ, കുറ്റബോധമോ അശ്ലീലചിന്തയോ തികച്ചും അജ്ഞാതമായിരുന്നു. ചില ഗോത്രവർഗ്ഗങ്ങളുടെ ഇടയിൽ ഇന്നും അതങ്ങനെതന്നെ തുടരുന്നു."

(EROTICA - പ്രണയകല ഈജിപ്ത് മുതൽ റോം വരെ. പേജ് 9)

ഒരു നവീന സംസ്കാരവുമായി പ്രത്യക്ഷപ്പെട്ട ഇസ്‌ലാം പ്രാചീന കാലത്തെ അശ്ലീല പ്രദർശനങ്ങളെ പാടെ നിരാകരിക്കുക മാത്രമല്ല; മനുഷ്യമനസ്സിന്റെ അഗാധതലങ്ങളെ സ്പർശിക്കുന്ന ലൈംഗികോദ്ദീപന വഴികളെല്ലാം അടച്ചുപൂട്ടാനും നിർദ്ദേശിക്കുന്നുണ്ട്. പ്രമാദങ്ങളിലേക്ക് തെന്നിവീഴുന്ന പുരുഷന്മാരോട് ദൃഷ്ടിവിക്ഷേപത്തിന്റെ ആദ്യപടിമുതൽ നിയന്ത്രിക്കാൻ കൽപ്പിക്കുന്ന ഖുർആൻ അതിന് വഴിമരുന്നിടുന്ന സ്ത്രീകളോട് പറയുന്നു.

"തങ്ങളുടെ സൗന്ദര്യത്തെ സ്വയം വെളിപ്പെടുന്നതൊഴികെയുള്ള ഭാഗത്തെ അന്യർക്ക് വെളിപ്പെടുത്താതിരിക്കാനും, തങ്ങളുടെ മാറിടങ്ങളും ചെവികളും ചെന്നികളും ശിരസ്സുകളും ആച്ഛാദിക്കപ്പെടത്തക്കവിധത്തിൽ പുതപ്പുകൾ മാറിടത്തുകൂടി തലയിൽ ധരിക്കുവാനും..... നർത്തകികളെപ്പോലെ പാദങ്ങൾ നിലത്തടിച്ച് നടക്കാതിരിക്കുവാനും പറയുക."

(24:31,32 ഇസ്‌ലാംമത തത്വജ്ഞാനം പേജ് 64)

ഈ വചനങ്ങൾ ഉൾക്കൊള്ളുന്ന സാമൂഹ്യമനഃശാസ്ത്രം ചെറുതല്ല! നടന്നുപോകുന്ന സ്ത്രീയെ സംബന്ധിച്ചേടത്തോളം അവളൊന്നും അറിയുന്നില്ല! പക്ഷെ, കാണുന്ന പുരുഷനിൽ അവളുടെ മാദകമായ വസ്ത്രധാരണവും അംഗചലനങ്ങളും പ്രത്യാഘാതമുണ്ടാകുന്നു! ഇസ്‌ലാമിന്റെ ദൂരവ്യാപകമായ ഈ കാഴ്ചപ്പാടാണ് ഇപ്പോൾ ശ്രീ. പ്രമോദ്കുമാറും, ആർ കെ ഗുപ്തയും പറഞ്ഞുകൊണ്ടിരിക്കുന്നത്!■

# മാസപ്പിറവി അറിയിപ്പ് - 2002

ഹിജ്റ 1423 ലെ റംസാൻ മാസപ്പിറവി 6-11-2002 ബുധനാഴ്ച അസ്തമനത്തിന് ശേഷം സംഭവിക്കുന്നതിനാൽ നോമ്പ് 7-11-2002 വ്യാഴാഴ്ചയും, ശവ്വാൽ മാസപ്പിറവി 5-12-2002 വ്യാഴാഴ്ച അസ്തമനത്തിന് ശേഷം സംഭവിക്കുന്നതിനാൽ ഈദുൽ ഫിത്വർ 6-12-2002 വെള്ളിയാഴ്ചയുമായിരിക്കുമെന്ന് മാസ നിർണ്ണയ കമ്മിറ്റി ചെയർമാൻ കെ. എം. അഹ്മദ് കോയ സാഹിബ് അറിയിച്ചതനുസരിച്ച് റംസാനും, പെരുനാളും പ്രസ്തുത ദിവസങ്ങളിലായിരിക്കുമെന്നു അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന അമീർ ഏ. പി. കുഞ്ഞാമു സാഹിബ് പ്രഖ്യാപിച്ചു.

5-11-2002 പുലർച്ചെ 2.04നാണ് അമാവാസി സംഭവിക്കുക. അന്നേ ദിവസം സൂര്യനസ്തമിക്കുമ്പോൾ ചന്ദ്രന്റെ പ്രായം 15 മണിക്കൂർ 57 മിനുട്ടും ഭൂമി സൂര്യരേഖയിൽനിന്നും ചന്ദ്രന്റെ കോണകലം 8 ഡിഗ്രിയുമാണ്. ഈ ഘട്ടത്തിൽ ചന്ദ്രക്കല നഗ്നദൃഷ്ടികൊണ്ട് കാണാൻ സാധ്യമല്ല. ആയതിനാൽ മാസപ്പിറവി 6-11-2002 സൂര്യാസ്തമനത്തിന് ശേഷമാണ് സംഭവിക്കുക.

4-12-2002 ഉച്ചക്ക് 1.04നാണ് അമാവാസി സംഭവിക്കുക. അന്നേ ദിവസം സൂര്യനസ്തമിക്കുമ്പോൾ ചന്ദ്രന്റെ പ്രായം 5 മണിക്കൂർ 58 മിനുട്ടും, കോണകലം 3 ഡിഗ്രിയുമാണ്. ഈ ഘട്ടത്തിൽ ചന്ദ്രക്കല നഗ്നദൃഷ്ടിക്ക് ഗോചരമല്ല. ആയതിനാൽ 5-12-2002ന് ചന്ദ്രക്കല കാണുകയും 6-12-2002ന് ഈദുൽ ഫിത്വർ ആയിരിക്കുകയും ചെയ്യും.

## റൂഹാനീ ഖസായിൻ വാല്യം 19 (2)

# ഇഅ്ജാസെ അഹ്മദി

**മുഹമ്മദ് ഉമർ എച്ച്. ഏ.**

ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ആത്മീയഭണ്ഡാരം (റൂഹാനി ഖസായിൻ) എന്ന ഗ്രന്ഥസമുച്ചയത്തിന്റെ പത്തൊമ്പതാം വാല്യത്തിലുള്ള മൂന്നാമത്തെ ഗ്രന്ഥമാണ് "ഇഅ്ജാസെ അഹ്മദി". ഇതും അദ്ദേഹത്തിന്റെ സത്യതയെ സാക്ഷ്യപ്പെടുത്തുന്ന മഹൽഗ്രന്ഥമാണ്.

ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ അദ്ദേഹം എഴുതുന്നു:

"ആകാശവും ഭൂമിയും എനിക്കു വേണ്ടി സാക്ഷ്യം നൽകിയെങ്കിലും ലോകത്തുള്ള ഭൂരിപക്ഷം ജനങ്ങളും എന്നെ സ്വീകരിച്ചില്ല. ഒട്ടകം ഉപേക്ഷിക്കപ്പെടും എന്ന് ഖുർആനിലും ഹദീസിലും ഉള്ള പ്രവചനങ്ങൾ പരിപൂർണമായ നിലയിൽ എന്റെ കാലത്താണ് പൂർത്തിയായിരിക്കുന്നത്....വാഗ്ദത്ത മഹ്ദീ മസീഹിന്റെ കാലത്തുണ്ടാകാനിരിക്കുന്ന മഹത്തായ ഒരടയാളമാണതെന്ന് ഖുർആനും ഹദീസും സൂചിപ്പിക്കുന്നു. അതേപ്രകാരം വാഗ്ദത്ത മസീഹിന്റെ കാലത്ത് പ്ലേഗുണ്ടാകുമെന്നും ഹജ്ജ് തടസ്സപ്പെടുമെന്നും വാൽനക്ഷത്രം പ്രത്യക്ഷപ്പെടുമെന്നും ഏഴാമത്തെ സഹസ്രാബ്ദത്തിന്റെ തലക്കൽ വാഗ്ദത്ത മസീഹ് ആവിർഭവിക്കുന്നതാണെന്നും അദ്ദേഹം ദിമിശ്ഖിന്റെ പൂർവ്വഭാഗത്ത് ആവിർഭൂതനാകുന്നതാണെന്നും കുരിശുമതത്തിന്റെ ആധിപത്യകാലത്തായിരിക്കും അദ്ദേഹം ആഗതനാകുന്നതാണെന്നും ഉള്ള മുൻവേദഗ്രന്ഥങ്ങളിലെ പ്രവചനങ്ങളും മുന്നറിയിപ്പുകളും എല്ലാംതന്നെ ഈകാലത്ത് പൂർത്തിയായി. എനിക്ക് സഹായവും പിന്തുണയുമായി എന്റെ കൈകളിൽ അല്ലാഹു വലിയ വലിയ അടയാളങ്ങൾ കാണിച്ചുതന്നു. (പേജ് 108)

തുടർന്ന് ഗ്രന്ഥകർത്താവ് അബ്ദുല്ലാ ആഥം, പണ്ഡിറ്റ് ലേഖ്റാം എന്നിവരുടെ മരണത്തെ തന്റെ സത്യതക്കുള്ള ദൃഷ്ടാന്തങ്ങളായി വിവരിച്ചു. (പേജ് 108-110) അതിന്നുശേഷം അദ്ദേഹം വിശുദ്ധഖുർആനിൽ നിന്നും ഹസ്റത്ത് ഈസാനബിയുടെ മരണം അവിതർക്കിതമായ നിലയിൽ സ്ഥാപിച്ചു കാണിച്ചു. (125-131)

മൌലവി സനാഉല്ലാഹ് സാഹിബ് അമൃതസറി മുദ്ദ് എന്ന സ്ഥലത്ത് ഒരഹ്മദി പണ്ഡിതനുമായി നടത്തിയ സംവാദത്തിൽ ഹസ്റത്ത് വാഗ്ദത്ത മസീഹിനെക്കുറിച്ചുള്ള പ്രവചനങ്ങളും അദ്ദേഹത്തിന്റെ മുന്നറിയിപ്പുകളും എല്ലാംതന്നെ വ്യാജമാണെന്നും ഒന്നും തന്നെ പുലർന്നിട്ടില്ലെന്നും വ്യാജപ്രസ്താവന നടത്തുകയുണ്ടായി. ഇതു സംബന്ധിച്ച് ഹസ്റത്ത് വാഗ്ദത്ത മസീഹ് അരുൾ ചെയ്യുന്നു:

"ഈ ആരോപണത്തിനുള്ള എന്റെ ഒന്നാമത്തെ മറുപടി ലഅ്നത്തുല്ലാഹി അലൽ കാദിബീൻ-അസത്യവാദികളുടെ മേൽ ദൈവശാപം ഉണ്ടാകട്ടെ-എന്നാണ്. മൌലവി സനാഉല്ലാഹ് സാഹിബ് സംവാദമധ്യെ എന്റെ എല്ലാ മുന്നറിയിപ്പുകളും വ്യാജമായിപ്പുലർന്നു എന്നു പറഞ്ഞിരുന്നു. അതുകൊണ്ട് നാം അദ്ദേഹത്തെ ഒരന്വേഷണത്തിന്നായി ഖാദിയാനിലേക്ക് അല്ലാഹുവിന്റെ പേരിൽ ക്ഷണിക്കുകയാണ്. അദ്ദേഹം ഇവിടെ വന്നു എല്ലാ മുന്നറിയിപ്പുകളെയും പ്രവചനങ്ങളെയും പറ്റി നിഷ്പക്ഷമായ ഒരന്വേഷണം നടത്തട്ടെ. നുബുവ്വത്തിന്റെ മാർഗ്ഗേണ ചെയ്യപ്പെടുന്ന ഈ അന്വേഷണത്തിൽ പ്രവചനങ്ങൾ വ്യാജമാണെന്ന് തെളിയുകയാണെങ്കിൽ ഓരോന്നിനുമായി നൂറുരൂപ വീതം അദ്ദേഹത്തിന്നു പിഴയായി സമർപ്പിക്കുന്നതാണ്. അല്ലാത്തപക്ഷം ദൈവശാപത്തിന്റെ വളയം അദ്ദേഹത്തിന്റെ കഴുത്തിൽ ഉണ്ടായിരിക്കുന്നതാണ്. അദ്ദേഹത്തിന്നു നാം ഖാദിയാനിലേക്കുള്ള യാത്രച്ചിലവും നൽകുന്നതാണ്.... ഞാനെന്റെ നുസൂൽ മസീഹ് എന്ന ഗ്രന്ഥത്തിൽ 150 പ്രവചനങ്ങൾ എഴുതിയിട്ടുണ്ട്. പ്രസ്തുത പ്രവചനങ്ങൾ വ്യാജമാണെന്ന് തെളിയിക്കപ്പെടുകയാണെങ്കിൽ മൌലവി സാഹിബ് 15,000/- കൊണ്ടുപോകാവുന്നതാണ്. അങ്ങിനെ വീടുവീടാന്തരം അലഞ്ഞുതിരിയുന്നതിൽ നിന്നും അദ്ദേഹത്തിന്നു മോക്ഷം ലഭിക്കുന്നതാണ്. കൂടാതെ വേറെയും മുന്നറിയിപ്പുകൾ, അവയിൽ ഓരോന്നും വ്യാജമാണെന്ന് സ്ഥാപിക്കുകയാണെങ്കിൽ 100/-വീതം തരുന്നതാണെന്ന വാഗ്ദാനമനുസരിച്ച് അന്വേഷണത്തിന്നായി അദ്ദേഹത്തിന്റെ മുന്നിൽ സമർപ്പിക്കുന്നതാണ്. ഇപ്പോൾ ഒരുലക്ഷത്തിലധികം പേർ എന്റെ ജമാഅത്തിൽപ്പെട്ടവരായിട്ടുണ്ട്. ഞാൻ എന്റെ മുരിദന്മാരിൽ ഓരോ ആളിൽനിന്നും ഓരോ ഉറുപ്പിക വീതം മൌലവി സാഹിബിനുവേണ്ടി ശേഖരിച്ച് ഒരുലക്ഷം ഉറുപ്പിക അദ്ദേഹത്തിന്നു സമർപ്പിക്കുന്നതായിരിക്കും. അങ്ങനെ അദ്ദേഹത്തിന്ന് ഈരണ്ടണക്കുവേണ്ടി വീടുകൾ തോറും അലഞ്ഞുതിരിയുകയും മയ്യിത്തുകളുടെ കഫൻ തുണിക്കായും വഅള് പറഞ്ഞു പണപ്പിരിവ് നടത്തുകയും ചെയ്യുന്നതിന്നു പകരമായി ഈ ഒരു ലക്ഷം ഉറുപ്പിക കിട്ടിയാൽ അദ്ദേഹത്തിന്നു ഒരു സ്വർഗ്ഗംതന്നെ കിട്ടിയ പ്രതീതിയുണ്ടായിരിക്കും. എന്നാൽ എന്റെ ഈ പ്രസ്താവനയെ അവഗണിക്കുകയും ഞാൻ വിവരിച്ചരീതിയിലുള്ള അന്വേഷണത്തിന്നായി ഖാദിയാനിൽ വരാതിരിക്കുകയും ആണെങ്കിൽ അദ്ദേഹം മുദ്ദ് എന്ന സ്ഥലത്ത് നടന്ന സംവാദാവസരത്തിൽ ചെയ്ത പൊങ്ങച്ചവാക്കുകൾക്കും നിർല്ലജ്ജം പറഞ്ഞ വ്യാജങ്ങൾക്കും അദ്ദേഹം ശാപത്തിന്നി

രയായിത്തീരുന്നതാണ്. അല്ലാഹു പറയുന്നു: "നിനക്കറിവില്ലാത്തതിനെ നീ പിന്തുടരരുത്. (17:37) എന്നാൽ അദ്ദേഹം ഒരറിവും ഇല്ലാതെ ശരിയായ രീതിയിൽ ഒരന്വേഷണവും നടത്താതെയാണ് പാമര ജനങ്ങളുടെ മുമ്പാകെ എന്നെ വ്യാജപ്പെടുത്തിയിരിക്കുന്നത്. ഇത് വിശ്വസ്തതയുടെ അടയാളമാണോ?" അകാരണമായി കുരക്കുന്ന മനുഷ്യൻ നായ്ക്കളെക്കാൾ മോശപ്പെട്ടവനാണ്. നിർലജ്ജം കള്ളംപറയുന്നവന്റെ ജീവിതം ശപിക്കപ്പെട്ട ഒന്നാണ്. (പേജ് 131, 132)

മുദ്ദ്, അമൃതസറിന്നടുത്തുള്ള ഒരു ഗ്രാമമാണ്. അവിടെ വെച്ചാണ് സംവാദം നടന്നത്. ഹസ്റത്ത് വാഗ്ദത്ത മസീഹ് ഈ സംവാദത്തിന്നായി ഹസ്റത്ത് മൗലാനാ സയിദ് സർവർശാ സാഹിബിനെയും ഹസ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് കാശ്മീരിയേയും അയച്ചുകൊടുത്തു. മറുഭാഗത്ത് മൗലവി സനാഉല്ലാഹ് സാഹിബായിരുന്നു. പ്രസ്തുത ഗ്രാമത്തിലെ ജനസംഖ്യ ഏകദേശം ഇരുന്നൂറ്റമ്പതായിരുന്നു. വിവാദസമയത്തു അടുത്ത ഗ്രാമങ്ങളിൽ നിന്നും വന്നവരടക്കം ഏകദേശം എഴുന്നൂറ് ആളുകൾ പങ്കെടുത്തിരുന്നു. എന്നാൽ അഹ്മദികൾ മൂന്നു നാലുപേർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. പ്രസ്തുത സംവാദസമയത്തായിരുന്നു മൗലവി സനാഉല്ലാഹ് ഹസ്റത്ത് വാഗ്ദത്ത മസീഹിനെതിരായി കള്ളപ്രചാരണം നടത്തിയിരുന്നത്. എന്നാൽ ദൈവനിയുക്തനായ വാഗ്ദത്ത മസീഹിനെ ചീത്തപറയുകയും വ്യാജപ്പെടുത്തുകയും പരിഹാസപാത്രമാക്കുകയും ചെയ്ത മുദ്ദ് എന്ന ഗ്രാമത്തിൽ പ്ലേഗ് എന്ന ദൈവശിക്ഷ ഇറങ്ങുകയും അതിന്റെ ഫലമായി നൂറ്റിഇരുപതോളം പേർ മരണപ്പെടുകയും ചെയ്തു. ഈ സംഭവം കണ്ട മുദ്ദുനിവാസികൾ മൗലവി സനാ ഉല്ലായെ വിളിച്ചുവരുത്തി അദ്ദേഹത്തെക്കൊണ്ട് മിർസാ സാഹിബിനെ ചീത്തപറയിപ്പിച്ചതിന്റെ ശിക്ഷയാണിതെന്നു പറഞ്ഞു മൗലവിമാരെ ഭത്സിക്കുകയുണ്ടായി. (അൽഹക്കം 17-5-1903)

ഹസ്റത്ത് അഹ്മദ് (അ) ഇതേ ഗ്രന്ഥത്തിൽ ഒരു പ്രവചനമെന്നോണം തന്റെ കവിതയിൽ പറയുന്നു.

"മുദ്ദിന്റെ നാശം അടുത്തുവരുന്നതായി ഞാൻ കാണുന്നു. എന്റെ നാഥൻ അതിനെ വെട്ടിമുറിക്കപ്പെട്ട വൃക്ഷശാഖയെപ്പോലെ ആക്കിത്തീർക്കുന്നതാണ് (പേജ് 156)

ഹസ്റത്ത് അഹ്മദ് (അ) തന്റെ ഈ ഗ്രന്ഥത്തിൽ അൽഖസീദത്തുൽ ഇഅ്ജാസിയ എന്ന 544 ബൈത്തുകൾ അടങ്ങിയ തന്റെ സത്യത്തിന്നുള്ള സാക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന സുദീർഘമായ ഒരറബികവിത രചിക്കുകയും ഈ കവിതയിൽ പറഞ്ഞ കാര്യങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഇതുപോലുള്ള ഒരു കവിതാസമാഹാരം മൗലവി സനാ ഉല്ലാഹ് സാഹിബോ അദ്ദേഹത്തിന്റെ സഹായികളായ പണ്ഡിതന്മാരോ രചിക്കുകയാണെങ്കിൽ അവർക്ക് താൻ 10,000 ക. ഇനാമായി നൽകുന്നതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇത് തന്റെ സത്യതക്കുള്ള മഹത്തായ ഒരു ദൃഷ്ടാന്തമായിരിക്കും എന്നും വെളിപ്പെടുത്തി. ഈ കവിതക്ക് ഖണ്ഡനമെഴുതുന്ന പണ്ഡിതന്ന് താൻ 10,000ക ഇനാം നൽകുന്നതാണെന്ന് മാത്രമല്ല, അവരിതിൽ വിജയിക്കുകയാണെങ്കിൽ തന്റെ വ്യാജം സ്ഥാപിതമാകുന്നതാണെന്നും പ്രഖ്യാപിച്ചു. (146-147) എന്നാൽ ഈ വെല്ലുവിളി സ്വീകരിക്കുവാൻ അന്നുതൊട്ടിന്നേവരെ ആർക്കും സാധിച്ചിരുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

## റിവ്യൂബർ മുബാഹസ

അഹ്ലെ ഹദീസ് പണ്ഡിതൻ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിക്കും അഹ്ലെ ഖുർആൻ പണ്ഡിതൻ മൗലവി അബ്ദുല്ലാഹ് സാഹിബ് ചക്കിടാലവിക്കും ഇടയിൽ 1902 നവംബറിൽ ഒരു സംവാദം നടന്നിരുന്നു. പ്രസ്തുത സംവാദത്തിൽ മൗലവി ബട്ടാലവിക്ക് വിശുദ്ധഖുർആന്റെ മേൽ ഹദീസാണ് വിധികർത്താവെന്നും ഹദീസുകൾക്കനുസരിച്ചായിരിക്കണം ഖുർആന്റെ അധ്യാപനങ്ങൾക്ക് വിധി നൽകേണ്ടതെന്നും വാദമായിരുന്നെങ്കിൽ മൗലവി ചക്കടാലവി തന്റെ വാദത്തിൽ ഹദീസിനെ പാടെ നിഷേധിക്കുകയായിരുന്നു.

അല്ലാഹുവിൽ നിന്നും ഹകമൻ അദലൻ ആയി അവതരിച്ച ഹ: വാഗ്ദത്ത മഹ്ദീ മസീഹ് (അ) ഈ തർക്ക വാദങ്ങൾക്കു വിരാമമിട്ടുകൊണ്ടു ഇപ്രകാരം വിധി നൽകി.

''മുസ്ലിംകളുടെ കൈയിൽ ഇസ്ലാമിക മാർഗ്ഗദർശനത്തിന്നായി മൂന്നു മാർഗ്ഗങ്ങളാണുള്ളത്. (1) അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥമായ ഖുർആൻ കരിം പരിപൂർണ്ണവും അന്തിമവും സുനിശ്ചിതവും ആയ ദൈവവചനങ്ങളടങ്ങിയതാണ്. എല്ലാവിധ സന്ദേഹങ്ങളിൽനിന്നും ഊഹങ്ങളിൽനിന്നും പരിശുദ്ധമാണ് ആ പവിത്രഗ്രന്ഥം.

(2) രണ്ടാമത്തെത് സുന്നത്തെന്ന നബിചര്യകളാണ്. ഇവിടെ നാം അഹ്ലുഹദീസുകളുടെ നിർവചനത്തിൽനിന്നും വ്യത്യസ്തമായ വിശദീകരണമാണു നൽകുന്നത്. അതായത് നാം സുന്നത്തിനെയും (നബിചര്യകൾ) ഹദീസിനെയും (നബിവചനങ്ങൾ) ഒന്നായിട്ടല്ല ഗണിക്കുന്നത്. മറിച്ചു സുന്നത്തും ഹദീസും വെവ്വേറെ വിഷയങ്ങളാണ്. സുന്നത്തെന്നാൽ റസൂൽ തിരുമേനിയുടെ തവാത്തൂർ (തുടർച്ചയായി) ആയി വന്ന ജീവിതചര്യകളാണ്. ഇത് ആരംഭംതൊട്ടേ വിശുദ്ധഖുർആനോടൊപ്പം ചരിക്കുകയും പ്രകടമാവുകയും ചെയ്തതാണ്. മറ്റൊരുവിധത്തിൽ പറയുകയാണെങ്കിൽ വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനങ്ങളും സുന്നത്ത് റസൂൽ തിരുമേനിയുടെ ചര്യകളും ആകുന്നു.

സനാതനകാലം തൊട്ടുള്ള ദൈവിക സ്വഭാവമനുസരിച്ച് പ്രവാചകന്മാർ ജനങ്ങളുടെ മാർഗ്ഗദർശനത്തിന്നായി ദൈവവചനങ്ങൾ കൊണ്ടുവരികയും അവർ അവയെ തങ്ങളുടെ ജീവിതത്തിൽ പകർത്തിക്കാണിക്കുകയും ചെയ്യുന്നു. അതായത് ദൈവവചനങ്ങളുടെ വിശദീകരണം അവർ പ്രാവർത്തികമാക്കി ജനങ്ങൾക്ക് കാണിച്ച്കൊടുക്കുന്നു. (3) മൂന്നാമത്തെ മാർഗ്ഗദർശനത്തിന്നുള്ള മാർഗ്ഗം ഹദീസാകുന്നു.

ഹദീസ് എന്നത് കൊണ്ടുള്ള ഉദ്ദേശ്യം റസൂൽതിരുമേനി (സ)ക്ക് ഏകദേശം 150 വർഷങ്ങൾക്കുശേഷം വിവിധ നിവേദകർ മുഖേന ക്രോഡീകരിക്കപ്പെട്ട ചരിത്രസംഭവങ്ങളും നബിവചനങ്ങളും അടങ്ങിയ നിവേദനങ്ങളുടെ സമാഹാരമെന്നതാണ്. (പേജ് 209, 210)

തുടർന്ന് അരുൾ ചെയ്യുന്നു.

സുന്നത്തും ഹദീസും തമ്മിലുള്ള പ്രകടമായ വ്യത്യാസം ഇതാണ്. സുന്നത്ത് നബികരിം (സ) മുഖേന പ്രാവർത്തികമായ രൂപത്തിൽ വെളിപ്പെട്ടതും ക്രമപ്രകാരം നമുക്ക് ലഭിച്ചതുമാണ്. വിശുദ്ധഖുർആനുശേഷമുള്ള വിശ്വാസയോഗ്യമായ പ്രമാണമാണത്. റസൂൽ തിരുമേനി വിശുദ്ധഖുർആന്റെ പ്രചാരണത്തിന്നുവേണ്ടി നിയുക്തനായതുപോലെ സുന്നത്തിന്റെ സ്ഥാപനത്തിനുവേണ്ടിയും നിയുക്തനാണ്.... ഉദാഹരണമായി നമസ്ക്കാരത്തിന്നായുള്ള കല്പന വന്നപ്പോൾ റസൂൽ കരിം (സ) ഈ കല്പനയെ പ്രാവർത്തികമായി കാണിച്ചുതന്നു. അതായത് ഫജ്ർ നമസ്ക്കാരത്തിനും ഇതര നമസ്ക്കാരങ്ങൾക്കും എത്ര റക്ക് അത്തുകളുണ്ട്. എപ്രകാരം ഹജ്ജ് ചെയ്യേണം എന്നീ കാര്യങ്ങൾ ചെയ്തുകാണിച്ചുതന്നു. അതിന്നുശേഷം തന്റെ തൃക്കരങ്ങലാൽ ആയിരക്കണക്കിലുള്ള സഹാബാക്കളെ ഈ ചര്യകൾ അനുസരിച്ച് കർമ്മനിരതരാകുവാൻ നിഷ്ഠയുള്ളവരാക്കി..... എന്നാൽ ഹദീസുകൾ ഹ: നബി കരിം (സ) തന്റെ തിരുമുമ്പാകെ എഴുതിവെച്ചതായിരുന്നില്ല. അതേപ്രകാരം അവ ക്രോഡീകരിക്കുന്നതിന്ന് ആ പുണ്യാത്മാവ് ഒരേർപ്പാടും ചെയ്തിരുന്നില്ല. റസൂൽ തിരുമേനിയുടെയും സഹാബാക്കളുടെയും കാലഘട്ടം അവസാനിച്ചപ്പോൾ അവരുടെ പിൻഗാമികളുടെയും (താബിഈങ്ങൾ) അവരുടെ പിൻഗാമികളുടെയും (തബഉത്താബിയങ്ങൾ) ഹൃദയങ്ങളിൽ നബിവചനങ്ങൾ ക്രോഡീകരിക്കേണമെന്ന ചിന്ത അല്ലാഹു ഇട്ടുകൊടുത്തു. അങ്ങിനെയാണു ഹദീസുകൾ ക്രോഡീകരിക്കപ്പെട്ടത്. (പേജ് 210)

ഇതുസംബന്ധിച്ച് ഹ: അഹ്മദ് (അ) തന്റെ ജമാഅത്തിനെ ഇപ്രകാരം ഉപദേശിക്കുന്നു.

"ഏതെങ്കിലും ഒരു ഹദീസ് വിശുദ്ധഖുർആനും സുന്നത്തിനും എതിരും വിരുദ്ധവും അല്ലെങ്കിൽ അതെത്ര താണതരത്തിലുള്ള ഹദീസായിരുന്നാലും അതനുസരിച്ച് പ്രവർത്തിക്കേണ്ടത് നമ്മുടെ ജമാഅത്തിന്റെ കർത്തവ്യമാകുന്നു. മനുഷ്യനിർമ്മിതമായ 'ഫിഖ്ഹി'ന്മേൽ അതിന്നു പ്രാധാന്യം നൽകേണ്ടതാണ്. ഹദീസിൽ നിന്നോ സുന്നത്തിൽ നിന്നോ ഖുർആനിൽ നിന്നോ ഒരു പ്രശ്നത്തിന്നു പരിഹാരം ലഭിക്കുന്നില്ലെങ്കിൽ ഹനഫീ കർമ്മശാസ്ത്രമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്... ചുരുക്കത്തിൽ ഒരു ഹദീസ് ഖുർആനും സുന്നത്തിനും വിരുദ്ധമായതാണെങ്കിൽ അതിനെ തള്ളിക്കളയേണ്ടതാണ്. (പേജ് 212)

തുടർന്ന് അദ്ദേഹം തന്റെ വിശ്വാസത്തേയും വാദത്തേയും കുറിച്ചെഴുതുന്നു. "ഓർമ്മിക്കുക, നമ്മുടെ വിശ്വാസം അവസാനത്തെ ഗ്രന്ഥവും അവസാനത്തെ ശരീഅത്തും ഖുർആനാണെന്നാണ്. ഇതിന്നുശേഷം പുതിയൊരു ശരീഅത്തോടുകൂടിയോ ഹ: മുഹമ്മദു മുസ്തഫാ (സ)യെ പൂർണ്ണമായും അനുസരിക്കാതെ സ്വതന്ത്ര പ്രവാചകത്വത്തോടുകൂടിയോ ഒരു പ്രവാചകനും പുനരുത്ഥാന നാൾവരെ വരുന്നതല്ല. ഖിയാമത്ത് നാൾവരെ ഈ കവാടം അടഞ്ഞിരിക്കുന്നു. എന്നാൽ, നബിതിരുമേനി (സ)യെ പൂർണ്ണമായും അനുസരിക്കുന്നതിന്റെ ഫലമായി ദിവ്യവെളിപാടു (വഹ്യ്) എന്ന അനുഗ്രഹം ലഭിക്കുന്നതിന്നായുള്ള കവാടം തുറന്നിടപ്പെട്ടിരിക്കുന്നു. നബിതിരുമേനിയെ അനുസരിക്കുന്നതിന്റെ ഫലമായുണ്ടാവുന്ന ദൈവികഭാഷണം ഒരിക്കലും നിലച്ചുപോകുന്നില്ല. എന്നാൽ പുതിയ ശരീഅത്തോടുകൂടിയതോ സ്വതന്ത്രമായതോ ആയ നുബുവ്വത്ത് എന്നെന്നേക്കുമായി നിലച്ചുപോയിരിക്കുന്നു. (പേജ് 213)"——■(തുടരും)

---

*പേജ് 22ൽ നിന്ന്*

ജ്ഞന്റെ അന്ത്യം സംഭവിച്ചത്. അദ്ദേഹത്തിന്റെ ദേഹവിയോഗാനന്തരം ഈ ഗവേഷണ കേന്ദ്രം "അബ്ദുൽ സലാം ഇന്റർനാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ്" എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു.

1983-ൽ തേഡ് വേൾഡ് അക്കാദമി ഓഫ് സയൻസ് എന്ന മറ്റൊരു അന്താരാഷ്ട്ര ശാസ്ത്ര ഗവേഷണകേന്ദ്രം കെട്ടിപ്പടുക്കുന്നതിനും ഡോ. അബ്ദുൽ സലാം നേതൃത്വം നൽകുകയുണ്ടായി. യുനെസ്കോയുടെ ശ്രദ്ധ ഈ സ്ഥാപനത്തിലേക്ക് തിരിച്ചുവിടാനും ആവശ്യമായ ഫണ്ട് സ്വരൂപിക്കാനും സലാമിന് കഴിഞ്ഞിരുന്നു. ടിസ്റ്റിയാണ് ഇതിന്റെയും ആസ്ഥാനം. സമസ്തശാസ്ത്ര ശാഖകളുടെയും ഗവേഷണപഠനങ്ങൾക്കായുള്ള ഈ സ്ഥാപനം ശാസ്ത്ര ഗവേഷകരുടെ ഒരു അത്താണിയാണെന്ന് പറയാവുന്നതാണ്. ഇപ്പോൾ മൂന്നാം ലോക രാഷ്ട്രങ്ങളിൽപ്പെട്ട ഇന്ത്യയുൾപ്പെടെയുള്ള അമ്പത്തിനാല് രാജ്യങ്ങളിൽ നിന്നും അഞ്ഞൂറോളം ശാസ്ത്രജ്ഞർ ടി. ഡബ്ലിയു. എ. എസിൽ അംഗങ്ങളായിട്ടുണ്ട്. ലോക പ്രസിദ്ധ ഗവേഷണകേന്ദ്രങ്ങളുടെ നിലവാരത്തിലേക്ക് കുറഞ്ഞകാലംകൊണ്ട് ഉയർന്നുകഴിഞ്ഞ ശാസ്ത്ര ഗവേഷണ കേന്ദ്രമാണ് ടി ഡബ്ലിയു. എ എസ്. ഇന്ത്യൻ സ്പേസ് കമ്മീഷന്റെയും, ഐ എസ് ആർ ഓയടെയും ചെയർമാനായ ഡോ. കസ്തൂരി രംഗൻ 1993-ൽ ടി ഡബ്ലിയു എ എസ്സിന്റെ ഫെലോ യായി തിരഞ്ഞെടുക്കപ്പെട്ട വിവരവും ആനുഷംഗികമായി ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.

ഡോ. അബ്ദുൽ സലാമിന്റെ ദേഹവിയോഗത്തോടെ ലോക സമാധാനത്തിനുവേണ്ടി ശാസ്ത്രനേട്ടങ്ങൾ അതർഹിക്കുന്ന വിധത്തിൽ ഉപയോഗപ്പെടുത്തണമെന്ന് ലോക വേദികളിൽ ശക്തമായും വ്യക്തമായും വാദിച്ചിരുന്ന ഒരു അണു ശാസ്ത്രജ്ഞനാണ് ലോകത്തിനു നഷ്ടമായത്.——■

കുറിപ്പുകൾ
മുസാഫിർ

# ആസന്നമായ ഇറാക്ക് ആക്രമണം

ചുറ്റുപാടുമുള്ളതിനേയെല്ലാം ഉള്ളിലേക്ക് വലിച്ചെടുത്ത് അദൃശ്യമായി നിലകൊള്ളുന്ന ബ്ലാക്ക് ഹോൾ പോലെ ലോകം മുഴുവനുമുള്ള എണ്ണസമ്പത്തിലേക്ക് കൈനീട്ടുന്ന എണ്ണകമ്പനികളും ആയുധവ്യാപാരികളും യഹൂദികളുമാണ് പിന്നിൽനിന്ന് അമേരിക്കയെ നിയന്ത്രിക്കുന്നത്. ജനാധിപത്യത്തിന്റെയും ലിബറലിസത്തിന്റെയും എന്തും ചെയ്യാനും പ്രകടിപ്പിക്കാനും സ്വാതന്ത്ര്യമുള്ള പെർമിസീവ് സൊസൈറ്റിയാണ് അമേരിക്കൻ സമൂഹം എന്നാണ് കേൾവി. പക്ഷേ അമേരിക്കൻ ജനത മീഡിയ എന്ന നൂലുകളിൽ ബന്ധിച്ച പാവകളാണ്. ധാർമ്മിക വിക്ഷോഭങ്ങളോ, പ്രതികരണശേഷിയോ, വിശകലനബുദ്ധി ഇല്ലാതെ ആസ്വാദനങ്ങളുടെ മായികലോകത്ത് സ്ഥാപിത താൽപ്പര്യക്കാർ അവരെ മയക്കികിടത്തിയിരിക്കുന്നു. അതുകൊണ്ട് അമേരിക്ക പ്രതിനിധാനം ചെയ്യുന്നത് പലപ്പോഴും അമേരിക്കൻ ജനതയെയല്ല. പകരം യഹൂദരും എണ്ണകമ്പനികളും ആയുധവ്യാപാരികളും ബഹുരാഷ്ട്ര കുത്തകകളും ചേർന്ന ഒരു അധോലോകസംഘത്തെയാണ്.

ലോകത്തെ ഏറ്റവും ശക്തിശാലിയായ ഒരു രാജ്യം അതിന്റെ സമ്പത്തിന്റെയും അധികാരത്തിന്റെയും വലിപ്പം കൊണ്ട് തന്നെ ഉത്തരവാദിത്വബോധം പ്രകടിപ്പിക്കാനും ആത്മനിയന്ത്രണം പാലിച്ച് ലോകത്തിലെ സംഘർഷങ്ങൾ ലഘൂകരിക്കാനും ബാധ്യസ്ഥരാണ്. പകരം മദ്യലഹരി തലയിൽ കയറിയ കവലച്ചട്ടമ്പിയെപ്പോലെ ജീവച്ഛവമായി കിടക്കുന്ന നിസ്സാരനായ ഇറാക്കിനെതിരെ കൊലവിളി നടത്തുകയാണ്. നയതന്ത്രഭാഷക്ക് പകരം മസിൽ പ്രദർശനവും, യുദ്ധഭേരിയും മുഴക്കുന്നു. അമേരിക്കയെ നയിക്കുന്ന അദൃശ്യ ശക്തികളുടെ ചില നിഗൂഢ ലക്ഷ്യങ്ങൾ അതിന് പിന്നിലുണ്ട്.

കഴിഞ്ഞ പതിനൊന്ന് വർഷമായി വധയൂപത്തിൽ ബന്ധനസ്ഥനാക്കിയ ഇറാക്ക് ജനതയുടെ മേൽ മാത്രമേ ഈ യുദ്ധത്തീ പെയ്തിറങ്ങുകയുള്ളൂ എന്ന് ആരും കരുതേണ്ട. ഈ യുദ്ധം ഒരു പക്ഷേ അവരുടെ സ്വപ്നങ്ങളെ തകർത്തുകളയുന്ന മഹായുദ്ധങ്ങളുടെ നാന്ദിയായി മാറിയേക്കാം. കാരണം ദുഷ്ടശക്തികളുടെ നിയന്ത്രണത്തിൽ സംഭവപരമ്പരകൾ അധികം നീങ്ങിയതായി ചരിത്രം പറയുന്നില്ല. അങ്ങനെയെങ്കിൽ ഹിറ്റ്ലറും മുസ്സോളനിയും സിയാഉൽഹക്കും വിജയം കാണേണ്ടതായിരുന്നു.

ഇറാക്കിനെ ആക്രമിക്കാനുള്ള അമേരിക്കൻ ആക്രോശങ്ങളെ ലോകം വെറുപ്പോടെയാണ് നോക്കിക്കാണുന്നത്. അമേരിക്കയുടെ പാരമ്പര്യ സഖ്യകക്ഷികളായ യൂറോപ്പിന്റെ യുദ്ധത്തോടുള്ള പ്രതികരണം നിഷേധാത്മകവും പ്രതിഷേധാത്മകവുമാണ്. യൂറോപ്യൻ യൂനിയനെ നിയന്ത്രിക്കുന്ന ജർമ്മനി, ഫ്രാൻസ്, ബ്രിട്ടൻ എന്നീ രാജ്യങ്ങളിൽ നിന്നും അമേരിക്കക്കെതിരെ വിയോജിപ്പുകളും രൂക്ഷമായ വിമർശനങ്ങളും ഉയരുകയാണ്. ജർമ്മനിയിലെ നിയമകാര്യമന്ത്രി ഹെർത ഡ്യൂബ്ലർ മെലിൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിന്റെ യുദ്ധക്കൊതി കണ്ട് അദ്ദേഹത്തെ ഹിറ്റ്ലറോടാണ് ഉപമിച്ചത്. ഇതിന്റെ പേരിൽ അവർക്ക് സ്ഥാനത്യാഗം ചെയ്യേണ്ടിവന്നെങ്കിലും പറയേണ്ടത് പറഞ്ഞു. ജർമൻ ചാൻസലർ ജെറാൾഡ് ഷ്റോഡർ അമേരിക്കയുടെ ഇറാക്ക് ആക്രമണ പരിപാടിയെ രൂക്ഷമായി വിമർശിക്കുകയുണ്ടായി. അമേരിക്കൻ സഖ്യകക്ഷിയായി നിന്നുകൊണ്ട് തന്നെ അവരുടെ യുദ്ധസംരംഭങ്ങളുമായി വിയോജിക്കുന്നുവെന്ന് ഷ്റോഡർ വ്യക്തമായി പറഞ്ഞു. സെപ്തം: 18ന് നടന്ന ജർമൻ തിരഞ്ഞെടുപ്പ് പ്രചരണങ്ങളിലുടനീളം ഈ നിലപാടിൽ നിന്നുകൊണ്ട് സംസാരിച്ച ഷ്റോഡറെ ജർമ്മൻ ജനത വീണ്ടും നേരിയ ഭൂരിപക്ഷത്തിന് ജയിപ്പിച്ചിരിക്കുകയാണ്. ഫ്രാൻസിന്റെ പ്രസിഡന്റ് ജാകിസ് ചിറാഗ് ഇറാക്ക് യുദ്ധത്തിനെതിരെയുള്ള വിയോജിപ്പ് ശക്തമായ ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അമേരിക്കക്ക് വേണ്ടി ഓക്കാനിക്കുന്ന വിടുവായനായ പ്രധാനമന്ത്രിയാണ് ഇംഗ്ലണ്ടിനുള്ളത്. തന്റെ സ്വന്തം പാർട്ടിയായ ലേബർ പാർട്ടിയിൽനിന്നും ശക്തമായ എതിർപ്പുകളുണ്ടായിട്ടും ബുഷിനെ കാണുമ്പോൾ നാക്ക് പിഴക്കുന്ന ടോണിബ്ലെയർ സ്വന്തം നാട്ടിൽ നിന്ന് ശക്തമായ എതിർപ്പ് നേരിടുകയാണ്. യഹൂദരുടെ ടോണിക് കുടിക്കുന്നത്കൊണ്ടായാരിക്കാം ടോണിബ്ലെയറിന് ഇടക്കിടെ ഉണ്ടാവുന്ന ഈ നാക്ക് പിഴ. ബ്രിട്ടീഷ് അന്താരാഷ്ട്ര വികസന സെക്രട്ടറി (മന്ത്രി) ക്ലെയർ ഷോട്ട് ഇറാക്കിനെതിരെ യുദ്ധമുണ്ടായാൽ പിന്തുണക്കില്ല എന്ന് വ്യക്തമായി പറഞ്ഞു. ബ്രിട്ടന്റെ മുൻവിദേശ കാര്യ സെക്രട്ടറിയും ഇപ്പോഴത്തെ അധോസഭാ നേതാവുമായ റോബിൻ കുക്കും യുദ്ധശ്രമങ്ങളെ ശക്തമായ ഭാഷയിൽ അപലപിച്ചിട്ടുണ്ട്. യൂറോപ്പിന്റെ മനസ്സാക്ഷിയുടെ സമ്മർദ്ദങ്ങളാണ് നീതിയുടെ പക്ഷത്ത് നിന്നുകൊണ്ടുള്ള ഈ വിയോജിപ്പിന്റെ ശബ്ദങ്ങൾ. പക്ഷേ ജൂതന്മാരും എണ്ണ, ആയുധ വ്യാപാരികളും നിയന്ത്രിക്കുന്ന അമേരിക്കയുടെ മറുതന്ത്രങ്ങളിലും യുദ്ധമുതലുകൾ പങ്കിടുന്ന നീക്കുപോക്കിലും രഹസ്യ ധാരണകളിലും പെട്ട് യൂറോപ്പിന്റെ മനസ്സാക്ഷി മരിച്ചില്ലെങ്കിൽ യൂറോപ്പിൽ അതൊരു സംഘർഷമായി കത്തിക്കയറും. ഒരു ശാക്തിക ധ്രുവീകരണത്തിനും സാധ്യതയുണ്ട്.

ഇറാഖ് കൂട്ടക്കുരുതിക്കുള്ള രാസ ജൈവായുധങ്ങൾ കുന്നുകൂട്ടുന്നു എന്നാണ് അമേരിക്കൻ ആരോപണം. ലോകത്ത് നടക്കുന്ന ആയുധ വ്യാപാര ലാഭത്തിന്റെ ബഹുഭൂരിപക്ഷവും അടിച്ചുമാറ്റുന്ന അമേരിക്കയുടെ ബുഷ് അമ്മാവൻ ഇറാക്കിനെതിരെ ലോകസമാധാനത്തിന്റെ പേരിൽ ധാർമ്മിക രോഷം കൊണ്ട് മീശ പിരിക്കുകയാണ്. എന്നാൽ അമേരിക്കയുടെ സമ്പൂർണ്ണപിന്തുണയോടെ 1980 ൽ ആരംഭിച്ച എട്ടു വർഷക്കാലത്തെ ഇറാക്ക്-ഇറാൻ യുദ്ധകാലത്ത് ഇറാക്കിലെ പട്ടാള സ്വേച്ഛാധിപതി സദ്ദാം ഹുസൈനാണ് 'മസ്റ്റാർഡ് ഗ്യാസ്' എന്ന് പേരുള്ള മാരകമായ രാസായുധം ഇറാനെതിരെ പ്രയോഗിച്ചത്. അന്നത്തെ റീഗൺ ഭരണകൂടത്തിലെ സ്റ്റേറ്റ് സെക്രട്ടറി ജോർജ് ഷുൾട്സ് തന്റെ അനുസ്മരണക്കുറിപ്പിൽ ഈ വിവരം എഴുതിയി

ട്ടുണ്ട്. 1984 മാർച്ച് ആറിന് അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ ഔദ്യോഗിക രേഖകളിലും ഇക്കാര്യം രേഖപ്പെടുത്തിയിട്ടുള്ളതായി ഐക്യരാഷ്ട്രസഭ ആയുധപരിശോധന വിദഗ്ധർ പറയുന്നു. അമേരിക്കയുടെ അറിവും സമ്മതവും സഹായവും ഇക്കാര്യത്തിൽ ഇറാക്കിന് ലഭിച്ചിട്ടുണ്ട്. അതെല്ലാം ലോകം മറന്നുപോയി എന്ന വിശ്വാസത്തിന്റെ ബലത്തിൽ ഇറാക്കിന്റെ രാസായുധങ്ങൾക്കെതിരെ അമേരിക്കയുടെ ധാർമ്മികരോഷം ഇപ്പോൾ തിളച്ചുമറിയുന്നത് വിചിത്രം തന്നെ. കൂട്ടക്കുരുതിക്കുള്ള ആയുധങ്ങൾ നിർമ്മിക്കാനുള്ള കെട്ടിടങ്ങൾ ഇറാക്കിലുടനീളം പടുത്തുയർത്തുന്നു എന്ന് ബുഷും ടോണിബ്ലെയറും ചേർന്ന് ശക്തമായി പ്രചരണം നടത്തിവരികയായിരുന്നു. ഇറാക്കിലില്ലാത്തതും വൻശക്തികളായ അമേരിക്കക്കും ബ്രിട്ടനും ഉള്ളതുമായ സാറ്റലൈറ്റ് ഫോട്ടോകൾ തെളിവാക്കിക്കൊണ്ടാണ് ഈ പ്രചാരണങ്ങൾ അഴിച്ചുവിട്ടത്. ഐക്യരാഷ്ട്രസഭയുടെ ആയുധപരിശോധക കമ്മീഷന്റെ അനുബന്ധ ഏജൻസിയായ UNMOVIC ന്റെ ഇപ്പോഴത്തെ ചെയർമാൻ ആൻസ് ബ്ലിക്സ് ഈ വ്യാജ പ്രചാരണത്തെ നേരിട്ടപ്പോൾ അത് ബലൂണിനെതിരെയുള്ള സൂചിപ്രയോഗമായി മാറി. 1998 ഡിസംബറിൽ അമേരിക്ക നടത്തിയ ബോംബേറിൽ തകർന്ന സിവിലിയൻ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിന്റെ സാറ്റലൈറ്റ് ചിത്രങ്ങളാണ് അതെന്നായിരുന്നു ബ്ലിക്സിന്റെ വെളിപ്പെടുത്തൽ. ബുഷും ബ്ലെയറും പിന്നെ ആ കാര്യം ആവർത്തച്ചിട്ടില്ല. ഐക്യരാഷ്ട്രയുടെ ആയുധപരിശോധകരെ ഇറാക്കിലെവിടെയും നിരുപാധികം പരിശോധിക്കാൻ അനുവദിക്കുമെന്ന് സദ്ദാം ഹുസൈൻ യു എൻ സെക്രട്ടറിക്ക് എഴുതിയപ്പോൾ ഇറാക്കിനെ വിശ്വസിച്ചുകൂട എന്നാണ് അമേരിക്കൻ വൈസ് പ്രസിഡന്റ് ഡിക് ചെന്നി പറഞ്ഞത്. അവസാനമായി ബുഷ് ടെക്സാസിലെ തന്റെ പാർട്ടിയുടെ ധനസമാഹരണ പ്രസംഗത്തിൽ പറഞ്ഞ ആരോപണം ഏറെ രസകരമാണ്. 'സദ്ദാമെന്ന പഹയൻ എന്റെ അച്ഛൻ സീനിയർ ബുഷിനെ മുമ്പ് കുവൈത്ത് സന്ദർശനവേളയിൽ കൊല്ലാൻ ശ്രമിച്ചു' എന്നായിരുന്നു വിലാപം. പാവം വലിയ ബുഷിനെ കൊല്ലാൻ നോക്കിയ സദ്ദാമിനെ പാഠം പഠിപ്പിക്കുമെന്ന് ചെറിയ ബുഷ്! ആട്ടിൻകുട്ടിയെ കൊല്ലാൻ ന്യായം പറഞ്ഞ ചെന്നായയുടെ വാക്കുകളുടെ ബുഷിന്റെ ശൈലിയിലുള്ള ആവർത്തനമാണിത്.

യുക്തിഹീനവും പരിഹാസ്യവും നിലവാരംകുറഞ്ഞതുമായ പ്രചരണങ്ങൾകൊണ്ട് പ്രഹസനനാടകം നടത്തുകയാണ് അമേരിക്ക. അവർ യുദ്ധം ചെയ്യാൻ ഉറച്ചുകഴിഞ്ഞു. ലോകം പഴയതുപോലെയല്ല . ധർമചിന്തയുടെയും നീതിബോധത്തിന്റെയും ശോഷണത്തോത് പതിന്മടങ്ങ് വർദ്ധിച്ച ഇക്കാലത്ത് അമേരിക്കൻ പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള മനസ്സാക്ഷിയും ആർജ്ജവവും ലോകനേതാക്കന്മാർക്കുണ്ടോ എന്നതാണ് പ്രശ്നം.

യുദ്ധത്തിന്റെ അഗ്നിവർഷം ബാഗ്ദാദിൽ മാത്രമല്ല, തങ്ങളുടെ തലയിലോ മുറ്റത്തോ അയലത്തോ വീഴുമെന്ന ഭീതിയോടെ ദുർബ്ബലരായ അറബിലോകം ഭയപ്പെടുന്നു. അമേരിക്കയുടെയും ബ്രിട്ടന്റെയും ദാസ്യത്വം സ്വീകരിച്ച അറബിരാജാക്കന്മാർ മുസ്‌ലിം ജനസാമാന്യത്തിന്റെ വമ്പിച്ച എതിർപ്പുകൾക്കും തങ്ങളുടെ യജമാനന്മാരുടെ കണ്ണുരുട്ടലുകൾക്കും മധ്യേ പരിഭ്രാന്തരായി കഴിയുകയാണ്. ഇസ്‌ലാമിന്റെ മൊത്ത കുത്തകയുടെ ഭാരവും വഹിച്ച് മുസ്‌ലിം നാടുകളുടെ മേധാവി ചമഞ്ഞ് നിൽക്കുന്ന അറുപിന്തിരിപ്പനായ സൗഊദി അറേബ്യ ഒരു ബ്രിട്ടീഷ് സൃഷ്ടിയാണെന്ന കാര്യം നമ്മുടെ പല മുസ്‌ലിം നേതാക്കൾക്കുപോലും അറിയില്ല. (ഇവിടുത്തെ മുസ്‌ലിം നേതാക്കൾ അറിഞ്ഞിട്ടും കാര്യമില്ല. പെട്രോഡോളർ കൊണ്ട് മനസ്സാക്ഷി പ്രവർത്തിപ്പിക്കുന്ന മതപണ്ഡിതന്മാർക്ക് അവരെല്ലാം മുത്തഖികളായ സലഫി രാജാക്കന്മാരാണ്. പ്രത്യേകിച്ച് മുജാഹിദുകൾക്ക്). ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാർക്കുവേണ്ടി തുർക്കി ഖിലാഫത്തിനെ പരാജയപ്പെടുത്തിയതിന് ഇബ്നു സഊദിന് സമ്മാനമായി ലഭിച്ചതാണ് സഊദി അറേബ്യ. ഈ ബ്രിട്ടീഷ് സന്തതി ബ്രിട്ടനും അമേരിക്കക്കുംവേണ്ടി മുസ്‌ലിം നാടുകൾക്ക് നടുവിൽനിന്ന് കങ്കാണിപണി ചെയ്യുകയാണ്. ഇറാഖിൻമേലുള്ള ഏതൊരാക്രമണവും ശക്തമായി ചെറുക്കുന്നതാണെന്നും സഊദി അറേബ്യയിലെ അമേരിക്കൻ ബ്രിട്ടീഷ് സൈനിക കേന്ദ്രങ്ങളിൽനിന്ന് ഇറാഖിനെ അക്രമിക്കാൻ അനുവദിക്കില്ലെന്നും ആദ്യം പറഞ്ഞ സഊദി വിദേശകാര്യമന്ത്രി സഊദ് അൽ ഫൈസൽ രാജകുമാരൻ സി.എൻ.എന്നുമായുള്ള അഭിമുഖത്തിൽ പിന്നീട് പറഞ്ഞത് അക്രമണത്തിന് യു.എൻ. സുരക്ഷാസമിതിയുടെ അംഗീകാരമുണ്ടെങ്കിൽ അമേരിക്കയെ ഞങ്ങൾ എല്ലാവിധത്തിലും പിന്തുണക്കുമെന്നാണ്. ഇനി അദ്ദേഹം പറയുന്നത് യു എന്നിന്റെ അംഗീകാരമില്ലെങ്കിലും അമേരിക്കയെ പിന്തുണക്കുമെന്നായിരിക്കും.

1973ൽ ഉൽപ്പാദനം കുറച്ച് എണ്ണ വില കൂട്ടിക്കൊണ്ട് അറബുനാടുകൾ ലോകസമ്പദ് വ്യവസ്ഥയെ പിടിച്ചുകുലുക്കിയിരുന്നു. ഓയിൽ ഉൽപ്പാദക അറബ് രാജ്യങ്ങളിലെ എണ്ണഖനനവും വിപണനവും നടത്തുന്നത് ബഹുഭൂരിപക്ഷവും അമേരിക്കൻ ബ്രിട്ടീഷ് കമ്പനികളാണ്. ഈ എണ്ണലാഭത്തിന്റെ സിംഹഭാഗവും പോകുന്നത് അവർക്കാണ് എന്നതാണ് വാസ്തവം. അറബികൾക്ക് കിട്ടുന്ന പണം ഡോളറുകളാക്കി നിക്ഷേപിക്കുന്നതും അമേരിക്കൻ ബ്രിട്ടീഷ് ബേങ്കുകളിലും. ഫലത്തിൽ ഈ കുലുക്കൽകൊണ്ട് നേട്ടം കിട്ടിയത് എണ്ണക്കമ്പനികൾക്കുതന്നെയാണ്. ഇങ്ങനെ എണ്ണവില കയറ്റിയപ്പോൾ ഞെട്ടിപ്പോയ പാശ്ചാത്യലോകത്തിന് ബുദ്ധിയുദിച്ചു. എന്തുതന്നെയായാലും വിലപ്പെട്ട ഈ സ്വർണ്ണ ദ്രാവകത്തിന്റെ മുകളിലിരിക്കുന്ന അറബ്മുസലിംകൾ മന്ദതയും മയക്കവും മാറി ഉണർന്നാലുണ്ടാകുന്ന അപകടം അവർ മുൻകൂട്ടി കാണുകയുണ്ടായി. എണ്ണവിതരണത്തിൽ എന്തെങ്കിലും അത്യാഹിതമോ ദൗർലഭ്യമോ നേരിട്ടാൽ ഉപയോഗിക്കാൻ തന്ത്രപ്രധാനമായ ഒരു കരുതൽശേഖരം (Stratagic Oil Reservation) സൂക്ഷിക്കാൻ പാരീസ് കേന്ദ്രമായുള്ള അന്തർദേശീയ ഊർജ്ജ ഏജൻസി (IAEC) തീരുമാനിച്ചു. ഈ തന്ത്രപരമായ സമീപനം സ്വീകരിച്ചതിനുശേഷം ലോകത്തിന്റെ അറബ് മേഖലയിൽപ്പെടാത്ത മറ്റു സ്ഥലങ്ങളിൽ

വികസിത രാജ്യങ്ങൾ എണ്ണപര്യവേഷണങ്ങളും ഖനനവും ആരംഭിച്ചു. ലോകത്തിലെ ഏറ്റവും വലിയ എണ്ണയുൽപാദക രാജ്യമായ റഷ്യയുടെ വടക്കൻ തുറമുഖമായ മൂർമാൻസ് അമേരിക്കയിലേക്കുള്ള എണ്ണ കയറ്റുമതിക്ക് മാത്രമുള്ളതാണ്. ആഫ്രിക്കയും ഇപ്പോൾ എണ്ണയുടെ മറ്റൊരു സ്രോതസ്സാണ്. അതുകൊണ്ട് 1973 ലേതുപോലെ എണ്ണ ഒരു ആയുധമാക്കാൻ അറബികൾക്ക് ഒരുവിധത്തിലും സാധ്യമല്ല.

അമേരിക്കയുടെ ഒടുങ്ങാത്ത ഉപഭോഗസംസ്കാരം അവരെ എണ്ണ കുടിയനായ ഒരു രാജ്യമാക്കി മാറ്റിയിരിക്കുന്നു. 2001 മേയിൽ അമേരിക്കൻ വൈസ് പ്രസിഡന്റ് ഡിക്ചെന്നി സമർപ്പിച്ച റിപ്പോർട്ടിൽ അമേരിക്കൻ എണ്ണ ഉപഭോഗത്തിന്റെ പകുതിയും ഇറക്കുമതി ചെയ്യുകയാണെന്നും 2020 ഓടെ അത് മൂന്നിൽ രണ്ടാക്കി വർദ്ധിപ്പിക്കേണ്ടി വരുമെന്നും പറയുന്നു. കാസ്പിയൻ കടൽതീരത്തെ സമൃദ്ധമായ എണ്ണ ലക്ഷ്യം വെച്ചുകൊണ്ടാണ് അമേരിക്ക അഫ്ഗാനിസ്ഥാനെ കീഴടക്കിയത് അവിടെ 15 ബില്ല്യൻ ബാരൽ എണ്ണ ശേഖരമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഇറാക്കിന്നടിയിൽ ഇപ്പോഴും ചൂഷണം ചെയ്യപ്പെടാതെ കിടക്കുന്ന എണ്ണ 112 ബില്ല്യൻ ബാരലാണ്. അമ്പരപ്പിക്കുന്ന ഇറാക്ക് എണ്ണ ശേഖരം താരതമ്യം ചെയ്യുമ്പോൾ കാസ്പിയൻ എണ്ണയേക്കാൾ ഏകദേശം എൺപത് ശതമാനം വലിയതാണ്. അപ്പോൾ അഫ്ഗാനിസ്ഥാനിലെ ഉസാമാ ബിൻലാദന് എതിരെ പ്രകടിപ്പിച്ച ധാർമ്മികരോഷത്തേക്കാൾ 80 ശതമാനമെങ്കിലും ധാർമ്മികരോഷം ഇറാക്കിലെ സദാം ഹുസൈനോട് അമേരിക്ക പ്രകടിപ്പിക്കണം. അഫ്ഗാനിസ്ഥാനും ഇറാക്കിനും മദ്ധ്യേയാണ് പഴയ ഇസ്ലാമിക വിപ്ലവകാരിയായ ഇറാനുള്ളത്. അമേരിക്കയുടെ യുദ്ധത്തീ കത്തിക്കാനുള്ള എണ്ണ അവിടെയുമുണ്ട്. പ്രാണഭയം കൊണ്ട് ഇറാൻ വിറക്കുകയാണ്. വിപ്ലവവീര്യവും ശൗര്യവും പോയി മധ്യനില പാലിക്കുന്ന ഇറാൻ, ഇറാക്ക് പ്രശ്നത്തിൽ വളരെ കരുതലോടെയാണ് പ്രസ്താവനകളിറക്കുന്നത്. ഏതായാലും തിന്മയുടെ അച്ചുതണ്ടായി അമേരിക്ക വിശേഷിപ്പിച്ച 'കൊറിയ, ഇറാൻ, ഇറാക്ക്' എന്നീ രാജ്യങ്ങളുടെ കൂട്ടത്തിൽ ഇറാനുമുണ്ട്. അങ്ങനെ ഇന്ത്യ മുതൽ അറേബ്യവരെയുള്ള അഫ്ഗാനിസ്താൻ ഇറാൻ-ഇറാക്ക് എന്നീ പ്രവിശാലമായ മുസ്ലിം മേഖല അമേരിക്കയുടേയും യഹൂദികളുടേയും കൈയ്യിലൊതുക്കാനാണ് പ്ലാൻ.

ഏതായാലും മധ്യപൗരസ്ത്യ ദേശത്ത് വീണ്ടും യുദ്ധഭേരി മുഴങ്ങുകയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന കോടിക്കണക്കിന് വിശ്വാസികളിലേക്ക് ദിവ്യസന്ദേശത്തിന്റെ ആത്മീയസരണി ഒഴുക്കിയ ഈ ചരിത്രഭൂമിയിൽ യുദ്ധത്തിന്റെ തീക്കാറ്റടിക്കുകയാണ്. മതസാഹിത്യങ്ങളിൽ ഈ ചരിത്രഭൂമിയുടെ ഭാവിഭാഗധേയം ഒരു നിഗൂഢയാഥാർത്ഥ്യം പോലെ നിലകൊള്ളുന്നു. മുഹമ്മദ് നബി (സ) പ്രവചിച്ച ദജ്ജാലി ഫിത്‌നയാണ് അറബ് നാടുകളുടെ മുകളിലൂടെ ഇപ്പോൾ അപഥസഞ്ചാരം നടത്തുന്നത്. യൂറോപ്യൻ നവോത്ഥാനത്തിന് ശേഷം ശക്തിശാലികളായി മാറി. മുസ്ലിം നാടുകളെ കീഴ്പ്പെടുത്തുന്ന ഭൗതികോന്മുഖമായ ക്രൈസ്തവ ശക്തിയാണ് ദജ്ജാൽ.സ്വയം വിനാശത്തിന്റെ ഘടകങ്ങൾ ഉൾക്കൊള്ളുന്ന ദജ്ജാലിന്റെ രണ്ട് ശാക്തിക ചേരികളാണ് യഅ്ജൂജ് മഅ്ജൂജ്.

വിശുദ്ധഖുർആനിലും നിരവധി ഹദീസുകളിലും ഈ വിപത്തിനെപ്പറ്റി വ്യക്തമായ സൂചനകളും മുന്നറിയിപ്പുകളുമുണ്ട്. ഒരു ഹദീസ് ഇപ്രകാരമാണ്:

"അല്ലാഹു യഅ്ജൂജ് മഅ്ജൂജിനെ (പാശ്ചാത്യശക്തികൾ) എഴുന്നേൽപ്പിക്കും. അവർ എല്ലാ തരംഗങ്ങളിൽ കൂടെയും (അഥവാ ഉയർന്ന സ്ഥാനങ്ങൾ, ഭൂമിക്ക് മുകളിലുള്ള സാറ്റലൈറ്റിലൂടെ തരംഗ പ്രക്ഷേപണവുമാകാം) ത്വരിത സഞ്ചാരം ചെയ്യുന്നവരായിരിക്കും. അങ്ങനെ അവരിൽ നിന്നുള്ള ആദ്യവിഭാഗം തിബെരിയാസ് തടാകത്തിന്നരികിലൂടെ നടന്നുപോകും. അപ്പോൾ അവർ അതിലുള്ള വെള്ളം (എണ്ണ) കുടിക്കും. (പിന്നീട് അവരിൽ നിന്നുള്ള അവസാന വിഭാഗക്കാർ (രണ്ടാം ശാക്തിക ചേരി) അതിന്നരികിൽക്കൂടി സഞ്ചരിക്കും. അവർ പറയും. ഇതിൽ ഒരുകാലത്ത് വെള്ളമുണ്ടായിരുന്നു. പിന്നെ അവർ സഞ്ചരിച്ച് ജബലുൽ ഖംറ് (മദ്യത്തിന്റെ പർവ്വതം, അഥവാ അന്യായമായി അധീനമാക്കിയ ദേശം) വരെ എത്തി. അപ്പോൾ അവർ ഇങ്ങനെ പറയും. നാം ഭൂമിയിലുള്ളവരെ കൊന്നുകഴിഞ്ഞിരിക്കുന്നു. വരൂ, നമുക്കിനി ആകാശത്തുള്ളവരെ കൊന്നുകളയാം. എന്നിട്ട് അവർ തങ്ങളുടെ അമ്പുകൾ ആകാശത്തേക്ക് എയ്തുവിടും. അപ്പോൾ അല്ലാഹു അവർക്ക് അവരുടെ അമ്പുകളെ രക്തം പുരണ്ടതായി തിരിച്ചയച്ചുകൊടുക്കും" (മുസ്ലിം തിർമിദി)

പ്രവചനങ്ങൾ അടങ്ങിയ ഈ ഹദീസിലുള്ള പ്രതീകങ്ങളും അലങ്കാരോക്തികളും വ്യാഖ്യാനാർഹങ്ങളാണ്. വിശുദ്ധഖുർആനും സ്വപ്നശാസ്ത്രങ്ങളുമുപയോഗിച്ചു പ്രവചന ഭാഷകളിലെ വ്യാഖ്യാനങ്ങൾ പറയുക എന്നത് പണ്ടു മുതലേ ഇസ്ലാമിലുള്ള ഒരു സമ്പ്രദായമാണ്. ഈ ഹദീസിൽ പറഞ്ഞ തിബെരിയാസ് (ഗലീലി) മദ്ധ്യപൗരസ്ത്യദേശവും അതിലെ വെള്ളം എണ്ണയുമാണെന്ന് മനസ്സിലാകുന്നു. ആദ്യത്തെ ശക്തികൾ എണ്ണ കുടിച്ചു വറ്റിക്കുമെന്നും രണ്ടാമത് വരുന്നവർ ചൂഷണം ചെയ്യപ്പെട്ട ഭൂമിയുടെ പേരിൽ യുദ്ധമുണ്ടാക്കുമെന്നുമാണ് സൂചന. മദ്ധ്യപൗരസ്ത്യദേശത്തെ മുസ്ലിം നാടുകളിലേക്ക് യുദ്ധോത്സുകതയോടെ ഇരമ്പിക്കയറുന്ന ദജ്ജാലിനെ സംബന്ധിച്ചും അതിന്റെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായുള്ള ശാക്തിക ചേരികളായ യഅ്ജൂജ് മഅ്ജൂജിനെകുറിച്ചും ഈ ഹദീസിൽ പറയപ്പെട്ടിരിക്കുന്നു. ഇക്കാലത്ത് ദൈവത്താൽ നിയോഗിതനായ വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഈ ലോകവിപത്തുകളെ പറ്റി ഖുർആനിലും ഹദീസിലുമുള്ള ഗൂഢാത്മകമായ അനേകം പ്രവചനങ്ങളെ തനിക്ക് ലഭിച്ച ദിവ്യജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് ലോകത്തെ, പ്രത്യേകിച്ച് മുസ്ലിം സമുദായത്തെ ഉണർത്തുകയും അതിനുള്ള പരിഹാരങ്ങൾ നിർദേശിക്കുകയുമുണ്ടായി. അവർ പകരം ആ മഹാത്മാവിനെ കാഫിറാക്കിക്കളയുകയാണുണ്ടായത്. വരാനിരിക്കുന്ന ഭയാനകമായ വിപത്തുകളിൽനിന്നും അല്ലാഹു മുസ്ലിം നാടുകളെ രക്ഷിക്കട്ടെ (ആമീൻ) ■

കുറിപ്പുകൾ

മുസാഫിർ

# അക്ഷർധാം ക്ഷേത്രാക്രമണം അപലപനീയം

മനുഷ്യൻ അവന്റെ എല്ലാ ദുഃഖങ്ങളും വേദനകളും സമർപ്പിക്കാനും ആത്മീയ സാന്ത്വനങ്ങൾ തേടിയുമാണ് ആരാധനാലയങ്ങളിലേക്ക് വരുന്നത്. അവിടെ ഇരച്ചുകയറി നിരപരാധികളായ ഭക്തന്മാരെയും പിഞ്ചുകുഞ്ഞുങ്ങളെയും വകവരുത്തുക എന്നതിനെ അപലപിക്കാൻ വാക്കുകളില്ല. പൈശാചികം എന്ന വിശേഷണത്തെക്കാൾ കവിഞ്ഞതാണ് ഈ ക്രൂരകൃത്യം. കാരണം വിവരംകെട്ട മനുഷ്യനല്ലാതെ പിശാചുക്കൾ നേരിട്ടുവന്ന് അത്തരം കൃത്യങ്ങൾ നടത്തിയതായി അറിവില്ല. സെപ്ത: 24ന് ചൊവ്വാഴ്ച വൈകുന്നേരം അക്ഷർധാം (അനശ്വരതയുടെ ഗേഹം) എന്നു വിളിക്കപ്പെടുന്ന ഗുജറാത്തിലെ സ്വാമി നാരായണക്ഷേത്രത്തിലെ ഭക്തർക്കെതിരെയാണ് ഭീകരർ അക്രമം അഴിച്ചുവിട്ടത്.

ഒരു യഥാർത്ഥ ഇസ്ലാംമത വിശ്വാസി ഈ കൊടുംപാതകത്തിൽ ഹിന്ദു സഹോദരന്മാരേക്കൾ ഇരട്ടി ദുഃഖിതരാണ്. കാരണം, ഭീകരർ ഈ ഹീനകൃത്യത്തിലൂടെ ആദ്യം തകർത്തത് വിശുദ്ധഖുർആൻ വിശ്വാസികളുടെ അഭിമാനമായി ഉയർത്തിപ്പിടിച്ച ഒരു മഹത്തായ തത്ത്വത്തെയാണ്. ഏതൊരു മതസ്ഥരുടെയും ആരാധനാലയങ്ങളെ സംരക്ഷിക്കുക എന്നത് ഒരു മുസൽമാന്റെ ധർമ്മമാണെന്നും അത് അല്ലാഹുവിനെ സഹായിക്കുന്നതിന് തുല്യമാണെന്നുമാണ് ഖുർആൻ പറയുന്നത്. "മനുഷ്യരിൽ ചിലർക്ക് ചിലരുടെ ആക്രമണത്തെ തടയുവാൻ അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയദേവാലയങ്ങളും ജൂതപള്ളികളും മുസ്ലിംപള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽവെച്ച് അല്ലാഹുവിന്റെ (ദൈവത്തിന്റെ) നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കും". (22:41).

ഏതൊരു ആരാധനാലയവും തകർക്കപ്പെടുന്നതും അതിലേക്ക് വരുന്ന ഭക്തരെ അക്രമിക്കുന്നതും തടയുക എന്നത് മുസൽമാന്റെ കർത്തവ്യമാണ്. അതിൽ മതപരമായ പക്ഷപാതിത്വങ്ങളില്ല. അന്യമതസ്ഥരുടെ ആരാധനാലയങ്ങളെ പേരെടുത്തുപറഞ്ഞുകൊണ്ടാണ് വിശുദ്ധഖുർആൻ ഇക്കാര്യം പ്രഖ്യാപിക്കുന്നത്. ആരാധനാലയങ്ങളോടുള്ള സമീപനത്തെപ്പറ്റി ഖുർആൻ ഒരു സ്ഥലത്ത് പറയുന്നു: "അല്ലാഹുവിന്റെ ആരാധനാലയങ്ങളിൽവെച്ച് അവന്റെ നാമം സ്മരിക്കുന്നത് തടയുകയും അവയുടെ നാശത്തിനായി ശ്രമിക്കുകയും ചെയ്യുന്നവനേക്കാൾ അക്രമി മറ്റാരാണ്? ഭയന്നുകൊണ്ടല്ലാതെ അവർക്ക് അവയിൽ പ്രവേശിക്കുവാൻ അനുവാദമില്ല. അവർക്ക് ഇഹലോകത്ത് അപമാനമുണ്ട്. പരലോകത്ത് കഠിനശിക്ഷയുമുണ്ട്" (2:111)

മനുഷ്യന്റെ സ്രഷ്ടാവും വിധാതാവും വിധികർത്താവുമായ അഗോചരനായ ദൈവത്തോട് നടത്തുന്ന ഹൃദയസംവാദങ്ങളുടെ വേദികയാണ് ആരാധനാലയങ്ങൾ. മൂർത്തികളും ബിംബങ്ങളും, ഇടനിലക്കാരും ശ്രദ്ധ കേന്ദ്രീകരിക്കുന്ന വസ്തുക്കളാണെന്ന ധാരണയോടെയാണ് ഹിന്ദുസഹോദരന്മാർ ആരാധന നടത്തുന്നത്. മൂർത്തികളെയും ബിംബങ്ങളെയും മുൻനിർത്തി ദൈവത്തെ ആരാധിക്കുന്നതിനോട് ഇസ്ലാം യാതൊരർത്ഥത്തിലും യോജിക്കുന്നില്ല. മനുഷ്യന്റെ പഞ്ചേന്ദ്രിയഗ്രാഹ്യതക്ക് അതീതനായ സൂക്ഷ്മനും സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവത്തോട് തുല്യമായതോ പ്രതിനിധീകരിക്കാൻ കഴിയുന്നതോ ആയ യാതൊരു വസ്തുവുമില്ലെന്നും നമ്മുടെ അനുഭവമണ്ഡലത്തിലുള്ളതെല്ലാം ദൈവത്തിന്റെ സൃഷ്ടികളും സൃഷ്ടവതുക്കളുമാണെന്നുമാണ് ഇസ്ലാമിന്റെ നിലപാട്. ഹിന്ദുമതത്തിലെ ആര്യസമാജികൾ ബിംബാരാധനയുടെ വിഷയത്തിൽ ഇസ്ലാമിന്റെ സമീപനം തന്നെയാണ്പുലർത്തുന്നത്. എന്നാൽ ആരോടായാലും ഏതു മതസ്ഥനായാലും ആരാധന നടത്തുന്ന ഭക്തന്റെ നിഷ്ക്കളങ്ക ഭാവത്തെ പാവനമാണെന്ന് കരുതി ഇസ്ലാം ആദരിക്കുന്നു. ഭക്തനും, അവൻ ആരാധന നടത്തുന്ന മന്ദിരത്തിനും എല്ലാ സംരണവും ഇസ്ലാം വാഗ്ദാനം ചെയ്യുന്നു. ഇത് അല്ലാഹു മുസ്ലിംകളോട് കൽപ്പിച്ച ശക്തമായ അധ്യപനമാണ്.

നിരപരാധികളായ ഭക്തർക്കെതിരെ നടത്തിയ ഈ കൊടുംപാതകത്തിന് കാരണമായ സാഹചര്യം കൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് കോൺഗ്രസ് പാർട്ടി നടത്തിയ വിലയിരുത്തൽ ശ്രദ്ധേയമാണ്. വർഗീയവാദത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അത്യന്തം പ്രകോപനപരമായ പ്രസംഗങ്ങളും പ്രവൃത്തിയും നടത്തിയ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിയാണ് ഈ പാതകത്തിന്റെ ഉത്തരവാദിയെന്നാണ് കോൺഗ്രസ്സിന്റെ കുറ്റപ്പെടുത്തൽ. യാതൊരു വിവേചനവും കൂടാതെ സമഭാവനയോടെ ഭരിക്കേണ്ട ഒരു ഭരണാധികാരി ന്യൂനപക്ഷ മതവിഭാഗത്തെ ഉന്മൂലനം ചെയ്യാനുള്ള കലാപങ്ങൾക്ക് നേതൃത്വം കൊടുക്കുകയും കൂട്ടക്കുരുതികൾ സംഘടിപ്പിക്കുകയും ചെയ്യുക എന്നത് രാക്ഷസീയമാണ്. ഈ നൃശംസതകൊണ്ട് ഏതു മതത്തിന്റെയും ധർമത്തിന്റെയും യശ്ശസ്സാണ് നരേന്ദ്രമോഡി ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നത്? മനുഷ്യത്വവിരുദ്ധരായ അധമന്മാരായി ലോകം കാണുന്ന ഹിറ്റ്ലറും, മിലോസോവിച്ചും ഇത്തരം ഉന്മൂലന പരിപാടികൾക്ക് ശ്രമിച്ച് നിന്ദ്യരായിത്തീർന്നവരാണ്. അവർപോലും ഒരു മതത്തിന്റെയും ധർമ്മത്തിന്റെയും നാമം ഇതിന്റെ പേരിൽ ഉച്ചരിച്ചതായി അറിയില്ല. ഇത് ഹിന്ദുമതത്തിന്റെ പേരിലാണെങ്കിൽ യഥാർത്ഥ ഹിന്ദുമതവിശ്വാസികൾ അദ്ദേഹത്തെ വിചാരണ ചെയ്യുവാൻ സമയമായി. അല്ലാത്തപക്ഷം നെറികെട്ട ഭരണാധികാരികൾ അധികാരം നിലനിർത്താൻവേണ്ടി ചെയ്യുന്ന ഇത്തരം അധമകൃത്യങ്ങളുടെ പേരിൽ, സഹിഷ്ണുതക്കും വിശാലവീക്ഷണത്തിനും പുകൾപെറ്റ ഹിന്ദുമതം ചരിത്രത്തിനുമുന്നിൽ പ്രതിക്കൂട്ടിലാകേണ്ടിവരും. നിഷ്ക്കളങ്കരും നിരപരാധികളുമായ ഭക്തന്മാരുടെ നേരെ ഭീകരർക്ക് അഴിഞ്ഞാടാൻ ഇനിയും അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ■

**കുറിപ്പുകൾ**
**മുസാഫിർ**

# ഒരു ഈജിപ്ഷ്യൻ രാജഹത്യയുടെ ചുരുളഴിയുന്നു

മൂവായിരത്തി മുന്നൂറ് വർഷം മുമ്പ് നടന്ന ഒരു രാജഹത്യയുടെ നിഗൂഢതകൾ തേടി അപസർപ്പക കഥയിലെ നായകന്മാരെപോലെ രണ്ട് അമേരിക്കൻ ക്രിമിനോളജിസ്റ്റുകൾ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഈജിപ്തിലെ തുതങ്കമെൻ (Tutankamen) ഫറോവയുടെ 'മമ്മി'യെ ആധാരമാക്കിയാണ് അന്വേഷണം. അമേരിക്കയിലെ ഗ്രെഗ് കൂപ്പർ, മൈക്ക് കിംങ്ങ് എന്നീ കുറ്റശാസ്ത്രവിദഗ്ധരും കുറ്റാന്വേഷകരുമാണ് ഇതിന് നേതൃത്വം നൽകുന്നത്.

പ്രാചീന ലോകത്തെ സംസ്കാരങ്ങളിൽ ഏറ്റവും കൂടുതൽ രേഖകൾ ലഭ്യമായിട്ടുള്ളത് ഈജിപ്ഷ്യൻ നാഗരികതയെ കുറിച്ചാണ്. ബൈബിളിലും ഖുർആനിലും മുഖ്യമായി പ്രതിപാദിച്ച ഇസ്രായേലികളുടെ ചരിത്രഭൂമി വലിയൊരളവ് ഈജിപ്ത് ദേശമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ ഈജിപ്ഷ്യോളജി (Egyptiology) എന്നറിയപ്പെടുന്ന ഈജിപ്ത് വിജ്ഞാനീയത്തിൽ മുഖ്യമായി പ്രതിപാദിച്ച പുരാതന ചരിത്രങ്ങളിലൊന്നും തന്നെ ഇസ്രയേലി സാന്നിദ്ധ്യം കാണാൻ സാധ്യമല്ല. ഈ വേദഗ്രന്ഥങ്ങളുടെ, പ്രത്യേകിച്ച് വിശുദ്ധഖുർആന്റെ സൂക്ഷ്മ വായന ഈ ചരിത്രപ്രതിസന്ധിക്ക് ഒരു പരിഹാരമാകുമെന്ന കാര്യം തീർച്ചയാണ്. ഇവിടെ പരാമർശിക്കാനുദ്ദേശിക്കുന്ന വിഷയം അതല്ല. വിശ്വപ്രശ്സതമായ ടൈം മാഗസിനിൽ (Time, Sept. 16, 2002) വന്ന Who Killed king Tut?) എന്ന ലേഖനാണ് ഈ കുറിപ്പിന്നാധാരം

1922നാണ് 'തുത്തു' എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന തൂതങ്ക്മാൻ ഫറോവയുടെ മമ്മി കണ്ടെത്തിയത് ലോകം മുഴുവനും കൗതുകമുണർത്തിയ ഒരു കണ്ടുപിടിത്തമായിരുന്നു അത്. മമ്മിഫൈ ചെയ്ത മൃതദേഹം അടക്കം ചെയ്ത കല്ലറ നിറയെ സ്വർണവും, ആനക്കൊമ്പും, ശിൽപവേല ചെയ്ത മരപ്പണിത്തരങ്ങളുമായിരുന്നു. ലോകത്തിലെ ഏറ്റവും അത്ഭുതകരമായ മുഖാലങ്കാരം ധരിച്ച ഈ മമ്മി. അക്കാലത്ത് തന്നെ ഒരു സെൻസേഷൻ വാർത്തയായിരുന്നു.

തുത്തു ഫറോവയെ അടക്കം ചെയ്ത രീതി പണ്ഡിതന്മാരിൽ ഏറെ ജിജ്ഞാസയുളവാക്കുന്നു. സാധാരണയായി ഫറോവമാരെ അടക്കം ചെയ്യുന്ന ചേംബറിനേക്കാൾ ചെറിയ അറയിലാണ് നിറഞ്ഞ യുവാവായ പതിനെട്ടുകാരൻ തുത്തുവിനെ അടക്കം ചെയ്തത്. വളരെ ധൃതിപിടിച്ചാണ് ശവസംസ്കാര ചടങ്ങുകൾ നിർവഹിച്ചതെന്ന് വ്യക്തം. ശവസംസ്കാരം രാജകീയ മല്ലാതാക്കാൻ കരുതിക്കൂടി ശ്രമിച്ചത്പോലെ, മമ്മിഫൈ ചെയ്യാനുള്ള തൈലം ഒരു ഭാഗത്ത് അലക്ഷ്യമായി വെച്ചിരിക്കുന്നു. കല്ലറയിൽ തുത്തുവിനെ കൂടാതെ ചാപ്പിള്ളയായി ജനിച്ച രണ്ട് പെൺകുട്ടികളുടെ മമ്മി കൂടിയുണ്ടായിരുന്നു.

ഗ്രെഗ് കുപ്പറും മൈക്ക് കിങ്ങും ലണ്ടൻ ആസ്ഥാനമായ ഒരു ബ്രിട്ടീഷ് സിനിമാ നിർമാണ കമ്പനിക്കുവേണ്ടിയാണ് യുവാവായ 'തുത്തു ഫറോവ'യുടെ മരണകാരണമന്വേഷിക്കുന്നത്. തുത്തുവിന്റെ മരണത്തിലേക്ക് നയിച്ച സംഭവമെന്തെന്നറിയാൻ എല്ലാ ആധുനിക സജ്ജീകരണങ്ങളും അവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈജിപ്ഷ്യോളജിയെക്കുറിച്ചുള്ള ആധികാരിക ഗ്രന്ഥങ്ങൾ, നിരവധി ഗവേഷണ പ്രബന്ധങ്ങൾ, ഈജിപ്ത് ചരിത്രപണ്ഡിതന്മാരുമായുള്ള എണ്ണമറ്റ അഭിമുഖങ്ങൾ, തുത്തുവിന്റെ മമ്മിയുടേയും കല്ലറയുടേയും അനേകം ഫോട്ടോകൾ, മമ്മിയുടെ എക്സ്റേ ഫോട്ടോ മുതലായ നിരവധി സാമഗ്രികൾ ഇവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 1925ൽ തുത്തുവിന്റെ മമ്മിഫൈ ചെയ്ത മൃതദേഹം വെച്ച കൽമഞ്ചത്തിൽ നിന്നു മൃതദേഹമെടുത്ത് ഇഞ്ചോടിഞ്ച് പരിശോധിച്ചിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ എടുത്ത തുത്തുവിന്റെ എക്സ്റേ ഫോട്ടോ ഒറിജിനുകളാണ് ഇപ്പോൾ അത്യന്താധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ പരിശോധിക്കുന്നത്. പക്ഷേ പ്രാമാണികരായ ഈജിപ്ഷ്യൻ ചരിത്രകാരന്മാർ ഈ സംരംഭങ്ങളെ തീരെ കണക്കിലെടുത്തിട്ടില്ല. പുതിയ ഗവേഷകരെ പല പണ്ഡിതന്മാരും വളരെ പുച്ഛത്തോടെയാണ് നോക്കുന്നത്.

തുത്തുവിന്റെ എക്സ്റേ പരിശോധനയിൽ തലയോടിന്റെ പിന്നിൽ കണ്ട ക്ഷതത്തിന്റെ അടയാളമാണ് കൊലപാതക സിദ്ധാന്തത്തിലേക്ക് നയിക്കുന്ന മുഖ്യതെളിവ്. തുത്തുവിന്റെ തലയോടിന് മുൻഭാഗത്ത് കണ്ണിനുമുകളിലെ എല്ലിന്നും ഒരു നേരിയ ക്ഷതമുള്ളതായി കാണപ്പെടുന്നു. പിന്നിൽനിന്നുമുള്ള ഇടിയുടെ ആഘാതത്തിൽ തലയോട്ടിയുടെ മുന്നിലെ എല്ലുകൾക്കും ക്ഷതമേറ്റിരിക്കാമെന്ന് ഊഹിക്കുന്നു. തുത്തുവിന്റെ കഴുത്തിന്റെ ഘടന സൂചിപ്പിക്കുന്നത് അദ്ദേഹത്തിന് Klippel-feil എന്ന കഴുത്ത് ഇളക്കാൻ കഴിയാത്ത ഒരസുഖമുണ്ടായിരുന്നു എന്നാണ്. അതു

തിയതായിരിക്കാമെന്ന് കൂപ്പറും കിംങ്ങും കരുതുന്നു. ആയ്‌യുടെയും അങ്കേസമന്റെയും പേര് കൊത്തിവച്ച ഒരു മോതിരവും ഇതിലേക്ക് തെളിവായി അവർ സമർപ്പിക്കുന്നു. ചുരുക്കത്തിൽ രാജഹത്യയുടെ പ്രതിസ്ഥാനത്ത് ആയ്‌യുടെ പേര് അവർ ഉന്നയിക്കുന്നു. പക്ഷേ പ്രമാണികരായ ഈജിപ്ഷ്യൻ പണ്ഡിതന്മാരൊന്നും സിനിമാ കമ്പനിക്ക് വേണ്ടി നടത്തുന്ന ഈ കുറ്റാന്വേഷണ വിദഗ്ധരുടെ പഠന നിഗമനങ്ങൾക്ക് വലിയ വിലയൊന്നും കൽപ്പിക്കുന്നില്ല.

പഠനത്തിന് വിധേയമായ കൊട്ടാരവാസികളിലൊരാൾ തുത്തുവിന്റെ ഭാര്യ അങ്കേസമൻ ആണ്. തുത്തുവിന്റെ മരണത്തിന് ശേഷം സിംഹാസാരോഹണം ചെയ്യാൻ ഭാര്യക്ക് സാധ്യതയില്ല. എങ്കിലും തനിക്ക് ആരോഗ്യമുള്ള സന്താനങ്ങളെ നൽകാൻ കഴിയാത്തതിൽ രാജപത്നിക്ക് തുത്തുവിനോട് നീരസമുണ്ടായേക്കാം. തുത്തുവിന്റെ മൃതകുടീരത്തിൽ കണ്ട രണ്ട് ചാപിള്ളകളുടെ മമ്മി ഇതിലേക്ക് സൂചന നൽകുന്നു. പക്ഷേ കൂപ്പറും കിംങ്ങും രാജഹന്താവ് രാജപത്നിയാണെന്ന സിദ്ധാന്തം തള്ളിക്കളയുന്നു. ചാപിള്ളകളായ കുട്ടികളുടെ ഈ മമ്മിയും ശവകുടീരത്തിന് മേൽ ചിത്രണം ചെയ്ത പ്രണയമിഥുനങ്ങളുടെ ചിത്രവും സ്നേഹപൂർണമായ ദാമ്പത്യത്തിന്റെ ചിഹ്നമാണെന്ന് അവർ കരുതുന്നു.

മറ്റൊരാൾ തുത്തുവിന്റെ പിതാവിന്റെ കാലം മുതൽ പ്രധാനമന്ത്രിയായിരുന്ന ആയ് ആണ്. ഒൻപത് വയസ്സുള്ളപ്പോഴാണ് തുത്തു രാജപദം പൂകിയത്. അന്നുമുതൽ ആയ് ആയിരുന്നു. പ്രധാനമന്ത്രിയുടെ ഉപദേശകനും. മരണശേഷം അനന്തരാവകാശികൾ ചെയ്യേണ്ട കർമ്മങ്ങൾ ആയ് ചെയ്യുന്നതായാണ് ശവകുടീരത്തിനുമേൽ ചിത്രണം ചെയ്തിരിക്കുന്നത്. ആയ്ക്കെതിരെ മറ്റൊരു തെളിവ് പുരാതന തുർക്കിയിലെ ഒരു ഹിറെറ്റ് രാജാവിന് ഈജിപ്തിലെ ഒരു രാജ്ഞി എഴുതിയ ക്യൂണിഫോം ലിപിയിലുള്ള കത്താണ്. അതിൽ 'ഭർത്താവ് മരിച്ച എന്നെ ഒരു കൊട്ടാരസേവൻ വിവാഹം കഴിക്കാൻ സാധ്യതയുള്ളത് കൊണ്ട് രാജാവായ താങ്കളുടെ ഒരു പുത്രനെ എന്റെയടുക്കലേക്ക് വിവാഹം ചെയ്യാൻ അയച്ചുതരണം' എന്ന അഭ്യർത്ഥനയാണ് ഉണ്ടായിരുന്നത്. ഇത് തുത്തു ഫറോവയുടെ പത്നി അങ്കേസമൻ വിധവയായപ്പോൾ കൊട്ടാരസേവകനായ പ്രധാനമന്ത്രി ആയ് അവരെ വിവാഹം കഴിക്കുമോ എന്ന ഭീതികൊണ്ട് എഴുതിയതായിരിക്കാമെന്ന്...

കൊണ്ട് പിന്നിലേക്ക് തള്ളിവീഴ്ത്താൻ എളുപ്പമാണെന്നാണ് വിദഗ്ധാഭിപ്രായം. ഏതായാലും ഗ്രെഗ് കൂപ്പറും മൈക്ക് കിങ്ങും തുത്തുവിന്റെ മരണം ഒരു കൊലപാതകമാണെന്ന് വിശ്വസിക്കുന്നു.

രാജകൊട്ടാരവുമായി ബന്ധമുള്ള നാലുപേരെയാണ് കൊലപാതകം തെളിയിക്കാൻ പഠനവിധേയമാക്കിയത്. ധനകാര്യമന്ത്രിയായ മായ, സേനാനായകനായ ഹൊറംഹെബ്, ഭാര്യയായ അങ്കേസമൻ പ്രധാനമന്ത്രി ആയ് (AY). എന്നിവരാണവർ. ആയ് ദുരാഗ്രഹങ്ങളില്ലാത്ത ആളാണെന്നാണ് അന്വേഷകരുടെ അഭിപ്രായം. തുത്തുവിന്റെ ശവകുടീരത്തിൽ മായയുടെ പേരുള്ള ഒരു സമ്മാനമുണ്ടായിരുന്നു. ഇതിൽ നിന്ന്, മായ തുത്തുവിന്റെ വിയോഗത്തിൽ അഗാധമായി ദുഃഖിച്ചിരുന്നു എന്നുകാണാം. തുത്തുവിന്റെ ശവകുടീരം കള്ളന്മാർ കവർച്ച നടത്താൻ വേണ്ടി തുറന്നപ്പോൾ അത് വീണ്ടും പുതുക്കിപ്പണിത് ഭദ്രമാക്കി അടച്ചത് മായയാണ്. സർവ്വോപരി തുടർന്നുവന്ന ഭരണകൂടത്തിൽ മായക്ക് യാതൊരു സ്ഥാനവുമില്ലായിരുന്നു. ഈ സാഹചര്യതെളിവുകൾ മായയെ കുറ്റ വിമുക്തനാക്കുന്നു.

അടുത്തത് പ്രതിസേനാനായകനായ ഹൊറംഹെബ് ആണ് തുത്തുവുമായി വളരെയധികം സമയം ചിലവഴിച്ചയാളാണ് അദ്ദേഹം. ഹൊറംഹെബ് ആണ് നായാട്ടും, രഥയോട്ടവും തുത്തുവിനെ പഠിപ്പിച്ചത്. തുത്തുവിനെ ആസൂത്രിതമായി അപകടത്തിൽപ്പെടുത്താൻ ധാരാളം അവസരങ്ങൾ ഹൊറംഹെബിനുണ്ടായിരുന്നു. തുത്തു ഒരുപക്ഷേ ദൂരസ്ഥലത്ത് വെച്ച് മരിച്ചതുകൊണ്ട് മൃതശരീരത്തിന് ജീർണത പറ്റിയിരിക്കാം. ശവകുടീരത്തിൽ കണ്ട കൂടുതൽ ലേപന തൈലം ഇതിലേക്ക് സൂചന നൽകുന്നു. ഫറോവ ഭരണത്തിൽ സൈന്യത്തിന്റെ പിൻബലമുണ്ടായിരുന്ന ഹോറംഹെബ് ആണ് സംശയത്തിന്റെ മുന നിലനിൽക്കുന്ന ഒരു വ്യക്തി.

ഏതായാലും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ അത്യന്താധുനിക ശാസ്ത്ര നേട്ടങ്ങൾ പല നിഗൂഢതകളും ചരിത്രസമസ്യകളും ഉള്ളിലൊതുക്കിക്കഴിയുന്ന പ്രാചീന ഈജിപ്ഷ്യൻ നാഗരികതയുടെ നിഗൂഢതകൾ അനാവരണം ചെയ്യുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇത്തരം സൂക്ഷ്മ നിരീക്ഷണ പാടവത്തോടെ വിശുദ്ധഖുർആന്റെ ഓരോ പദങ്ങളും വിശകലനം ചെയ്ത് പഠിച്ചാൽ ഈജിപ്ഷ്യൻ ആർക്കിയോളജിയും ഖുർആനിൽ പറഞ്ഞ ഇസ്രയേലികളുടെ ഈജിപ്ഷ്യൻ വാസവും യോജിപ്പിക്കാൻ കഴിയും. ഗവേഷകന്മാരുടെ ശ്രദ്ധ ഖുർആനിലേക്ക് തിരിയട്ടെ എന്ന് നമുക്ക് പ്രതീക്ഷിക്കാം. ■

## ഏഡനിൽ നിന്നുള്ള തീ

നബി (സ) ഖിയാമത്തിന്റെ അടയാളങ്ങൾ വിവരിച്ച കൂട്ടത്തിൽ പറഞ്ഞു: അതിൽ അവസാനത്തേത് ഏഡന്റെ അറ്റത്ത് നിന്ന് പുറപ്പെടുന്ന ഒരു തീ ആകുന്നു. അത് ജനങ്ങളെ ശാമിലേക്ക് കൊണ്ട് പോകും (തീ അവരുടെ പിന്നിലും) അങ്ങനെ അവർ ശാമിൽ (സിറിയ) എത്തുന്നത് വരെ തീ അവരെ പിന്തുടരും (മുസ്‌ലിം)

# കേരള ലജ്നാ ഇമായില്ലാഹ് ഇജ്തിമാഅ്

**അമത്തുൽ ഹഫീസ്**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഖില കേരള അഹ്മദിയ്യാ വനിതാ സംഘടനയുടെ (ലജ്നാ ഇമായില്ല) വാർഷിക ഇജ്തിമാഅ് 2002 സപ്തംബർ 21, 22 തീയതികളിൽ ആത്മീയമായ ഒരനുഗൃഹീത അന്തരീക്ഷത്തിൽ കരുനാഗപ്പള്ളിയിൽ വെച്ചുനടന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് വന്ന വനിതാ പ്രതിനിധികൾ സന്നിഹിതരായിരുന്നു. ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ അഖിലേന്ത്യാ ലജ്നാഇമായില്ലായുടെ പ്രസിഡന്റ് ബുശ്റാ ത്വയ്യിബാ സാഹിബ, നാസിർ സാഹിബും ഇസ്ലാഹൊ ഇർശാദും ഖാദിയാനിൽ നിന്ന് ഇവിടെ എത്തിച്ചേർന്നിരുന്നു.

20ാം തീയതി രാവിലെ പത്തുമണിക്ക് ഈ വിനീതയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടനസമ്മേളനം മൗലാനാ മുഹമ്മദ് ഇനാം ഗോറി (നാസിർ ഇസ്ലാഹൊ ഇർശാദ്) ഉദ്ഘാടനം ചെയ്തു. മൗ: മുഹമ്മദ് ഉമർ സാഹിബ് (ഇൻചാർജ് മുബല്ലിഗ്) ഉപദേശ പ്രസംഗവും ജ: ബി. അബ്ദുൽ ജലീൽ സാഹിബ് (അമീർ ജമാഅത്ത് അഹ്മദിയ്യാ കരുനാഗപ്പള്ളി) മൗ. മുഹമ്മദുഫാറൂഖ് സാഹിബ് (മുബല്ലിഗ് കരുനാഗപ്പള്ളി) എന്നിവർ ആശംസാ പ്രസംഗങ്ങളും നടത്തി. പിന്നീട്, ഇസ്ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം (ബുശ്റാ ശംസ് ആലപ്പുഴ), നമസ്കാരത്തിന്റെ പ്രാധാന്യം (സഫൂറ ശഫീ അഹ്മദ് എറണാകുളം), ഖത്തമുന്നബുവ്വത്ത് (ഫായിസ. കെ അലനല്ലൂർ), മസീഹ് മൗഊദിന്റെ സത്യസാക്ഷ്യം (ജസീന പത്തപ്പിരിയം), മതവും ശാസ്ത്രവും (ജുവൈരിയ ഗൗഹർ കണ്ണൂർ സിറ്റി), എന്നിവർ പ്രസംഗങ്ങൾ നടത്തി.

വൈകുന്നേരം മൂന്നുമണിക്ക് നടന്ന നാസിറാത്തുൽ അഹ്മദിയ്യയുടെ പ്രത്യേക യോഗത്തിൽ നാസിറാത്തുൽ അഹ്മദിയ കേരള സിക്രട്ടറി ജുവൈരിയ ഗൗഹർ അധ്യക്ഷയായിരുന്നു. പ്രസിഡന്റ് ലജ്നാ ഇമായില്ല കേരള അമത്തുൽ ഹഫീസ് ഉപദേശക പ്രസംഗം നടത്തി. പിന്നീടു നമസ്കാരത്തിന്റെ പ്രാധാന്യം, വിശുദ്ധഖുർആന്റെ മഹത്വം, വിജ്ഞാനം മഹത്തായ സമ്പത്ത്, ഖിലാഫത്തിന്റെ അനുഗ്രഹം, നാസിറാത്തുൽ അഹ്മദിയ്യാ രൂപീകരണം എന്നീ വിഷയങ്ങളെക്കുറിച്ചു യഥാക്രമം സുമയ്യ ശറഫ് (ആലപ്പുഴ), സാജിദാ സി ജി (അലനല്ലൂർ), ഹിബത്തുൽ കരീം (കൊച്ചി), അമത്തുസ്സമീഅ് (കൂടാളി), ആയിശാകരിം (കോഴിക്കോട്) എന്നിവർ പ്രഭാഷണം നടത്തി.

22-ാം തീയതി രാവിലെ പത്തുമണിക്ക് ഡോക്ടർ മുബാറാക്കാ മുഹമ്മദ് സാഹിബ (പഴയങ്ങാടി)യുടെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം ബുശ്റാ ത്വയ്യിബ സാഹിബ (പ്രസിഡന്റ് ലജിനാ ഇമായില്ല ഭാരത്) ഉദ്ഘാടനം ചെയ്തു. ശ്രീമതി സുഗതകുമാരി (വനിതാകമ്മീഷൻ മുൻചെയർപേഴ്സൺ), അഡ്വക്കറ്റ് ജമീല ഇബ്റാഹിം (വനിതാ വികസന കമ്മീഷൻ മുൻ ചെയർപേഴ്സ ൺ), ശ്രീമതി വസുമതി പി ജയരാജൻ (പഞ്ചായത്ത് പ്രസിഡന്റ് കരുനാഗപ്പള്ളി) എന്നീ വിശിഷ്ടാതിഥികൾ പ്രസംഗിച്ചു. ഇജ്തിമാ കമ്മിറ്റിയുടെ ചെയർപേഴ്സനും ലജിനാ ഇമായില്ലാ മേഖലാ സെക്രട്ടറിയുമായ സാജിദാ ശരീഫിന്റെ നന്ദിപ്രകടനത്തോടും ഡദർ സാഹിബയുടെ കൂട്ട പ്രാർത്ഥനയോടും കൂടി ഈ ആ ത്മീയ സംഗമം സവിജയം പര്യവസാനിച്ചു. —■

# കണ്ണൂരിൽ അൽഖുർആൻ എക്സിബിഷൻ

കണ്ണൂർ മേഖലാ അഹ്മദിയാ ജമാഅത്തുകളുടെ ആഭിമുഖ്യത്തിൽ സപ്തംബർ 24 മുതൽ ഒക്ടോബർ ഒന്നുവരെ കണ്ണൂർ ടൗൺഹാളിൽ നടന്ന അൽഖുർആൻ എക്സിബിഷൻ വിജയകരമായി സമാപിച്ചു. വിശുദ്ധഖുർആന്റെ ശക്തിയും സൗന്ദര്യവും പ്രകടമാക്കുന്ന ഈ നൂതന പ്രദർശനം സത്യാന്വേഷികളായ ആയിരക്കണക്കിനാളുകളെ ആകർഷിക്കുകയുണ്ടായി.

ജ: എ പി കുഞ്ഞാമു സാഹിബ് (അമീർ ജമാഅത്ത് അഹ്മദിയ്യാ കേരള)ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മൗലാനാ മുഹമ്മദ് ഇനാം ഗോറി (നാസിർ ഇസ്ലാഹൊ ഇർശാദ്, ഖാദിയാൻ) എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ചും മനുഷ്യോൽപ്പത്തിയെക്കുറിച്ചും ഈ കാലത്തു നടത്തപ്പെട്ട ഗവേഷണങ്ങൾ 1400 വർഷങ്ങൾക്ക് മുമ്പ് അവതരിച്ച വിശുദ്ധ ഖുർആൻ സത്യപ്പെടുത്തുന്നുവെന്ന് അധ്യക്ഷൻ വിശദീകരിച്ചു. മൗലാനാ ഗോറി സാഹിബ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ആഗോളാടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്ത് വിശുദ്ധഖുർആനുവേണ്ടി ചെയ്യുന്ന മഹത്തായ സേവനങ്ങളെ വിശദീകരിച്ചു സംസാരിച്ചു.

സമ്മേളനത്തിൽ പ്രത്യേക പ്രഭാഷണം നടത്തിയ മൗ. മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ. ചീഫ് മുബല്ലിഗ്, കേരള) വിവിധ ഗ്രന്ഥങ്ങളിൽ നിന്നും ഏകദൈവ വിശ്വാസവത്തെക്കുറിച്ചുള്ള അദ്ധ്യാപനങ്ങൾ ഉദ്ധരിച്ചുകൊണ്ട് തൗഹീദ് എന്ന കേന്ദ്രബിന്ദുവിൽ ലോകമതങ്ങളും സമുദായങ്ങളും ഒന്നായിച്ചേരുവാനുള്ള വിശുദ്ധഖുർആന്റെ ആഹ്വാനത്തെക്കുറിച്ച് വിശദീകരിച്ചു.

ജ: അബ്ദുൽ അഹ്മദ് സാഹിബിന്റെ സ്വാഗതവും മൗലവി സഫർ അഹ്മദ് സാഹിബ് നന്ദിയും പ്രകടിപ്പിച്ചു.

തുടർന്നുള്ള ഓരോ ദിവസവും വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ജമാഅത്തിലെ പണ്ഡിതന്മാർ പ്രഭാഷണങ്ങൾ നടത്തി. മൗലവി കെ മഹ്മൂദ് അഹ്മദ് ജ: എം. അബ്ദുറഹ്മാൻ സാഹിബ്, ജ: കെ വി ഈസ കോയ സാഹിബ്, മൗലവി, മുഹമ്മദ് ഇസ്മായിൽ സാഹിബ്, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, എ.എം. മുഹമ്മദ് സലിം സാഹിബ്, മൗലവി നാസിർ അഹ്മദു സാഹിബ് എന്നിവർ പ്രസംഗിച്ചു.

എക്സിബിഷന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ പ്രവർത്തകർക്കും സൂബായി അമീർ ഏ.പി. കുഞ്ഞാമു സാഹിബ് നന്ദി അറിയിക്കുകയും അവർക്ക് വേണ്ടി ദുആ ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. *എം.യു.*